സീറോമലബാർ
സമുദായശക്തീകരണവർഷം
2026

VEDAPRACHARA
MADHYASTHAN

വാല്യം 98
ലക്കം 08
2026 ഫെബ്രുവരി

വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY

2026 ഫെബ്രുവരി

ജന്മദിനാശംസകൾ

ഫെബ്രുവരി 2

മാർ തോമസ് തറയിൽ

ജന്മദിനമാഘോഷിക്കുന്ന അഭിവന്ദ്യ പിതാക്കന്മാർക്ക് അതിരൂപതാകുടുംബത്തിന്റെ ആശംസകൾ

ഫെബ്രുവരി 4

മാർ ജോർജ് കോച്ചേരി

'നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ'
(ഉൽപത്തി 41:55)

വേദപ്രചാര
മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 98 ● ലക്കം 08 ● ഫെബ്രുവരി 2026

ഉള്ളടക്കം

ലോക രോഗീദിനസന്ദേശം - മാർപാപ്പാ.....05
ഇടയലേഖനം (26 CH. TPL 05). 14
സർക്കുലർ: (26 Ch. TCL 18) 19
സർക്കുലർ: (26 Ch. TCL 19) 20
സർക്കുലർ: (26 Ch. TCL 17) 22
ഡിക്രി 26
കെ.സി.ബി.സി. സർക്കുലർ - തിരുബാലസഖ്യദിനം.....31
കച്ചേരിക്കാര്യം.....35
പബ്ലിക് റിലേഷൻസ്- ജാഗ്രതാസമിതി..... 41
സന്ദേശനിലയം.....42
ചെറുപുഷ്പ മിഷൻ ലീഗ് 46
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ 49
ഫാമിലി അപ്പോസ്തലേറ്റ്.....55
യുവദീപ്തി- എസ്.എം.വൈ.എം. 58
എൽഡേഴ്സ് ഫ്രറ്റേണിറ്റി.....60
കാനാ..... 61
ചാസ്സ്.....63
ചാസ്സ്- ഖാദി 67
ജീവകാരുണ്യനിധി ട്രസ്റ്റ്.....68
ആതുരശുശ്രൂഷാമേഖല.....69
പ്രവാസി അപ്പോസ്തലേറ്റ് 74
കത്തോലിക്കാ കോൺഗ്രസ്.....75
കേരള ലേബർ മൂവുമെന്റ് 78
ആത്മതാകേന്ദ്രം 79
ദളിത് കത്തോലിക്കാ മഹാജനസഭ..... 81
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ 82
വിൻസെൻഷ്യൻ വേദി.....83
കരിസ്മാറ്റിക് നവീകരണം.....85
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി 87
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് 96

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം

Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com

ANNUAL SUBSCRIPTION: ₹ 300/-

Ref: 4181/K-35/KCBC/DS 24 January 2026

മുപ്പത്തിനാലാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ നല്കുന്ന സന്ദേശം

(ഫെബ്രുവരി 11, 2026)

"സമരിയാക്കാരന്റെ അനുകമ്പ: അപരന്റെ വേദന വഹിച്ചുകൊണ്ടു സ്നേഹിക്കുന്നത്"

പ്രിയ സഹോദരീസഹോദരന്മാരേ,

മുപ്പത്തിനാലാമത് ലോക രോഗീദിനം പെറുവിലെ ഷിക്ലായോയിൽ 2026 ഫെബ്രുവരി പതിനൊന്നാം തീയതി സാഘോഷം കൊണ്ടാടപ്പെടും. ഈ അവസരത്തിൽ, നല്ല സമരിയാക്കാരന്റെ ചിത്രം വീണ്ടും വിചിന്തന വിഷയമാക്കാൻ ഞാൻ താത്പര്യപ്പെടുന്നു; കാരണം, അത് എപ്പോഴും പ്രസക്തവും ഉപവിയുടെ സൗന്ദര്യം വീണ്ടും കണ്ടെത്തുന്നതിനും അനുകമ്പയുടെ സാമൂഹികതലം തിരിച്ചറിയുന്നതിനും സർവപ്രധാനമായി നിലകൊള്ളുന്നു. കൂടാതെ, ഈ വിചിന്തനം ആവശ്യങ്ങളിൽ ഇരിക്കുന്നവരിലേക്കും സഹിക്കുന്നവരിലേക്കും, ഏറെ പ്രത്യേകിച്ച് രോഗികളിലേക്ക്, നമ്മുടെ നേത്രങ്ങൾ തിരിക്കുന്നു.

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ ഏറെ ഹൃദയ സ്പർശിയായ ആ വിവരണം നമുക്ക് സുപരിചിതമാണ് (ലൂക്കാ 10:25–37 കാണുക). ഈ കഥ പറഞ്ഞുകൊണ്ട് നിയമവിദഗ്ധനായിരുന്ന ഒരാളോടു ഈശോ പ്രത്യുത്തരിക്കുന്നു; താൻ സ്നേഹിക്കേണ്ട അയൽക്കാരൻ ആരാണെന്നാണ് അയാളുടെ ചോദ്യം: ജറുസലേമിൽനിന്ന് ജറിക്കോയിലേക്ക് യാത്രചെയ്ത ഒരാളെ തസ്കരന്മാർ ആക്രമിക്കുകയും അർധപ്രാണനായി വഴിയരികിൽ തള്ളുകയും ചെയ്യുന്നു. ഒരു പുരോഹിതനും ലേവായനും അതുവഴി കടന്നുപോയി; എന്നാൽ പിന്നാലെ വന്ന സമരിയാക്കാരനു മാത്രം അവനോട് അനുകമ്പ തോന്നുകയും അവന്റെ

മുറിവുകൾ വച്ചുകെട്ടുകയും അവനെ ഒരു സത്രത്തിൽ കൊണ്ടാക്കുകയും അവനെ പരിചരിക്കാൻ വേണ്ടത് നല്കുകയും ചെയ്യുന്നു. എന്റെ പ്രിയപ്പെട്ട മുൻഗാമിയായ ഫ്രാൻസിസ് പാപ്പാ എഴുതിയ 'എല്ലാവരും സഹോദരർ' *(Fratelli Tutti)* എന്ന ചാക്രികലേഖനത്തിന്റെ സ്ഫടികത്തിലൂടെ ഈ വചനഭാഗം ചിന്താവിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ, ആവശ്യങ്ങളിൽ ഇരിക്കുന്നവരോടു കാണിക്കുന്ന അനുകമ്പയും കാരുണ്യവും കേവലം ഒരു വ്യക്തിപരമായ പ്രവൃത്തിയായല്ല കാണുന്നത്, മറിച്ച് അത് ബന്ധങ്ങളിലൂടെയാണ് സാക്ഷാത്കരിക്കപ്പെടുന്നത്: ആവശ്യങ്ങളിൽ ഇരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം, അവരെ പരിചരിക്കുന്നവരോടൊപ്പം, തന്റെ സ്നേഹം നമുക്കു നല്കുന്ന ദൈവത്തോടൊപ്പം.

1. കണ്ടുമുട്ടലിന്റെ ദാനം: സാമീപ്യവും സാന്നിധ്യവും നല്കുന്നതിലുള്ള ആനന്ദം

ധ്രുതിയുടെതായ ഒരു സംസ്കാരത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്; അതായത്, പെട്ടെന്നും തിടുക്കത്തിലും; ഇതൊരു 'ഉപേക്ഷിച്ചുകളയലിന്റെയും' (discard) നിസ്സംഗതയുടെയും സംസ്കാരമാണ്. വഴിയരികിൽനിന്നുകൊണ്ട് അല്പസമയം ചെലവഴിക്കാൻ അത് നമ്മെ അനുവദിക്കുന്നില്ല; നമ്മുടെ ചുറ്റുമുള്ള ആവശ്യങ്ങൾ കണ്ടെത്താനും സഹനത്തിന്റെ അടുത്തുചെന്ന് അത് തിരിച്ചറിയാനും നമ്മെ അത് അനുവദിക്കുന്നില്ല. ഈ ഉപമയിൽ, പരിക്കേറ്റ ആളെ കണ്ടപ്പോൾ ആ സമരിയാക്കാരൻ 'കടന്നുപോയില്ല.' പകരം, അവൻ അയാളെ ശ്രദ്ധയുള്ള, തുറന്ന നേത്രങ്ങളിലൂടെ നോക്കി; അത് ഈശോയുടെതന്നെ നോട്ടത്തിന്റെ ശൈലിയാണ്; ആ നോട്ടം മാനുഷികവും അനുകമ്പാർദ്രവുമായ സാമീപ്യത്തോടെ പ്രവർത്തിക്കാൻ അയാളെ പ്രേരിപ്പിച്ചു. സമരിയാക്കാരൻ 'നില്ക്കുകയും ആ മനുഷ്യന്റെ അടുത്തുചെല്ലുകയും വ്യക്തിപരമായി ശുശ്രൂഷിക്കുകയും ചെയ്തു. അയാളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സ്വന്തം പണം ചെലവഴിക്കുകപോലും ചെയ്തു ... എല്ലാറ്റിനും ഉപരി അയാൾ സ്വന്തം സമയം ആ മനുഷ്യനുവേണ്ടി കൊടുത്തു'(1). നമ്മുടെ അയൽക്കാരൻ ആരാണെന്ന് ഈശോ നമ്മെ പഠിപ്പിക്കുന്നില്ല, മറിച്ച് എങ്ങനെ നമുക്ക് അയൽക്കാരനാകാൻ സാധിക്കുമെന്ന്; മറ്റു വാക്കുകളിൽ, എപ്രകാരം നമുക്ക് മറ്റുള്ളവരുടെ അടുക്കലേക്കു കടന്നുചെല്ലാൻ സാധിക്കും എന്ന് (2). ഇക്കാര്യത്തിൽ, വിശുദ്ധ അഗസ്റ്റീനോസിനോ

ടൊപ്പം നമുക്ക് പറയാനാകും: ആ മനുഷ്യന്റെ അയൽക്കാരൻ ആരാണെന്ന് നമ്മെ കാണിക്കുക എന്നതായിരുന്നില്ല കർത്താവിന്റെ ലക്ഷ്യം; മറിച്ച്, അയാൾ ആർക്ക് അയൽക്കാരനായിത്തീരണം എന്നതായിരുന്നു. യഥാർഥത്തിൽ, അപരന്റെ പക്കലേക്ക് ഒരാൾ സ്വതന്ത്രമായി അടുത്തു ചെല്ലുന്നതുവരെ അയാൾക്ക് ഒരു ശരിയായ അയൽക്കാരനാകാൻ സാധിക്കുകയില്ല. അങ്ങനെ അയൽക്കാരനായിത്തീർന്നത് കരുണ കാണിച്ചവൻ ആയിരുന്നു (3).

സ്നേഹം നിഷ്ക്രിയമായ ഒന്നല്ല; അത് അപരനെ കണ്ടുമുട്ടാനായി ഇറങ്ങിത്തിരിക്കുന്നു. അയൽക്കാരൻ ആയിരിക്കുക എന്നത് ശാരീരികമായോ സാമൂഹ്യമായോ അടുത്തിരിക്കുന്നതുവഴി നിർണയിക്കപ്പെടുന്നതല്ല; മറിച്ച്, അത് സ്നേഹിക്കാനുള്ള തീരുമാനത്തിൽ നിന്നാണ് വരുന്നത്. അതിനാലാണ് ക്രിസ്ത്യാനികൾ സഹനത്തിൽ ആയിരിക്കുന്നവരുടെ അയൽക്കാരായി ഭവിക്കുന്നത്; അത് മ്ശിഹായുടെതന്നെ മാതൃക പിന്തുടർന്നുകൊണ്ടാണ്; അവിടന്നാണ് യഥാർഥ ദിവ്യ സമരിയാക്കാരൻ; അവിടന്ന് മുറിവേറ്റ മനുഷ്യരാശിയുടെ സമീപത്തേക്കുവന്നു. ഇവ വെറും മനുഷ്യസ്നേഹത്തിന്റെ (philanthropy) പ്രവൃത്തികളല്ല; മറിച്ച്, അപരന്റെ സഹനത്തിൽ വ്യക്തിപരമായി പങ്കുചേരുന്നതിൽ സ്വയദാനം ഉൾപ്പെടുന്നു എന്നു നാം തിരിച്ചറിയുന്ന അടയാളങ്ങളാണ്. ഇത് കേവലം ആവശ്യങ്ങൾ നിറവേറ്റുക എന്നതിന് ഉപരിയായി പോകുന്നതാണ്; അങ്ങനെ നമ്മുടെ വ്യക്തിത്വംതന്നെ ദാനത്തിന്റെ ഭാഗമായി മാറുന്നു (4). ഈ തരത്തിലുള്ള ഉപവി നിശ്ചയമായും മ്ശിഹായുമായുള്ള കണ്ടുമുട്ടലിനാൽ പരിപോഷിപ്പിക്കപ്പെടുന്നതാണ്; അവിടന്ന് നമുക്കുവേണ്ടി സ്നേഹത്താൽ തന്നെത്തന്നെ നൽകിയല്ലോ! കുഷ്ഠരോഗികളുമായുള്ള തന്റെ കണ്ടുമുട്ടലിനെക്കുറിച്ചു പറഞ്ഞപ്പോൾ വിശുദ്ധ ഫ്രാൻസിസ് അസ്സീസി ഇക്കാര്യം സുന്ദരമായി അവതരിപ്പിക്കുകയുണ്ടായി: 'കർത്താവുതന്നെ എന്നെ അവരുടെ ഇടയിലൂടെ നയിച്ചു' (5); എന്തെന്നാൽ, അവരിലൂടെ അവിടന്ന് സ്നേഹിക്കുന്നതിന്റെ മധുരതരമായ ആനന്ദം കണ്ടെത്തിയിരുന്നു.

ഈശോമ്ശിഹായുമായുള്ള ഐക്യത്തിൽനിന്നാണ് കണ്ടുമുട്ടലിന്റെ ദാനം പുറപ്പെടുന്നത്. നമുക്ക് നിത്യരക്ഷ പകർന്നുതന്ന നല്ല സമരിയാക്കാരനായി നാം അവിടത്തെ തിരിച്ചറിയുന്നു. മുറിവേറ്റ ഒരു സഹോദരന്റെയോ സഹോദരിയുടെയോ അടുക്കലേക്കു നാം കടന്നുചെല്ലുമ്പോൾ

നാം അവിടത്തെ സന്നിഹിതനാക്കുന്നു. വിശുദ്ധ അംബ്രോസ് പറഞ്ഞു: 'നമ്മുടെ മുറിവുകൾ സുഖപ്പെടുത്തിയ അവിടന്നല്ലാതെ മറ്റാരും നമ്മുടെ യഥാർഥ അയൽക്കാരൻ അല്ലാതിരിക്കേ, നമുക്ക് അവിടത്തെ കർത്താവും അയൽക്കാരനും ആയി സ്നേഹിക്കാം; കാരണം, ശിരസ്സല്ലാതെ മറ്റൊന്നും അതിന്റെ അംഗങ്ങൾക്ക് ഏറ്റവും സമീപസ്ഥമായി ഉണ്ടാകില്ല. മ്ശിഹായെ അനുകരിക്കുന്നവരെയും നമുക്ക് സ്നേഹിക്കാം; മറ്റുള്ളവരുടെ ദാരിദ്ര്യത്തെപ്രതി സഹിക്കുന്നവരെയും നമുക്ക് സ്നേഹിക്കാം; അത് ശരീരത്തിന്റെ ഐക്യത്തിനുവേണ്ടി ആയിരിക്കട്ടെ'(6). സാമീപ്യത്തിലൂടെയും സാന്നിധ്യത്തിലൂടെയും സ്വീകരിക്കപ്പെടുകയും പങ്കുവെക്കപ്പെടുകയും ചെയ്യുന്ന സ്നേഹത്തിലൂടെയും 'ഒന്നായിരിക്കുന്നവനിൽ ഒന്നായിരിക്കുക' (To be one in the One) എന്നത് ആനന്ദിക്കുക എന്നതത്രേ; വിശുദ്ധ ഫ്രാൻസിസിനെപ്പോലെ, കർത്താവിനെ കണ്ടുമുട്ടിയതിന്റെ മധുരിമയിൽ."

2. രോഗീപരിചരണത്തിലുള്ള കൂട്ടായ പ്രേഷിതദൗത്യം

സമരിയാക്കാരന് 'അവനെ കണ്ടപ്പോൾ അനുകമ്പ തോന്നി' എന്നു വിശുദ്ധ ലൂക്കാ എഴുതുന്നു. ഈ അർഥത്തിൽ 'അനുകമ്പ' എന്നത് നമ്മെ പ്രവൃത്തിയിലേക്കു നിർബന്ധിക്കുന്ന ആഴമാർന്ന ഒരു വികാരമാണ്. അത് ഉള്ളിൽനിന്ന് ഉതിരുന്ന ഒരു വികാരമത്രേ; അത് അപരന്റെ സഹനത്തോടു പ്രതിജ്ഞാബദ്ധമായി പ്രതികരിക്കാനായി നമ്മെ പ്രേരിപ്പിക്കുന്നു. ഈ ഉപമയിൽ സജീവ സ്നേഹത്തെ നിർണയിക്കുന്ന സവിശേഷതയാണ് അനുകമ്പ; അത് സൈദ്ധാന്തികമോ കേവലം വികാരപരമോ ആയ ഒന്നല്ല; മറിച്ച്, അത് മൂർത്തമായ പ്രവൃത്തികളിലൂടെ പ്രകാശിതമാകുന്ന ഒന്നാണ്. ആ സമരിയാക്കാരൻ അവന്റെ അടുത്തുചെന്നു, മുറിവുകൾ വച്ചുകെട്ടി, ഉത്തരവാദിത്വം ഏറ്റെടുത്തു, പരിചരണത്തിനുള്ള വക നല്കി. ശ്രദ്ധേയമാംവിധം, അയാൾ ഒറ്റയ്ക്കല്ല പ്രവർത്തിക്കുന്നത്: 'ആ മനുഷ്യനെ ശുശ്രൂഷിക്കാൻ കഴിയുന്ന ഒരു സത്രക്കാരനെ സമരിയാക്കാരൻ കണ്ടെത്തി; നമ്മളും ഒരു കുടുംബമായി ഒന്നിച്ചുചേരാൻ വിളിക്കപ്പെട്ടിരിക്കുന്നു; കാരണം, ചെറിയ വ്യക്തിഗത അംഗങ്ങളുടെ പ്രയത്നങ്ങളേക്കാൾ ഒരുമിച്ചുള്ള പ്രവർത്തനം കൂടുതൽ ശക്തമാണ്' (7). പെറുവിൽ പ്രേഷിതനും മെത്രാനും ആയിരുന്ന നിലയ്ക്ക് എന്റെ അനുഭവത്തിൽനിന്ന്, സമരിയാക്കാരന്റെയും സത്രം സൂക്ഷിപ്പുകാരന്റെയും ചൈതന്യത്തിൽ പ്രവർത്തിച്ചിട്ടുള്ള ഒട്ടനവധിപേർ കരുണയും

അനുകമ്പയും കാണിച്ചതിന് എനിക്ക് സാക്ഷ്യം വഹിക്കാനാകും. കുടുംബാംഗങ്ങൾ, അയൽക്കാർ, രോഗീപരിചരണത്തിലെ അജപാലക ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, അതുപോലെതന്നെ മറ്റ് അനവധി പേർ വഴിമധ്യേ നിന്നുകൊണ്ട് ആവശ്യങ്ങളിൽ ഇരിക്കുന്നവരുടെ സമീപത്ത് എത്താനും സുഖപ്പെടുത്താനും പിന്തുണയ്ക്കാനും അനുഗമനം ചെയ്യാനും തയ്യാറാകുന്നു. തങ്ങൾക്കുള്ളത് നല്കിക്കൊണ്ട് അനുകമ്പയ്ക്ക് അവർ ഒരു സാമൂഹ്യമാനം നല്കുന്നു. ഇക്കാരണത്താൽ, 'ഞാൻ നിന്നെ സ്നേഹിച്ചു' (Dilexi Te) എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ രോഗീപരിചരണം സഭയുടെ പ്രേഷിതദൗത്യത്തിന്റെ 'പ്രധാനപ്പെട്ട ഭാഗം' മാത്രമല്ല അത് ആധികാരികമായ 'സഭാത്മക പ്രവൃത്തി' (ecclesial action) ആണെന്നു ഞാൻ പറയുകയുണ്ടായി (J. 49). ഒരു സമൂഹത്തിന്റെ ആരോഗ്യത്തിന്റെ അളവുകോലായി ഈ മാനം മാറിയിരിക്കുന്നു എന്നു സമർഥിക്കാൻ ഞാൻ വിശുദ്ധ സിപ്രിയനെ ഉദ്ധരിക്കുകയുണ്ടായി: 'അതി ഭയാനകവും മാരകവുമായ ഈ പകർച്ചവ്യാധിയും മഹാമാരിയും ഓരോരുത്തരുടെയും നീതിയെക്കുറിച്ച് അന്വേഷിക്കുകയും മനുഷ്യരാശിയുടെ മനസ്സ് പരിശോധിക്കുകയും ചെയ്യുന്നു; അതായത്, ആരോഗ്യമുള്ളവർ രോഗികളെ പരിചരിക്കുന്നോ എന്നും ബന്ധുക്കൾ ആത്മാർഥമായി പരസ്പരം സ്നേഹിക്കുന്നോ എന്നും യജമാനൻമാർക്ക് തങ്ങളുടെ രോഗികളായ ഭൃത്യരോട് അനുകമ്പ ഉണ്ടോ എന്നും സഹായത്തിനായി കേഴുന്ന രോഗികളെ ഭിഷഗ്വരർ ഉപേക്ഷിക്കുന്നോ എന്നും അറിയാനുള്ള അവസരം'(8).

'ഒന്നായിരിക്കുന്നവനിൽ ഒന്നായിരിക്കുക' എന്നു പറയുന്നതിന്റെ അർഥം നമ്മൾ ഏകശരീരത്തിലെ അംഗങ്ങൾ എന്ന നിലയ്ക്ക്, ഓരോരുത്തരും അവരവരുടെ വിളിയനുസരിച്ച്, കർത്താവിന്റെ അനുകമ്പ സഹനത്തിൽ ആയിരിക്കുന്ന എല്ലാ ആളുകൾക്കും നല്കുന്നു എന്നത് തിരിച്ചറിയുന്നതാണ് (9). മാത്രമല്ല, നമ്മെ അനുകമ്പയിലേക്കു നയിക്കുന്ന വേദന ഒരു അപരിചിതന്റെ വേദനയല്ല; നമ്മുടെതന്നെ ശരീരത്തിലെ ഒരു അവയവത്തിന്റെ വേദനയാണത്; എല്ലാവരുടെയും നന്മയ്ക്കായി അതിനെ പരിചരിക്കാൻ നമ്മുടെ ശിരസായ മ്ശിഹാ നമ്മോട് ആഹ്വാനം ചെയ്യുന്നു. ഈ അർഥത്തിൽ, നമ്മുടെ ശുശ്രൂഷ മ്ശിഹായുടെതന്നെ സഹനത്തോടു താദാത്മ്യം പ്രാപിക്കുന്നതായി മാറുന്നു; അത് ക്രൈസ്തവ ചൈതന്യത്തിൽ അർപ്പിക്കപ്പെടുമ്പോൾ എല്ലാവരുടെയും

ഐക്യത്തിനായി പ്രാർഥിച്ച രക്ഷകന്റെ പ്രാർഥനയുടെ സാക്ഷാത്കാരം ത്വരിതപ്പെടുത്തുന്നു (10).

3. നമ്മെത്തന്നെയും നമ്മുടെ അയൽക്കാരനെയും കണ്ടുമുട്ടാൻ ദൈവത്തോടുള്ള സ്നേഹത്താൽ എപ്പോഴും പ്രേരിതമായി

'നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കണം; നിന്റെ അയല്ക്കാരനെ നിന്നെപ്പോലെയും' (ലൂക്കാ 10:27) എന്ന ദ്വിവിധ കലപ്നയിൽ നാം ദൈവത്തോടുള്ള സ്നേഹത്തിന്റെ പ്രാമുഖ്യവും അതിന്റെ നേരിട്ടുള്ള അനന്തരഫലങ്ങളായ മനുഷ്യസ്നേഹത്തിന്റെയും ബന്ധത്തിന്റെയും ഓരോ തലവും മനസ്സിലാക്കുന്നു. യോഹന്നാൻ ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നതുപോലെ അയൽക്കാരനോടുള്ള സ്നേഹമാണ് ദൈവത്തോടുള്ള നമ്മുടെ യഥാർഥ സ്നേഹത്തിന്റെ വ്യക്തമായ തെളിവ്, 'ദൈവത്തെ ഒരുവനും ഒരിക്കലും കണ്ടിട്ടില്ല; എന്നാൽ, നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടത്തെ സ്നേഹം നമ്മിൽ പരിപൂർണമാകുകയും ചെയ്യും... ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു' (1 യോഹ 4:12,16) (11). ദൈവം, അയൽക്കാരൻ, താൻതന്നെ എന്നവിധം ഈ സ്നേഹത്തിന്റെ വിഷയം വ്യത്യസ്തമാണെങ്കിലും, അവ സ്നേഹത്തിന്റെ വ്യതിരിക്തമായ പ്രകാശനങ്ങളായി മനസ്സിലാക്കപ്പെടാമെങ്കിലും, അടിസ്ഥാനപരമായി അവ വേർതിരിക്കാൻ പറ്റാത്ത രീതിയിലാണ് ആയിരിക്കുന്നത് (12). ദൈവത്തോടുള്ള സ്നേഹത്തിനാണ് പ്രാമുഖ്യം എന്നു പറഞ്ഞാൽ അതിന്റെ അർഥം മനുഷ്യന്റെ പ്രവൃത്തി സ്വന്തം താത്പര്യത്തിനോ പ്രതിഫലത്തിനോവേണ്ടി ചെയ്യപ്പെടുന്നതല്ല; മറിച്ച്, ആചാരവിധികൾക്കും ഉപരിയായി നില്ക്കുന്ന സ്നേഹത്തിന്റെ പ്രകാശനമായി നടത്തപ്പെടുന്നതും ആധികാരികമായ ആരാധനയിൽ പ്രകടമാക്കപ്പെടുന്നതും എന്നാണത്രേ. ഒരുവന്റെ അയൽക്കാരനെ ശുശ്രൂഷിക്കുക എന്ന് പറയുന്നത് ദൈവത്തെ പ്രവൃത്തികളിലൂടെ സ്നേഹിക്കുക എന്നത്രേ (13).

ഈ കാഴ്ചപ്പാട് സ്വയം സ്നേഹിക്കുക എന്നതിന്റെ ശരിയായ അർഥം മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. അതിന്റെ അർഥം നമ്മുടെ ആത്മാഭിമാനവും മാഹാത്മ്യത്തെക്കുറിച്ചുള്ള സ്വയാവബോധവും സാധാരണയുള്ള ലോകത്തിന്റേതായ സ്ഥിരരൂപങ്ങളിൽ

(stereotypes) അടിസ്ഥാനപ്പെടുത്താതിരിക്കുക എന്നതത്രേ; അതായത്, വിജയം, തൊഴിലിലെ സ്ഥാനക്കയററം (career), ജീവിതനിലവാരം (status), കുടുംബപാരമ്പര്യം എന്നിവയാൽ നമ്മെ വിലമതിക്കാതിരിക്കുക; മറിച്ച്, ദൈവത്തിന്റെയും അയൽക്കാരന്റെയും മുമ്പിൽ നമ്മുടെ ശരിയായ സ്ഥാനം നേടിയെടുക്കുക എന്നതാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പാ ഇപ്രകാരം നിരീക്ഷിച്ചു: 'മനുഷ്യൻ എന്ന സൃഷ്ടി ഒരു ആധ്യാത്മിക ജീവിയെന്ന നിലയിൽ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളിലൂടെ നിർവചിക്കപ്പെടുന്നു. ഒരു വ്യക്തി എത്ര കൂടുതൽ ആത്മാർഥമായി ഈ ബന്ധങ്ങളിൽ ജീവിക്കുന്നുവോ അത്ര കൂടുതലായി അയാളുടെ വൈയക്തിക തനിമ പക്വത പ്രാപിക്കുന്നു. മനുഷ്യൻ അവന്റെ വില സ്ഥാപിക്കുന്നത് ഒറ്റപ്പെടൽ വഴിയല്ല, പിന്നെയോ മറ്റു മനുഷ്യരോടും ദൈവത്തോടുമുള്ള ബന്ധത്തിൽ സ്വയം പ്രതിഷ്ഠിക്കുന്നതുവഴിയാണ്' (15).

പ്രിയ സഹോദരീസഹോദരന്മാരേ, 'മനുഷ്യരാശിയുടെ മുറിവുകൾക്കുള്ള ശരിയായ പരിഹാരം സഹോദരസ്നേഹത്തിലൂന്നിയ ഒരു ജീവിതശൈലിയാണ്; അതിന്റെ വേരുകൾ ദൈവസ്നേഹത്തിലാണ്' (16). നമ്മുടെ ക്രൈസ്തവ ജീവിതശൈലി എപ്പോഴും ഈ സാഹോദര്യത്തിന്റെ 'സമറായ' ചൈതന്യം (Samaritan spirit) പ്രതിഫലിപ്പിക്കുമെന്നു ഞാൻ ആത്മാർഥമായി പ്രത്യാശിക്കുന്നു – അതായത്, സ്വാഗതം ചെയ്യുന്ന, ധൈര്യം അവലംബിക്കുന്ന, പ്രതിജ്ഞാബദ്ധമാകുന്ന, പിന്തുണയ്ക്കുന്ന, ദൈവവുമായുള്ള ഐക്യത്തിലും ഈശോമ്ശിഹായിലുള്ള നമ്മുടെ വിശ്വാസത്തിലും വേരുന്നിയ തരത്തിലുള്ള ചൈതന്യം. ഈ ദിവ്യസ്നേഹത്താൽ പ്രോജ്വലിക്കപ്പെട്ട് സഹനത്തിൽ ആയിരിക്കുന്ന എല്ലാവരുടെയും നന്മയ്ക്കുവേണ്ടി, ഏറെ പ്രത്യേകിച്ച് രോഗികളും വൃദ്ധരും പീഡിതരുമായ സഹോദരീ സഹോദരന്മാർക്കുവേണ്ടി, നിശ്ചയമായും നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാനാകും.

രോഗികളുടെ ആരോഗ്യമായ കന്യകമറിയത്തിലേക്കു നമ്മുടെ പ്രാർഥനകൾ ഉയർത്താം. സഹനത്തിലായിരിക്കുകയും അനുകമ്പയും ആശ്വാസവും ആവശ്യമായുള്ളവരെയും ശ്രവിക്കാൻ തയ്യാറാകേണ്ടവരെയും സഹായിക്കണമേ എന്നു നമുക്ക് അവളോട് അപേക്ഷിക്കാം. രോഗവും വേദനയുമായി കഴിയുന്നവർക്കുവേണ്ടി കുടുംബങ്ങളിൽ പ്രാർഥിച്ചു വരുന്ന ഈ പുരാതന പ്രാർഥനയിലൂടെ നമുക്ക് അവളുടെ മാധ്യസ്ഥ്യം തേടാം:

മാധുര്യമുള്ള മാതാവേ, എന്നിൽനിന്ന് അകലരുതേ.
നിന്റെ കടാക്ഷം എന്നിൽനിന്നു തിരിക്കരുതേ.
ഓരോ നിമിഷത്തിലും എന്നോടൊപ്പം നടന്നാലും,
എന്നെ ഒരിക്കലും ഒറ്റയ്ക്ക് വിടരുതേ.
യഥാർഥ അമ്മ എന്ന നിലയിൽ
എന്നെ എപ്പോഴും സംരക്ഷിക്കുന്ന നീ
പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും
അനുഗ്രഹം എനിക്കു വാങ്ങിത്തരണമേ.

രോഗികളായവർക്കും അവരുടെ കുടുംബങ്ങൾക്കും അവരെ പരിചരിക്കുന്നവർക്കും – ആരോഗ്യ പ്രവർത്തകർ, അജപാലന ശുശ്രൂഷകർ – പ്രത്യേകിച്ച് ഈ ആഗോള രോഗീദിനത്തിൽ പങ്കു ചേരുന്ന എല്ലാവർക്കും ഞാൻ ഹൃദയപൂർവ്വം എന്റെ അപ്പസ്തോലിക ആശീർവാദം നല്കുന്നു.

2026 ജനുവരി പതിമൂന്നാം തീയതി വത്തിക്കാനിൽ നിന്നു നല്കിയത്.

Leone PP. XIV

ലിയോ പതിനാലാമൻ പാപ്പാ

[1] Francis, Encyclical Letter, Fratelli Tutti (3 October 2020), 63.

[2] Cf. ibid., 80-82.

[3] Cf. Saint Augustine, Serm. 171, 2; 179/A, 7.

[4] Cf. Benedict XVI, Encyclical Letter, Deus Caritas Est (25 December 2005), 34; Saint John Paul II, Apostolic Letter, Salvifici Doloris (11 February 1984), 28.

[5] Saint Francis of Assisi, The Testament, 2: Fonti Francescane, 110.

[6] Saint Ambrose, Treatise on the Gospel of Saint Luke, VII, 84.

[7] Francis, Encyclical Letter, Fratelli Tutti (3 October 2020), 78.

[8] Saint Cyprian, De mortalitate, 16.

[9] Cf. Saint John Paul II, Apostolic Letter, Salvifici Doloris (11 February 1984), 24.

[10] Cf. ibid., 31.

[11] Apostolic Exhortation, Dilexi Te (4 October 2025), 26.

[12] Cf. ibid.

[13] Cf. Francis, Encyclical Letter, Fratelli Tutti (3 October 2020), 79.

[14] Cf. ibid., 101.

[15] Benedict XVI, Encyclical Letter, Caritas in Veritate (29 June 2009), 53.

[16] Francis, Message to Participants in the 33rd International Youth Festival (MLADIFEST), Medjugorje, 1-6 August 2022 (16 July 2022).

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി – 682 025

26 CH. TPL 05

ഇടയലേഖനം

കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ
ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായുമായ
തോമസ് തറയിൽ
തന്റെ അതിരൂപതയിലെ വൈദികർക്കും
സമർപ്പിതസമൂഹങ്ങൾക്കും
ദൈവജനം മുഴുവനുമായി എഴുതുന്നത്

വന്ദ്യസഹോദരരേ പ്രിയമക്കളെ,

നമ്മുടെ കർത്താവിന്റെ പീഢാനുഭവങ്ങളെ ധ്യാനവിഷയമാക്കി നോമ്പിന്റെയും ഉപവാസത്തിന്റെയും നാളുകളിലേക്കു നാം പ്രവേശിക്കുകയാണല്ലോ. നമ്മോടുള്ള അഗാധമായ സ്നേഹത്തെപ്രതി സ്വന്തം ജീവൻ ബലിയായർപ്പിച്ച് യഥാർത്ഥമായ രക്ഷ നമുക്ക് പ്രദാനം ചെയ്ത മിശിഹാ തമ്പുരാനോട് സ്വയം ഏറ്റെടുക്കുന്ന പരിഹാര പ്രവർത്തികളിലൂടെ നോമ്പുകാലത്ത് നാം ഐക്യപ്പെടുകയാണ്.

രക്ഷകന്റെ സഹനങ്ങളെ ധ്യാനിക്കുന്ന കാലം

ആരോഗ്യപാലനത്തിന്റെ ഭാഗമായും ശരീരത്തിന്റെ കാര്യക്ഷമതയ്ക്കുവേണ്ടിയും ഭക്ഷണം ഉപേക്ഷിച്ച് ഉപവസിക്കുന്നവർ ഇന്നു ധാരാളമുണ്ട്. 12 മണിക്കൂറും 16 മണിക്കൂറുമൊക്കെ ഭക്ഷണം ഉപേക്ഷിച്ചു പരിശീലിക്കാൻ ഡോക്ടർമാർ തന്നെ നമ്മെ ഉപദേശിക്കുന്ന കാലമാണിത്. ഉപവാസം ശാരീരികാരോഗ്യത്തിന് നല്ലതാണെന്ന ബോധ്യം ആത്മീയ ഗുരുക്കന്മാരെയും സ്വാധീനിച്ചിട്ടുണ്ടാകാം. എന്നാൽ നോമ്പുകാലത്ത് നാം നടത്തുന്ന ഉപവാസങ്ങളും വർജ്ജനവുമൊക്കെ കേവലം ശാരീരികമായ ലക്ഷ്യങ്ങളോടെയല്ല, തികച്ചും ആത്മീയമായ ഉദ്ദേശ്യങ്ങളോടെയാണ്. നമ്മുടെ രക്ഷകനായ മിശിഹാ നമുക്കുവേണ്ടി പീഡകൾ ഏറ്റെടുത്ത് കുരിശിൽ മരിച്ച് സ്വയം യാഗമായതിനെ ധ്യാനിക്കുന്നതിലൂടെ നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യാനും കർത്താവിനോട് കൂടു

തൽ ഐക്യപ്പെടാനും നാം പരിശ്രമിക്കുകയാണ്. പ്രാർത്ഥനയിൽ വളരാനും ആത്മനിയന്ത്രണത്തിലൂടെ പാപത്തെ ചെറുത്തുനിൽക്കാനും ദാനധർമ്മങ്ങളിലൂടെ ആത്മീയതയെ പ്രകാശിപ്പിക്കാനുമുള്ള അവസരമാണ് നോമ്പുകാലം.

ബോധപൂർവ്വം ഏറ്റെടുക്കുന്ന സഹനങ്ങൾ

ജീവിതവഴികളിൽ വന്നുഭവിക്കുന്ന സഹനങ്ങളും ബോധപൂർവ്വം ഏറ്റെടുക്കുന്ന സഹനങ്ങളുമുണ്ട്. രോഗങ്ങളും വേർപാടുകളും ഇച്ഛാഭംഗങ്ങളും പരാജയങ്ങളുമൊക്കെ നമ്മുടെ സമ്മതമില്ലാതെ ജീവിതത്തിൽ സംഭവിക്കുന്നവയാണ്. എന്നാൽ പഠനത്തിനുവേണ്ടി ഉറക്കമിളയ്ക്കുന്നതും കുടുംബം പോറ്റാനായി അധ്വാനിക്കുന്നതും മക്കളെ ജനിപ്പിച്ചു വളർത്തുന്നതും ദൈവരാജ്യ ശുശ്രൂഷക്കായി വ്രതബദ്ധമായ ജീവിതം നയിക്കുന്നതുമൊക്കെ നാം ബോധപൂർവ്വം ഏറ്റെടുക്കുന്ന സഹനങ്ങളാണ്. രണ്ടുതരം സഹനങ്ങൾക്കും അർത്ഥം കണ്ടെത്തിയാലേ അവയെ ധീരതയോടെ നേരിടുവാൻ സാധിക്കൂ. നമ്മുടെ കർത്താവ് നമ്മുടെ രക്ഷയ്ക്കായി ബോധപൂർവം ഏറ്റെടുത്ത കുരിശിനെ ധ്യാനവിഷയമാക്കുമ്പോൾ നമ്മുടെ സഹനങ്ങളെ അർത്ഥപൂർണ്ണമായി സ്വീകരിക്കുവാൻ നമുക്കു സാധിക്കും.

ബോധപൂർവ്വം ഏറ്റെടുക്കുന്ന സഹനങ്ങൾ നമ്മുടെയും മറ്റുള്ളവരുടെയും നന്മയ്ക്കുപകരിക്കുന്നതാണ്. അതിനുള്ള പരിശീലനം കൂടിയാണ് നോമ്പുകാലത്ത് ഏറ്റെടുക്കുന്ന പരിത്യാഗങ്ങൾ. നല്ല ഭക്ഷണം ലഭ്യമാകുന്നിടത്ത് ഉപവാസമനുഷ്ഠിക്കുന്നതും സുഖങ്ങളുടെ ലോകത്ത് വിരക്തി പാലിക്കുന്നതും ധാരാളിത്തത്തിന് സാധ്യതയുള്ളപ്പോൾ മിതത്വം ശീലിക്കുന്നതും ഉപരിനന്മയ്ക്കായി നാം ഏറ്റെടുക്കുന്ന സഹനങ്ങളാണ്. അവ നമ്മെ ആത്മീയതയിൽ കരുത്തുള്ളവരാക്കുകയും ഈശോയുടെ സഹനങ്ങളോട് പ്രതിപത്തിയുള്ളവരാക്കുകയും ചെയ്യും.

പ്രത്യേക ലക്ഷ്യത്തോടെയാണ് സഹനങ്ങൾ ഏറ്റെടുക്കുന്നത്. വിശാലമായ വീട് പണിയാനായി താത്കാലികമായ കൊച്ചുകൂരകൾ പണിത് ജീവിക്കുന്നവർ തങ്ങളുടെ പരിമിതികളെക്കുറിച്ചും ബുദ്ധിമുട്ടുകളെക്കുറിച്ചും പരാതി പറയാറില്ല. വീടിന്റെ പണി തീരുന്നതു കണ്ട് സംതൃപ്തിയോടെ അവർ സഹനങ്ങളിലൂടെ കടന്നുപോകുന്നു. നോമ്പിൽ നാം ബോധപൂർവ്വം ഏറ്റെടുക്കുന്ന സഹനങ്ങളും വളരെ ഉന്നതമായ ലക്ഷ്യം വച്ചുകൊണ്ടാണ്. ഈശോമിശിഹായുടെ രക്ഷാകരമായ

സഹനത്തിൽ പങ്കാളികളാവുക എന്നതാണ് ആ ലക്ഷ്യം. പൗലോസ് അപ്പസ്തോലൻ പറയുന്നു, 'നിങ്ങളെപ്രതിയുള്ള പീഡകളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തന്റെ ശരീരത്തെപ്രതി മിശിഹായ്ക്കു സഹിക്കേണ്ടി വന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു'. നമ്മുടെ ജീവിതത്തിലെ അനുദിന സഹനങ്ങൾ മിശിഹായുടെ സഹനങ്ങളോട് ചേരുമ്പോൾ രക്ഷാകരമായിത്തീരുന്നു.

അനുദിന ജീവിതത്തിലെ സഹനങ്ങൾ

എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്നു പറയുമ്പോൾ വലിയ മരക്കുരിശുകൾ പണിത് അവ ചുമന്നുകൊണ്ടു നടക്കണം എന്നല്ല ഈശോ നൽകുന്ന അർത്ഥം. കൂടുതൽ കുഞ്ഞുങ്ങളെ ജനിപ്പിച്ചു വളർത്തുന്നതും കുറവുകളുള്ള ജീവിതപങ്കാളിയോടൊത്തു ജീവിക്കുന്നതും കുഞ്ഞുങ്ങളെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തുന്നതും അധ്വാനിച്ചു കുടുംബം പുലർത്തുന്നതും എതിർപ്പുകളുടെ നടുവിൽ വിശ്വാസം ജീവിക്കുന്നതുമെല്ലാം അനുദിനജീവിതത്തിലെ സഹനങ്ങളാണ്.

അത്തരം കുരിശുകളിൽ നിന്നൊളിച്ചോടി പ്രതീകാത്മക സഹന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന്റെ നിരർത്ഥതയെക്കുറിച്ചും നാം ബോധമുള്ളവരാകണം. പ്രായമായ മാതാപിതാക്കളെ ശുശ്രൂഷിക്കാതെ ദുഃഖവെള്ളിയാഴ്ച മലകയറുന്നത് ഫലരഹിതമാണ്. വിവാഹവും കുഞ്ഞുങ്ങളും തങ്ങൾക്കു കുരിശാണെന്നു പറഞ്ഞ് അവയെ ഒഴിവാക്കിയിട്ട് വലിയ മരക്കുരിശു ചുമക്കുന്നതിലും അർത്ഥമില്ല. നമ്മുടെ കർത്താവ് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത് അനുദിന കുരിശുകൾ വഹിച്ച് അവിടുത്തെ അനുഗമിക്കുവാനാണ്.

സഹനങ്ങളെ ഭയക്കുന്ന തലമുറ

സുഖസൗകര്യങ്ങളുടെ ധാരാളിത്തത്തിൽ ജീവിച്ച് ജീവിതത്തിൽ ബോധപൂർവ്വം ഏറ്റെടുക്കേണ്ട സഹനങ്ങളിൽ നിന്ന് ഓടിയൊളിക്കുന്ന ഒരു തലമുറ വളർന്നു വരുന്നുണ്ടെന്നത് നാം കാണാതെ പോകരുത്. ബുദ്ധിമുട്ടുകളിൽ തളരാതെ നിൽക്കാൻ സഹനങ്ങളെ ഭയപ്പെടാത്ത മനസ്സ് രൂപപ്പെടുത്തേണ്ടതുണ്ട്. അതിന് ഏറ്റവും സഹായകമാകുന്നത് മാനസികവും കായികവുമായ അധ്വാനമാണ്. വീട്ടുജോലികളിൽ നിന്ന് അകറ്റിനിർത്തി സർവ്വതും മാതാപിതാക്കളുടെ ഉത്തരവാദിത്വത്തിൽ ചെയ്തു കൊടുക്കുന്നത് കുട്ടികളെ സ്വയം പര്യാപ്തരും കാര്യക്ഷമതയുള്ളവരുമാക്കുന്നതിനു സഹായകരമല്ല. ഇഷ്ടങ്ങളേക്കാൾ, കടമകൾ

നിറവേറ്റുമ്പോഴാണ് വളർച്ചയുണ്ടാകുന്നത് എന്ന ബോധ്യം നമ്മുടെ കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്.

ആത്മീയ അച്ചടക്കം

സാമർത്ഥ്യം മാത്രമല്ല അച്ചടക്കം കൂടിയുണ്ടെങ്കിലേ നമുക്കു ലക്ഷ്യസ്ഥാനത്തെത്താൻ കഴിയു. നോമ്പുകാലം ആത്മീയമായ അച്ചടക്കത്തിലേക്ക് നമ്മെ നയിക്കും. കൂടുതൽ പ്രാർത്ഥിക്കാനും വചനം ധ്യാനിക്കാനും ഉപവസിക്കാനും ദാനധർമ്മങ്ങൾ പാലിക്കാനും ഈ കാലഘട്ടം നമ്മെ ക്ഷണിക്കുന്നു. നോമ്പിലെ പരമാവധി ദിവസങ്ങളിൽ പരിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. നോമ്പിൽ പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്യുന്നത് പുണ്യജീവിതത്തിന്റെ അഭ്യസനമാണ്. പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു: 'സത്യവും വന്ദ്യവും നീതിയുക്തവും പരിശുദ്ധവും സ്നേഹാർഹവും സ്തുത്യർഹവും ഉത്തമവും പ്രശംസായോഗ്യവുമായ എല്ലാ കാര്യങ്ങളെയും കുറിച്ച് ചിന്തിക്കുവിൻ' (ഫിലി 4:8). നമ്മുടെ അതിരൂപതയിലെ കാരുണ്യഭവനങ്ങൾ സന്ദർശിക്കാനും അവരെ പിന്തുണയ്ക്കാനും ഇതൊരു അവസരമാക്കാം. ഈസ്റ്റർ കഴിഞ്ഞ് നാം നടത്തുന്ന കരുതൽ ധനശേഖരണം കിടങ്ങറയിലെ മാനസികാരോഗ്യഭവനത്തിനുവേണ്ടിയാണെന്നത് മനസ്സിൽ വച്ച് ത്യാഗപൂർവ്വം സഹകരിക്കാനും എല്ലാവരും തയ്യാറാകണം. ചില ദിവസങ്ങളിൽ മൊബൈൽ ഫോണിനും സാമൂഹിക മാധ്യമങ്ങൾക്കും അവധികൊടുത്തും നമുക്കു ആത്മീയ അച്ചടക്കം പാലിക്കാം.

മരുഭൂമിയിലെ ഉപവാസത്തിനുശേഷം ഈശോ പരീക്ഷിക്കപ്പെടുന്ന വചനഭാഗമാണല്ലോ നാമിന്നു വായിച്ചുകേട്ടത്. കഠിനമായ തപസ് ആത്മീയമായ അച്ചടക്കത്തിലേക്കും മനസ്സിന്റെ കരുത്തിലേക്കും നയിക്കുമെന്നതിന്റെ നല്ലൊരു ദൃഷ്ടാന്തമാണിത്. കല്ലുകളെ അപ്പമാക്കി വിശപ്പടക്കാനും ഗോപുരമുകളിൽനിന്നു ചാടി പ്രശസ്തനാകാനും സാത്താനെ ആരാധിച്ചു സമ്പത്തു സമ്പാദിക്കാനുമുള്ള ക്ഷണത്തെ ഉപവാസത്തിന്റെ കരുത്തോടെ ഈശോ അതിജീവിച്ചു. ആഗ്രഹങ്ങളെ ഇല്ലാതാക്കാനാവില്ലെങ്കിലും പാപസാഹചര്യങ്ങളെയും പ്രലോഭനങ്ങളെയും ഉൾക്കരുത്തോടെ നേരിടാമെന്ന് ഈശോയുടെ മരുഭൂമിയിലെ പരീക്ഷണങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

പ്രിയപ്പെട്ടവരേ,

ഈ നോമ്പുകാലം ആത്മീയമായ അച്ചടക്കത്തിലേക്കും കരുത്തി

ലേക്കും നമ്മെ നയിക്കാൻ ഇടയാകട്ടെ. കൂടുതൽ പ്രാർഥിക്കാനും പരിത്യാഗപ്രവൃത്തികൾ ചെയ്യാനുമുള്ള അവസരങ്ങൾ വിനിയോഗിച്ചു കൊണ്ട് നമ്മുടെ കർത്താവിന്റെ രക്ഷാകരമായ സഹനങ്ങളിൽ നമുക്കും പങ്കുചേരാം. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോരോരുത്തരോടും കൂടി ഉണ്ടായിരിക്കട്ടെ.

സസ്നേഹം

✠ **തോമസ് തറയിൽ**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

NB: ***2026 ഫെബ്രുവരി 15 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ പള്ളികളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും ഈ ഇടയലേഖനം വായിക്കേണ്ടതാണ്.*

സർക്കുലർ

26 Ch. TCL 18

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയിലെ സൺഡേ സ്കൂൾ അധ്യാപകരുടെ സമ്പൂർണ്ണ സമ്മേളനം 'നുഹ്റ 2026' എന്ന പേരിൽ ഫെബ്രുവരി 21 ശനിയാഴ്ച എസ്.ബി. കോളേജ് ഗ്രൗണ്ടിലെ ബൈബിൾ കൺവൻഷൻ പന്തലിൽ നടത്തപ്പെടുകയാണ്. വിശദവിവരങ്ങൾ സന്ദേശ നിലയത്തിന്റെ അറിയിപ്പിൽ നൽകി വരുന്നുണ്ടല്ലോ! 'നുഹ്റ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം വെളിച്ചം എന്നാണ്. ഉള്ളിൽ വിശ്വാസത്തിന്റെ വെളിച്ചമുള്ളവർ മറ്റുള്ളവർക്ക് വെളിച്ചം പകരുന്ന പ്രക്രിയയാണല്ലോ വിശ്വാസ പരിശീലനം. അതിരൂപതയിൽ ആകമാനം 4939 അധ്യാപകരാണുള്ളതെന്നാണ് കണക്ക്. നമ്മുടെ മുഴുവൻ വിശ്വാസപരിശീലകരെയും ഒരുമിച്ചു കൂട്ടുക എന്നത് ഏറ്റവും മനോഹരമായ അനുഭവമാണ്. മൂന്നുവർഷത്തിലൊരിക്കൽ അധ്യാപകരുടെ ഒത്തുചേരൽ ജനുവരി 26ന് നടന്നുവന്നിരുന്നെങ്കിലും എല്ലാ അധ്യാപകർക്കും ഒന്നിച്ചു വരാനുള്ള സ്ഥലസംവിധാനം നമുക്കുണ്ടായിരുന്നില്ല. ബൈബിൾ കൺവൻഷന്റെ വിശാലമായ പന്തൽ നമുക്ക് അതിന് അവസരം നൽകുകയാണ്. ഒരു അല്മായന് ഈ ഭൂമിയിൽ നിർവഹിക്കാൻ കഴിയുന്ന ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷയിലാണ് തങ്ങൾ വ്യാപരിക്കുന്നത് എന്ന ബോധ്യം നമ്മുടെ അധ്യാപകരിൽ ഉറയ്ക്കാൻ ഈ സമ്മേളനം സഹായിക്കും. എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും തങ്ങളുടെ സൺഡേ സ്കൂളിലെ മുഴുവൻ അധ്യാപകരും ഫെബ്രുവരി 21 ലെ അധ്യാപക സംഗമമായ 'നുഹ്റ 2026'ൽ സംബന്ധിക്കാൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്യേണ്ടതാണ്. എല്ലാ സൺഡേസ്കൂൾ ഡയക്ടറച്ചന്മാരെയും ഈ സമ്മേളനത്തിലേക്കു ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

സസ്നേഹം,

✠ **തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

NB: ***2026 ഫെബ്രുവരി 01 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചനപ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

സർക്കുലർ

26 Ch. TCL 19

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

തിരുവചനത്താൽ വിശുദ്ധീകരിക്കപ്പെട്ട് ദിവ്യരഹസ്യങ്ങളാൽ നവജീവൻ പ്രാപിക്കാൻ നോമ്പുകാലത്തിന്റെ ആദ്യ ആഴ്ചയിൽ ദൈവം നമുക്കായി ഒരുക്കുന്ന അനുഗ്രഹദിനങ്ങളാണ് ഇരുപത്തിയേഴാമത് ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ കൺവൻഷൻ. ഈ വർഷം ബൈബിൾ കൺവൻഷൻ നടക്കുന്നത് എസ്.ബി. കോളേജിൽ വച്ചാണ്. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറും പ്രസിദ്ധ വചന പ്രഘോഷകനുമായ ബഹുമാനപ്പെട്ട സേവ്യർഖാൻ വട്ടായിൽ അച്ചനും ടീമുമാണ് അതിരൂപത ബൈബിൾ കൺവെൻഷൻ നയിക്കുന്നത്.

2026 ഫെബ്രുവരി 18 ബുധനാഴ്ച മുതൽ 22 ഞായറാഴ്ച വരെ ഉച്ച കഴിഞ്ഞ് 3.30 മുതൽ 9.00 വരെയാണ് കൺവെൻഷൻ സമയം. വൈദികരും സന്യസ്തരും മാതാപിതാക്കളും യുവജനങ്ങളും കുട്ടികളും ഒന്നു ചേരുന്ന അതിരൂപതയുടെ അഞ്ച് ദിവസത്തെ ഈ വലിയ ആത്മീയ സംഗമത്തിലേക്ക് ഞാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

ബൈബിൾ കൺവൻഷൻ നടക്കുന്ന എസ്.ബി. കോളേജിന് തൊട്ടടുത്തുള്ള ചങ്ങനാശ്ശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം ഫൊറോനകളിലെ കുടുംബങ്ങളിൽ നിന്ന് കൂടുതൽ ആളുകൾക്കു കൺവൻഷനിൽ പങ്കുചേരാൻ സാധിക്കുന്നതാണ്. കൂടാതെ, മറ്റ് ഫൊറോനകളിൽനിന്ന് വിശ്വാസികൾ കടന്നുവരുമ്പോൾ അതിരൂപതയുടെ വലിയ ആത്മീയ സംഗമമായി അത് മാറും.

അതിരൂപതയിലെ എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മകൾ കേന്ദ്രീകരിച്ച് മുഴുവൻ മാതാപിതാക്കളെയും യുവദമ്പതികളെയും യുവജനങ്ങളെയും കുട്ടികളെയും ബൈബിൾ കൺവൻഷനിലേക്ക് കൂട്ടിക്കൊണ്ടുവരാൻ ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും കൂട്ടായ്മ ലീഡേഴ്സും കൂടി പരിശ്രമിക്കണം. സ്വകാര്യ വാഹനങ്ങളും ആവശ്യമെങ്കിൽ പൊതു വാഹനങ്ങളും ക്രമീകരിച്ച് ഇടവകജനത്തിന് ബൈബിൾ കൺവൻഷനിൽ പങ്കെടുക്കാൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും കൈക്കാരന്മാർ വികാരിയച്ചന്മാരുമായി ആലോചിച്ച് ഉറപ്പാക്കണം.

ഈ വർഷം അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നിന്നുള്ള ടീമിന്റെ നേതൃത്വത്തിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ വിശ്വാസികൾക്ക് കൗൺസിലിങ്ങിനുള്ള സൗകര്യം ഉണ്ടായിരിക്കും. ആവശ്യമുള്ള വ്യക്തികളും കുടുംബങ്ങളും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ വഴിയോ, കുടുംബ കൂട്ടായ്മ ഓഫീസ് വഴിയോ ഉടനെ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

തിരുവചനാഭിഷേകത്താൽ നിറഞ്ഞ് കൂദാശകളാൽ വിശുദ്ധീകരിക്കപ്പെട്ട് ജീവിതനവീകരണം സ്വന്തമാക്കുവാൻ ഈ ബൈബിൾ കൺവൻഷൻവഴി അതിരൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

സസ്നേഹം,

✠ തോമസ് തറയിൽ
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

NB: ***2026 ഫെബ്രുവരി 08 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചനപ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

സർക്കുലർ

26 Ch. TCL 17

സീറോമലബാർ സമുദായ ശക്തീകരണവർഷം – 2026 അതിരൂപതാതല ഉദ്ഘാടനം (2026 ജനുവരി 18)

വന്ദ്യസഹോദരരേ പ്രിയ മക്കളേ,

സീറോമലബാർ സഭ സമുദായശക്തീകരണ വർഷാചരണത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോവുകയാണ്. ഇതു സംബന്ധിച്ച് അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ 2025 ഒക്ടോബർ 12 ഞായറാഴ്ച വായിച്ചുകൊണ്ടാണ് നമ്മൾ പ്രാരംഭഘട്ടത്തിലേക്ക് പ്രവേശിച്ചത്. തുടർന്നുള്ള ദിവസങ്ങളിൽ നമ്മൾ വർഷാചരണത്തിനായുള്ള ഒരുക്കങ്ങൾ നടത്തിവരികയായിരുന്നു. എല്ലാ സംഘടനകളെയും ഉൾപ്പെടുത്തി അതിരൂപതാതല സമിതി രൂപീകരിക്കുകയും ഫൊറോനാ ഡയറക്ടർമാരായി ബഹു. വൈദികരെ നിയമിച്ചുകൊണ്ട് ഫൊറോനാസമിതികളും ഇടവകസമിതികളും ആരംഭിക്കുകയും ചെയ്തു. എല്ലാ ഇടവകകളിൽ നിന്നുമായി നാനൂറുപേരടങ്ങുന്ന ഒരു ടീച്ചിംഗ് ടീം രൂപീകരിക്കുകയും അവർക്കു സമുദായവിഷയങ്ങളിൽ പരിശീലനം നൽകുകയും ചെയ്തു. ഈ ടീച്ചിംഗ് ടീം അംഗങ്ങൾ കുടുംബക്കൂട്ടായ്മകളിലും ഇടവക, സംഘടനാതലങ്ങളിലും ക്ലാസുകൾ എടുത്തുവരുന്നു. കൂടാതെ സമുദായ ജിഹ്വയായ ദീപികയുടെ പ്രചാരണം ശക്തിപ്പെടുത്തുവാനും സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെയും ഇതര സംഘടനകളുടെയും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും നമുക്ക് ഏറെക്കുറെ സാധിച്ചിട്ടുണ്ട്.

2026 ൽ നാം പ്രായോഗിക ഘട്ടത്തിലേക്കു പ്രവേശിക്കുകയാണ്. ഈ ഘട്ടത്തിന്റെ ഉദ്ഘാടനം ജനുവരി 06 ചൊവ്വാഴ്ച്ച സഭാ ആസ്ഥാനമായ

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെടും. പ്രായോഗിക ഘട്ടത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ജനുവരി 18 ഞായറാഴ്ച സമുദായാചാര്യനായ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ജന്മസ്ഥലമായ കുറുമ്പനാടത്തുവച്ച് നടത്തപ്പെടുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ പള്ളിയുടെ ഹാളിൽ ചേരുന്ന യോഗത്തിൽ, ക്രിസ്ത്യൻ പിന്നാക്കാവസ്ഥകളെക്കുറിച്ചു പഠനം നടത്തി സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ച റിട്ട. ജസ്റ്റിസ് ജെ. ബി. കോശി ആണ് വിശിഷ്ടാതിഥിയായി പങ്കെടുക്കുന്നത്. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മഹനീയ സാന്നിധ്യവും തദവസരത്തിലുണ്ടാവും. കൂടാതെ നസ്രാണി കലകളുടെ ആവിഷ്കാരവും നസ്രാണി സമുദായ ചരിത്രത്തിലെ പ്രമുഖരായ വ്യക്തികളെക്കുറിച്ചുള്ള അവതരണവും നസ്രാണിഭക്ഷണങ്ങൾ ഒരുക്കിയുള്ള സ്നേഹവിരുന്നും ഉണ്ടായിരിക്കും. പ്രസ്തുത യോഗത്തിൽ പ്രാതിനിധ്യ സ്വഭാവത്തോടെ രണ്ടായിരം പേരുടെ സാന്നിധ്യമാണ് പ്രതീക്ഷിക്കുന്നത്. പങ്കെടുക്കുന്നവർ പരമ്പരാഗത നസ്രാണി വേഷവിധാനങ്ങൾ ധരിച്ചെത്തുന്നത് അഭികാമ്യമാണ്.

ഉദ്ഘാടന സമ്മേളനത്തിനായി കൃത്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതുണ്ട്. ഇന്നുതന്നെ (ജനുവരി 4 ഞായർ) അല്ലെങ്കിൽ ജനുവരി 11 ന് മുൻപായി ഇടവകതലത്തിലുള്ള സമുദായ ശക്തീകരണ കോർ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇതിൽ ഇടവകയിലെ എല്ലാ സംഘടനകളുടെയും ഈരണ്ടു പ്രതിനിധികൾ ഉൾപ്പെടുത്തപ്പെടണം (ഒരു പുരുഷനും ഒരു സ്ത്രീയും). കൂടാതെ നോമിനേറ്റഡ് അംഗങ്ങളും ആകാം. ഈ കോർ കമ്മിറ്റിയിൽനിന്ന് ഒരു പുരുഷനും ഒരു സ്ത്രീയും കോർഡിനേറ്ററും സെക്രട്ടറിയും ആയി തെരഞ്ഞെടുക്കപ്പെടണം.

ഓരോ ഇടവകയിൽ നിന്നുമുള്ള കോർ കമ്മിറ്റി അംഗങ്ങളും (മിനിമം 5 പേർ) സംഘടനകളുടെ ഫൊറോനാ - അതിരുപതാതല ഭാരവാഹികളും ഫൊറോനാ കൗൺസിൽ പ്രതിനിധികളും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ജനുവരി 18 ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളായ വൈദികരും സമുദായ ശക്തീകരണ വർഷാചരണത്തിന്റെ ഫൊറോനാ ഡയറക്ടർമാരും മറ്റു വൈദികരും സന്യസ്ത പ്രതിനിധികളും ഈ യോ

ഗത്തിൽ പങ്കെടുക്കേണ്ടതാണ്. ഉദ്ഘാടന സമ്മേളനത്തിന്റെ വിജയത്തിനായി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

സമുദായ ശക്തീകരണ വർഷാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനത്തിന് ശേഷം ഉചിതമായ ഒരു ദിനത്തിൽ ഫൊറോനാ ഡയറക്ടർ അച്ചൻമാരുടെ നേതൃത്വത്തിൽ ഇടവകകളിൽനിന്നു നിയോഗിക്കപ്പെട്ട കോർഡിനേറ്റർമാരെയും സെക്രട്ടറിമാരെയും സംഘടനകളുടെ ഫൊറാനാതല ഭാരവാഹികളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഫൊറോനാതല കോർ കമ്മിറ്റി യോഗം ചേരേണ്ടതാണ്. ഈ കമ്മിറ്റിയിൽ നിന്നും ഒരു ഫൊറോന കോർഡിനേറ്ററെയും ഫൊറോന സെക്രട്ടറിയെയും തെരഞ്ഞെടുക്കേണ്ടതാണ് (ഒരു പുരുഷനും ഒരു സ്ത്രീയും).

നമ്മുടെ സമുദായ ശക്തീകരണ വർഷാചരണം സമ്മേളനങ്ങളിലും ആഘോഷങ്ങളിലും മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല. പ്രായോഗിക നടപടികളിലൂടെ നമ്മുടെ സമുദായത്തെ ശക്തിപ്പെടുത്താനും വളർത്താനും നമുക്കു സാധിക്കണം. സഭ ഇതിനായി കൃത്യമായ കർമപദ്ധികൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സമുദായത്തിന്റെ ചരിത്രം, പാരമ്പര്യം, തനതാത്മകതകൾ, വ്യതിരിക്തതകൾ എന്നിവയെക്കുറിച്ച് നമുക്ക് ആഴമായ ബോധ്യവും അഭിമാനവുമുണ്ടാകണം. ഇക്കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് സീറോമലബാർ സഭ ഒരു കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. അത് എല്ലാവരുംതന്നെ വായിച്ചു പഠിക്കുകയും ബോധ്യങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നത് അഭികാമ്യമാണ്. ഈ കൈപ്പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ വേണം കൂട്ടായ്മകളും മറ്റും ക്ലാസുകൾ നടത്തപ്പെടേണ്ടത്. അത്മായർ മാത്രമല്ല വൈദികരും സന്യസ്തരുമെല്ലാം ഈ വിഷയങ്ങൾ പഠിക്കേണ്ടതാണ്. കൈപ്പുസ്തകം അതിരൂപതാ കേന്ദ്രത്തിൽ മാർത്തോമ്മാ വിദ്യാനികേതൻ ഓഫീസിലും ചങ്ങനാശേരി സെന്റ് ജോസഫ് ബുക്സ്റ്റാളിലും ലഭ്യമാണ്. വർഷാചരണത്തിൽ ഓരോ സംഘടനയും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ഒരു മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സത്യദർശനം മാസികയിലൂടെ ഓരോ മാസവും സമുദായ ശക്തീകരണവുമായി ബന്ധപ്പെട്ട് കുടുംബകൂട്ടായ്മയിൽ ചർച്ചചെയ്യേണ്ട കാര്യങ്ങൾ നൽകുന്നുണ്ട്. അവ യഥാവിധം ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. മാത്രമല്ല കൈപ്പുസ്തകത്തെ ആസ്പദമാക്കി ക്വിസ് മൽസരവും എല്ലാ വിഭാഗങ്ങൾക്കുമായി നടത്തപ്പെടുന്നതുമാണ്.

സമുദായ ശക്തീകരണവർഷം സമുചിതമായി ആചരിക്കാൻ നമുക്കു പരിശ്രമിക്കാം. നമ്മുടെ സമുദായത്തെക്കുറിച്ച് അഭിമാനബോധം ഉണ്ടാകാനും സമുദായത്തിന്റെ പിന്നാക്കാവസ്ഥകൾക്കു ഒരുപരിധിവരെ പരിഹാരങ്ങൾ ഉളവാക്കാനും ഈ വർഷാചരണം നമുക്കു സഹായകമാകട്ടെ. ഏവർക്കും ദൈവകൃപ നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു.

സ്നേഹത്തോടെ,

✠ മാർ തോമസ് തറയിൽ
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

NB: ***2026 ജനുവരി നാലാം തീയതി ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേ വായിക്കാനായി നൽകപ്പെട്ട സർക്കുലർ.

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ വർഷം ഡിക്രി

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ 800-ാമത് ചരമവാർഷികത്തോട് അനുബന്ധിച്ച് ഒരു സവിശേഷ ജൂബിലി വർഷം പ്രഖ്യാപിക്കപ്പെടുന്നു; അതിനോടുചേർന്ന് സമ്പൂർണ ദണ്ഡ വിമോചന സാധ്യതയും.

''നമ്മുടെ പിതാവും സഹോദരനുമായ ഫ്രാൻസിസിന്റെ സ്മരണ നിലനിർത്തുക. അത് അവനെ മനുഷ്യരുടെ ഇടയിൽ ഉന്നതനും മാലാഖമാരുടെ ഇടയിൽ മഹത്ത്വീകൃതനും ആക്കിത്തീർത്തവന്റെ സ്തുതിക്കും മഹത്ത്വത്തിനും ആയിരിക്കട്ടെ. തന്റെ മരണത്തിനു മുമ്പായി അദ്ദേഹം സ്വയം ആവശ്യപ്പെട്ടതനുസരിച്ച് ഫ്രാൻസിസിനുവേണ്ടി നമുക്ക് പ്രാർഥിക്കാം; അവന്റെയും മാധ്യസ്ഥ്യം നമുക്കു അപേക്ഷിക്കാം; അങ്ങനെ ദൈവം തന്റെ പരിശുദ്ധ കൃപ അവനോടൊപ്പം നാമുമായും പങ്കുവയ്ക്കട്ടെ''.

2025-ലെ സാധാരണ ജൂബിലി വർഷം അവസാനിച്ചതേയുള്ളു. അതിന്റെ കൃപ നമ്മെ നിരാശരാക്കാത്ത പ്രത്യാശയുടെ (റോമാ 5:5 കാണുക) തീർഥാടകരാകാൻ പ്രചോദിപ്പിച്ചിരിക്കുന്ന ഈ അവസരത്തിൽ അത് കാലോചിതവും ഫലപ്രദവും ആയിരിക്കേ, അതിനോടുചേർത്ത് അതിന്റെ തുടർച്ചയായി മാതൃകാപരമായ മറ്റൊരു അവസരംകൂടി സന്തോഷിക്കുന്നതിനും സ്വയം വിശദീകരിക്കുന്നതിനും കൈവന്നിരിക്കുന്നു: ഈ ലോകജീവിതത്തിൽനിന്നു വിശുദ്ധ ഫ്രാൻസിസ് അസ്സീസി തന്റെ സ്വർഗീയ ഭവനത്തിലേക്ക് സന്തോഷപൂർവം കടന്നുപോയതിന്റെ 800-ാമത് വാർഷികം.

സമീപകാലങ്ങളിൽ നടന്ന മറ്റു പ്രധാനപ്പെട്ട ജൂബിലികൾ അസ്സീസിയിലെ വിശുദ്ധന്റെ വ്യക്തിത്വത്തോടും പ്രവർത്തനത്തോടും ബന്ധപ്പെട്ടവയായിരുന്നു: ഗ്രേച്ചോയിൽ അദ്ദേഹം ഒരുക്കിയ ആദ്യത്തെ തിരുപ്പിറവി രംഗം (Nativity scene), സൃഷ്ടിയുടെ പരിശുദ്ധ സൗന്ദര്യത്തിന്റെ ഗാനമായ ''സൃഷ്ടി ഗീതത്തിന്റെ'' രചന, തന്റെ മരണത്തിന് രണ്ടുവർഷം മുമ്പ്, പുതിയ കാൽവരി എന്നറിയപ്പെടുന്ന, വെർണ മലയിൽ (Monte della Verna) വച്ച് അദ്ദേഹത്തിന്റെ ശരീരത്തിൽ പഞ്ചക്ഷതങ്ങൾ പതിപ്പിക്കപ്പെട്ടത് എന്നിവയുടെ 800-ാം വാർഷികം. ഇപ്രകാരം മുമ്പുള്ള എല്ലാ ആഘോഷങ്ങളുടെയും ഉച്ചസ്ഥാനവും പരിപൂർത്തിയുമായി 2026 മാറും; അങ്ങനെ അത് യഥാർഥത്തിൽ വിശുദ്ധ ഫ്രാൻസിസിന്റെ വർഷമായിരി

ക്കും; അതുവഴി നാമെല്ലാവരും ഈ സെറാഫിക് പാത്രിയാർക്കസിന്റെ (Seraphic Patriarch) മാതൃക സ്വീകരിച്ചുകൊണ്ട് ഇന്നത്തെ ലോകത്ത് വിശുദ്ധരായിത്തീരാൻ വിളിക്കപ്പെട്ടവരാകും.

മനുഷ്യരാശിയുടെ രക്ഷകൻ എന്ന നിലയിൽ യേശുക്രിസ്തു അല്ലാതെ ''നാം രക്ഷിക്കപ്പെടേണ്ടതിന് ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമമില്ല'' (അപ്പ 4:12 കാണുക) എന്നത് ആശ്ചര്യകരമാംവിധം സത്യമാണെങ്കിൽ, തത്തുല്യമായി അനിതര സാധാരണമാംവിധം മറ്റൊരു കാര്യംകൂടി സത്യമാണ്: 12–ഉം 13–ഉം നൂറ്റാണ്ടുകളുടെ ഇടയിൽ, വിശുദ്ധ യുദ്ധങ്ങൾ എന്നു വിളിക്കപ്പെട്ടവ ഉണ്ടായിരുന്ന കാലഘട്ടത്തിൽ, ധാർമിക മൂല്യങ്ങൾക്ക് ഇടിവുണ്ടായിരുന്നപ്പോൾ, മതാത്മക ആവേശം തെറ്റിദ്ധരിക്കപ്പെട്ടിരുന്നപ്പോൾ, ''ഒരു സൂര്യൻ ലോകത്തിലേക്ക് പിറന്നു'': ഫ്രാൻസിസ്. അവൻ ഒരു ധനികനായ വ്യാപാരിയുടെ മകനിൽനിന്ന് ദരിദ്രനും വിനീതനും യഥാർഥ പുരാതന ക്രിസ്തുവായി *(true Ancient Christ)* ഭൂമിയിൽ പരിണമിച്ചു; അവൻ ലോകത്തിനു സ്പർശനീയമായ സുവിശേഷാത്മക ജീവിതത്തിന്റെ മാതൃകകളും യഥാർഥ ക്രൈസ്തവ പരിപൂർണതയുടെ ചിത്രവും നല്കി. ഫ്രാൻസിസ് ജീവിച്ചിരുന്ന കാലഘട്ടത്തിൽനിന്ന് വളരെ വ്യത്യസ്തമല്ല നമ്മുടെ കാലഘട്ടവും; ഇന്നത്തെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ പ്രബോധനം ഒരുപക്ഷേ കൂടുതൽ കൃത്യമായി പ്രസക്തവും മനസ്സിലാക്കപ്പെടാവുന്നതുമാണ്. ക്രൈസ്തവ ഉപവി കുറഞ്ഞുവരുന്ന ഇക്കാലത്ത്, അറിവില്ലായ്മ അസാന്മാർഗികതപോലെ വ്യാപിക്കുമ്പോൾ, ജനങ്ങളുടെ ഇടയിൽ ഐക്യം ഉണ്ടാക്കുന്നു എന്നു കരുതുന്നവർ ആത്മാർഥമായ ക്രൈസ്തവ ചൈതന്യത്തിനു വിരുദ്ധമായി സ്വാർഥപരമായ ലക്ഷ്യങ്ങളോടെ പെരുമാറുമ്പോൾ, യഥാർഥമായതിനെ സാങ്കല്പികമായത് കൈയടക്കുമ്പോൾ (when the virtual takes over the real), ഭിന്നിപ്പുകളും സാമൂഹിക അക്രമവും ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറുമ്പോൾ, സമാധാനം ദിവസം തോറും സുരക്ഷിതമല്ലാത്തതും വിദൂരത്തായിരിക്കുന്നതും ആകുമ്പോൾ, വിശുദ്ധ ഫ്രാൻസിസിന്റെ ഈ വർഷം നമുക്ക് എല്ലാവർക്കും പ്രചോദനമാകണം: ഓരോരുത്തരും അവരവരുടെ സാധ്യതകൾക്കനുസൃതം, അസ്സീസിയിലെ ആ ദരിദ്രനായ മനുഷ്യനെ *(the poor man of Assisi)* അനുകരിക്കാൻ; അങ്ങനെ നമ്മെത്തന്നെ കഴിയുന്നിടത്തോളം ക്രിസ്തുവിന്റെ മാതൃക അനുസരിച്ച് രൂപപ്പെടുത്താൻ; അതുവഴിയായി ഇപ്പോൾ അവസാനിച്ച വിശുദ്ധ വർഷത്തിന്റെ ലക്ഷ്യങ്ങൾ നിരാകരിക്കപ്പെടാതിരിക്കട്ടെ; നമ്മെ തീർഥാടകരായി വീക്ഷിച്ച പ്രത്യാശ ഇപ്പോൾ സജീവ ഉപവിയിൽ തീക്ഷ്ണമതികളായി പരിണമിപ്പിക്കട്ടെ.

''ഇതു ചെയ്യുകവഴിയായി നീ കർത്താവിനെയും അവിടത്തെയും നിന്റെയും ദാസനായ എന്നെയും സ്നേഹിക്കുന്നുവോ എന്നു ഞാൻ അറിയും: അതായത്, നിനക്കെതിരായി ഒരു സഹോദരൻ എത്രമാത്രം പാപം ചെയ്യാമോ അത്രമാത്രം ചെയ്തശേഷം നിന്റെ കണ്ണുകളിലേക്ക് നോക്കി, നിന്റെ കരുണാർദ്രമായ മാപ്പിനായി അപേക്ഷിക്കുന്നെങ്കിൽ നീ അത് നല്കിക്കൊണ്ട് അവനെ പറഞ്ഞുവിടുകയാണെങ്കിൽ''[3].

പ്രസിദ്ധമായ *quendam ministrum* (''ഒരു പ്രത്യേക ശുശ്രൂഷകന്'') എന്ന ലേഖനത്തിൽ എഴുത പ്പെട്ടിരിക്കുന്ന അനിതരസാധാരണമായ ഈ വാക്കുകളിലൂടെ ഒരുവശത്ത് വിശുദ്ധ ഫ്രാൻസിസ് അജ്ഞാതനായ ഒരു സഹോദരന് ആശ്വാസവും ഉപദേശവും പകരുന്നു; എന്നാൽ, അതിലുപരി അടിസ്ഥാനപരമായ കരുണയുടെ സങ്കല്പത്തിന് ഊന്നൽ നല്കുകയും ചെയ്യുന്നു; മാപ്പുനല്കുന്നതും ദണ്ഡവിമോചനവും പ്രസ്തുത സങ്കല്പ ത്തോട് അഭേദ്യമാംവിധം ചേർന്നിരിക്കുന്നു. അത് യഥാർഥത്തിൽ ഒരു മാപ്പുനല്കലാണ്; അതായത്, പ്രസിദ്ധമായ ''അസ്സീസിയിലെ മാപ്പുനല് കൽ'' (Pardon of Assisi) അഥവാ ''പോർസിങ്കുളയിലെ ദണ്ഡവിമോചനം''. ഹൊണോറിയസ് മൂന്നാമൻ പാപ്പാ പ്രത്യേക ആനുകൂല്യത്താൽ ഫ്രാൻ സിസിനു നേരിട്ട് നൽകിയതായിരുന്നു അത്. അതിന്റെ നിബന്ധന, കുമ്പസാരിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുകയും ഓഗസ്റ്റ് രണ്ടാം തീയതി അസ്സീസിക്ക് അടുത്തുള്ള പുരാതന ദേവാലയം സന്ദർശിക്കുക എന്ന തുമായിരുന്നു; അത് ഏതാണ്ട് 800 വർഷം മുമ്പ് ഒരു ചെറിയ സ്ഥലത്ത് (a small portion of land) സ്ഥാപിക്കപ്പെട്ടതായിരുന്നു, അതിനാലാണ് അതിന്റെ നാമം പോർസിങ്കുള (hence the name Porzincula) എന്നായത്.

തന്റെ അപേക്ഷ ക്രിസ്തുവിന്റെ വികാരി സ്വീകരിച്ചിരിക്കുന്നു എന്നു കണ്ടപ്പോൾ അന്ന് വിശുദ്ധനുണ്ടായ വളരെ വലിയ ചൈതന്യവും ആന ന്ദവും, തുടർന്ന് പോർസിങ്കുളയുടെ പ്രതിഷ്ഠാനേരത്ത് അവിടെ കൂടി യിരുന്ന ജനത്തോടു തനിക്കു ലഭിച്ച കൃപയെക്കുറിച്ച് പ്രഖ്യാപിക്കു കയും ചെയ്തപ്പോൾ അവ അവരുടെമേൽ പ്രസരിച്ചതുപോലെ, പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ, നമ്മുടെ വിശ്വാസത്തിന്റെയും സന്തോഷത്തിന്റെയും ശുശ്രൂഷകൻ എന്ന നിലയിൽ, ഇപ്രകാരം ഉത്ത രവ് പുറപ്പെടുവിക്കുന്നു: 2026 ജനുവരി 10 മുതൽ, അതായത്, ഇപ്പോ ഴത്തെ സാധാരണ ജൂബിലി ഉപസംഹരിക്കുന്ന വേളയിൽതന്നെ 2027 ജനുവരി 10 വരെ വിശുദ്ധ ഫ്രാൻസിസിന്റെ പ്രത്യേക വർഷമായിരിക്കും; അങ്ങനെ ഓരോ ക്രിസ്തുവിശ്വാസിയും അസ്സീസിയിലെ വിശുദ്ധന്റെ മാതൃക പിന്തുടർന്നുകൊണ്ട് ജീവിതവിശുദ്ധിയുടെ മാതൃകയും നിര ന്തരം സമാധാനത്തിന്റെ സാക്ഷിയും ആയിത്തീരട്ടെ.

ഈ ലക്ഷ്യങ്ങൾ പൂർണമായി പ്രാപിക്കുന്നതിന് അപ്പസ്തോലിക പെനിടെൻഷ്യറി, പരിശുദ്ധ പിതാവിന്റെ ഹിതത്തോട് ചേർന്നുനിന്നുകൊണ്ട്, ഈ ഡിക്രിവഴിയായി വിശുദ്ധ ഫ്രാൻസിസിന്റെ വർഷം ആചരിക്കുന്ന വേളയിൽ പൂർണ ദണ്ഡവിമോചനം, സാധാരണയുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു; അതായത്, അനുരഞ്ജന കൂദാശയുടെയും ദിവ്യകാരുണ്യത്തിന്റെയും സ്വീകരണം, പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായുള്ള പ്രാർഥന എന്നിവവഴി. അത് ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ മോചനസഹായം എന്ന രൂപത്തിലും അർപ്പിക്കാവുന്നതാണ്:

1) താഴെപ്പറയുന്ന ഗണങ്ങളിലെ അംഗങ്ങൾക്കുവേണ്ടി:

- ഫ്രാൻസിസ്കൻ കുടുംബത്തിലെ ഒന്നും രണ്ടും മൂന്നും റെഗുലറും സെക്കുലറും ഓർഡറുകൾ,

- സമർപ്പിത സന്യസ്ത സമൂഹങ്ങൾ, അപ്പസ്തോലിക ജീവിത സമൂഹങ്ങൾ, വിശുദ്ധ ഫ്രാൻസിസിന്റെ നിയമം പാലിക്കുകയോ അദ്ദേഹത്തിന്റെ ആധ്യാത്മികതയാൽ പ്രചോദിതരാവുകയോ മറ്റേതെങ്കിലും തരത്തിൽ അദ്ദേഹത്തിന്റെ വരദാനചൈതന്യം (charism) നിലനിർത്തുകയോ ചെയ്യുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും പരസ്യമോ രഹസ്യമോ ആയ വിശ്വാസികളുടെ സംഘടനകൾ (Public or Private Associations of the Faithful);

2) വ്യത്യാസങ്ങൾ കൂടാതെ എല്ലാ വിശ്വാസികൾക്കുംവേണ്ടി:

ഇപ്രകാരം ദണ്ഡമോചനം ആഗ്രഹിക്കുന്നവർ, പാപത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനുള്ള താത്പര്യത്തോടെ വിശുദ്ധ ഫ്രാൻസിസിന്റെ വർഷത്തിൽ പങ്കുചേരും. അത് താഴെപ്പറയുന്ന വിധം ആകാം:

ഒരു തീർഥാടനം എന്നവിധം ഒരു ഫ്രാൻസിസ്കൻ സന്യാസഭവന ദേവാലയമോ വിശുദ്ധ ഫ്രാൻസിസിന്റെ നാമധേയത്തിലുള്ള ആരാധനാലയമോ ഏതെങ്കിലും കാരണവശാൽ അദ്ദേഹവുമായി ബന്ധപ്പെടുത്തിയ സ്ഥലമോ സന്ദർശിക്കുന്നതുവഴി: അവിടെ അവർ ഭക്തിപൂർവം ജൂബിലി കർമങ്ങൾ നിർവഹിക്കുകയോ കുറച്ചുസമയം ധ്യാനപൂർവ്വം ചിലവഴിക്കുകയോ ചെയ്യണം. ക്രൈസ്തവ ഉപവിക്ക് ചേർന്നവിധം അയൽക്കാരനുവേണ്ടിയും ജനതകളുടെ ഇടയിൽ പൊരുത്തവും സമാധാനവും പുലരുന്നതിനുവേണ്ടിയുമുള്ള അർഥനകൾ തങ്ങളുടെ ഹൃദയങ്ങളിൽ ഉയർത്തുകയും അവസാനം ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'', ''വിശ്വാസപ്രമാണം'', ''നന്മനിറഞ്ഞ മറിയമേ'' എന്നീ പ്രാർഥനകളും, വിശുദ്ധ ഫ്രാൻസിസ് അസ്സീസിയോടും വിശുദ്ധ ക്ലാരയോടും ഫ്രാൻ

സിസ്കൻ കുടുംബത്തിൽപ്പെട്ട ഇതര വിശുദ്ധരോടും പ്രാർഥിക്കുകയും ചെയ്യണം.

വൃദ്ധർക്കും രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും മറ്റ് ഗൗരവമായ കാരണങ്ങളാൽ തങ്ങളുടെ ഭവനങ്ങൾ വിട്ടുപോകാൻ കഴിയാത്തവർക്കും പൂർണ ദണ്ഡവിമോചനം പ്രാപിക്കാനാകും. അതിന് അവരും പാപത്തിൽനിന്ന് ഒഴിഞ്ഞുനിന്നുകൊണ്ട് കഴിയുന്നത്ര മേൽപ്പറഞ്ഞ മൂന്ന് വ്യവസ്ഥകളും പാലിച്ചുകൊണ്ട് ആത്മീയമായി വിശുദ്ധ ഫ്രാൻസിസിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കുചേരുകയും അവരുടെ പ്രാർഥനകളും ജീവിതത്തിലെ വേദനകളും സഹനങ്ങളും കരുണാർദ്രനായ ദൈവത്തിനു കാഴ്ചവയ്ക്കുകയും ചെയ്യണം.

സഭയുടെ താക്കോലുകളുടെ ശക്തിവഴിയായി ദൈവിക കൃപ ലഭിക്കാനുള്ള ഈ അവസരം വളരെ എളുപ്പം ലഭ്യമാക്കാനായി ഈ പെനിടെൻഷ്യറി ശരിയായ ഫാക്കൽറ്റികളുള്ള സന്യസ്തരും രൂപതാ വൈദികരും ആയവരോട് ശക്തമായി അഭ്യർഥിക്കുന്നു: നിങ്ങളുടെ മുമ്പിൽ അനുരഞ്ജന കൂദാശയ്ക്കായി അണയുന്നവരെ ഉദാരമനസ്കതയോടെയും കരുണാപൂർവവും സ്വാഗതം ചെയ്യാൻ തയ്യാറാകുക. ഈ ഡിക്രി വിശുദ്ധ ഫ്രാൻസിസിന്റെ വർഷം മുഴുവൻ പ്രാബല്യത്തിലുള്ളതാണ്; മറ്റൊരു നിയമവും ഇതിന് വിരുദ്ധമായി നിലനില്ക്കുന്നില്ല.

റോമായിലെ അപ്പസ്തോലിക പെനിടെൻഷ്യറിയുടെ മന്ദിരത്തിൽ നിന്ന് കർത്താവിന്റെ ജ്ഞാനസ്നാനത്തിരുനാളിന്റെ തലേന്നാൾ 2026 ജനുവരി പത്താം തീയതി നല്കപ്പെട്ടത്.

പരിഭാഷ : ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. കൊച്ചി 682025

No. 4183/K-5/KCBC/OL/DS 29.01.2026

2026 ഫെബ്രുവരി 08 തിരുബാലസഖ്യദിനം

കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ആഗോള കത്തോലിക്കാസഭ ഈ വർഷത്തെ തിരുബാലസഖ്യ ദിനം ഫെബ്രുവരി എട്ടാംതീയതി ഞായറാഴ്ചയാണ് ആചരിക്കുന്നത്. കുട്ടികളുടെ സമഗ്രമായ ഉന്നമനത്തെ ലക്ഷ്യം വെച്ചുകൊണ്ട് അവരെ സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടാക്കുക എന്ന ഉദ്ദേശത്തോടെ സാർവത്രികസഭ മുഴുവനായി പ്രവർത്തിക്കുന്ന സംഘടനയാണ് തിരു ബാലസഖ്യം. പരസ്പരം സഹായിക്കാൻ പ്രോത്സാഹിപ്പിച്ചു കൊണ്ടാണ് തിരുബാലസഖ്യത്തിലെ അംഗങ്ങളെ വിശുദ്ധിയുടെ പാതയിൽ നയിക്കേ ണ്ടത്. ഈ സംഘടനയിൽ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ പ്രാർ ത്ഥനാശംസകൾ നേരുന്നു.

''കുട്ടികൾ കുട്ടികളെ സഹായിക്കുന്നു'' എന്നുള്ള മഹത്തായ ദൗത്യ ത്തെയാണ് തിരുബാലസഖ്യം എന്ന സംഘടന മുന്നോട്ടുവെക്കുന്നതും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതും. ഇത് നമ്മുടെ ആപ്തവാക്യം മാത്രമല്ല, ഓരോ കുട്ടിയുടേയും ഹൃദയത്തിൽ നിന്ന് ഉദിക്കേണ്ട ഒരു മിഷണറി ബോധ്യം കൂടിയാണ്. തിരുബാലസഖ്യത്തിലെ ഓരോകുട്ടിയും പ്രാർത്ഥിക്കുന്ന മിഷണറിയാവണം, സ്നേഹിക്കുന്ന മിഷണറിയാവണം, സഹായിക്കുന്ന മിഷണറിയാവണം.

പുതുതലമുറയിലെ കുട്ടികൾ ജനിച്ചു വീഴുന്നതുതന്നെ ഡിജി റ്റൽ ലോകത്തിലേക്കാണ്. നമ്മുടെ കുട്ടികൾ വളരുന്നത് ബൈബിളും പുസ്തകങ്ങളും മാത്രം തുറക്കുന്ന ലോകത്തിലല്ല, പകരം മൊബൈൽ ഫോൺ, ഗെയിംസ്, സോഷ്യൽ മീഡിയ എന്നിവ നിറഞ്ഞ പുതുലോക ത്തിലാണ്. ഇവയുടെ ഉപഭോക്താക്കളായി തുടരുമ്പോഴും ഇതിന്റെ ഗുണ ദോഷങ്ങളെപ്പറ്റി നാമോരോരുത്തരും ബോധവാന്മാരുമാണ്. ഡിജിറ്റൽ കാലത്തിന്റെ ഗുണങ്ങളെ സഭയോടുംകൂടി ചേർത്തു നിർത്തിയല്ലേ നാം

പരിശീലിക്കേണ്ടത്? ഡിജിറ്റൽ സാധ്യതകളെ ദൈവം തന്ന ഒരു അവസരമായിക്കണ്ട് ശരിയായി ഉപയോഗിച്ചാൽ കുട്ടികൾക്ക് സഭയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും മറ്റു പ്രദേശങ്ങളിലെ മനുഷ്യരുടെ ജീവിതം കാണാനും വിശുദ്ധരുടെ കഥകൾ കേൾക്കാനും പ്രാർത്ഥനകൾ കണ്ടും കേട്ടും പഠിക്കാനും ഓൺലൈൻ വഴി തിരുവചനം വായിക്കാനുമൊക്കെയുള്ള എത്രയെത്ര സാധ്യതകളെ കണ്ടെത്താം. ഇത്തരത്തിൽ നല്ലകാര്യങ്ങൾ ചെയ്യാനും പഠനാവശ്യത്തിനായും ഇവ ഉപയോഗിക്കാമെങ്കിലും കുട്ടികൾ കുറേയധികം സമയം ഫോണിലും കമ്പ്യൂട്ടറിലും ചെലവഴിക്കാതിരിക്കാനും കൂടി നമ്മുടെ പ്രത്യേകശ്രദ്ധ വേണം എന്നതും പ്രധാന കാര്യമാണ്. ഡിജിറ്റൽ ലോകത്തിന്റെ ദോഷങ്ങളും കുട്ടികളെ പറഞ്ഞു മനസ്സിലാക്കേണ്ടതുണ്ട്. അതിരുകടന്ന മൊബൈൽ ഉപയോഗം പ്രാർത്ഥനയ്ക്കുള്ള സമയം ഇല്ലാതാക്കുന്നു, കുടുംബത്തിൽ പരസ്പരമുള്ള സംസാരം കുറയ്ക്കുന്നു, ഒറ്റപ്പെടലും അസൂയയും താരതമ്യവും വളർത്തുന്നു. സ്ക്രീനിൽ വളരുന്ന കുട്ടി, ഹൃദയത്തിലെ ദൈവത്തെ നഷ്ടപ്പെടുത്താൻ ഇടയാവരുത്.

നമ്മുടെ മക്കൾക്ക് നാം നൽകുന്ന ഏറ്റവും വലിയ സമ്പാദ്യം എന്താണ്? ഭൗതികമായ സൗകര്യങ്ങൾക്കും മികച്ച വിദ്യാഭ്യാസത്തിനുമപ്പുറം, ഈശോയോടൊപ്പമുള്ള ഒരു സൗഹൃദം അവർക്കുണ്ടോ? ഈശോയെ അവർ തങ്ങളുടെ പ്രിയപ്പെട്ടയാളായി സ്വീകരിക്കുന്നുവോ? വിശുദ്ധ മത്തായിയുടെ സുവിശേഷം 19:14-ൽ ഈശോ പറയുന്നു: 'ശിശുക്കളെ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, സ്വർഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്'. പലപ്പോഴും പല കാരണങ്ങളാൽ കുട്ടികൾ ഈശോയുടെ സ്നേഹത്തിൽ നിന്ന് അകന്നു പോവാറുണ്ട്. ദൈവാശ്രയത്തേക്കാൾ ഉപരിയായി ലോകചിന്തകളോ പരീക്ഷാ വിചാരങ്ങളോ അവരിൽ കുത്തിനിറയ്ക്കുമ്പോൾ, ഈശോയുടെ അടുത്തേക്കുള്ള വഴി അവർക്കു മുന്നിൽ മറയാതിരിക്കാൻ നാം ശ്രമിക്കണം. സ്വർഗരാജ്യത്തിന് അർഹരായ കുഞ്ഞുങ്ങളെ ദൈവാനുഭവത്തിലേക്ക് വളർത്തുക എന്നത് മാതാപിതാക്കളുടെ പ്രാഥമികകടമയാണ്. കുട്ടികൾ ഈശോയിലേക്ക് വരുന്നത് മാതാപിതാക്കളിലൂടെയാണ്. എല്ലാവരും ഒന്നിച്ചുള്ള കുടുംബപ്രാർത്ഥന ഹൃദയത്തിൽ തൊടുന്ന ദൈവാനുഭവമായി മാറണം. മാതാപിതാക്കൾ ഈശോയുമായി പുലർത്തുന്ന ബന്ധമാണ് മക്കളുടെ ജീവിതത്തിലെ ഏറ്റവും വലിയ പാഠപുസ്തകം.

കുട്ടികളുടെ എല്ലാ വിചാരങ്ങളിലും അവരുമായി ബന്ധപ്പെട്ട എല്ലാ ക്കാര്യങ്ങളിലും ഈശോയോട് കൂട്ടുകൂടണം എന്ന ബോധ്യം അവർക്കു നൽകണം. കുട്ടികൾക്ക് അവരുടെ പഠനം, കളികൾ, സങ്കടങ്ങൾ, കൊച്ചു

കൊച്ചു ആഗ്രഹങ്ങൾ എന്നിവയിലെല്ലാം ഈശോയെ കൂട്ടുപിടിക്കാൻ സാധിക്കണം. ദൈവമായ ഈശോ അവരുടെ എല്ലാ കാര്യങ്ങളും കേൾക്കുന്ന ഒരു അടുത്ത സുഹൃത്താണെന്ന് അവരെ പഠിപ്പിക്കുക. കുട്ടിക്ക് പഠിക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങൾ പഠിക്കുമ്പോൾ ഈശോയോട് സഹായം ചോദിക്കാൻ അവരെ ശീലിപ്പിക്കുക. സങ്കടങ്ങളിൽ ഈശോയുടെ വാക്കുകൾ അവർക്ക് ആശ്വാസമാകട്ടെ. ''എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' (മത്തായി 11:28) എന്ന വചനം കേൾക്കുന്ന ഒരു കുട്ടിക്ക് ആ വചനത്തെ അവന്റെ ജീവിതവുമായി ചേർത്ത് മനസ്സിലാക്കാൻ മാതാപിതാക്കളും മുതിർന്നവരും സഹായിക്കണം. ദൈവവചനം കുഞ്ഞുങ്ങൾ പഠിക്കേണ്ടതും മനസ്സിലാക്കേണ്ടതും ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. തോൽവികളിലും ചെറിയ വീഴ്ചകളിലും തളരാതെ, ഈശോയുടെ വചനത്തിൽ അവർക്ക് ആശ്വാസം കണ്ടെത്താൻ കഴിയണം.

''കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ'' എന്ന ആപ്ത വാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. വിശുദ്ധരുടെ സ്നേഹത്തണലിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു. എല്ലാവരേയും സഹായിക്കുവാനും പരിഗണിക്കുവാനും നന്മ ചെയ്യുവാനുമുള്ള പരിശീലനത്തിലൂടെ ക്രിസ്തുവാകുന്ന വെളിച്ചത്തിലേക്ക് അവർ നയിക്കപ്പെടുകയാണ്. സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും യഥാർത്ഥ മൂല്യാധിഷ്ഠിത ജീവിതം നയിക്കുവാനും തിരുബാലസഖ്യം അവരെ സഹായിക്കുന്നുവെന്നത് പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ഓരോ കുഞ്ഞും ഈശോയുടെ സ്നേഹം അനുഭവിക്കാനും ആ തണലിൽ വളരാനും അർഹരാണ്. അവരുടെ കുഞ്ഞു ഹൃദയങ്ങളിലെ ചെറിയ വിചാരങ്ങൾ പോലും ഈശോയുടെ പക്കൽ സമർപ്പിക്കാൻ നമുക്ക് അവരെ സഹായിക്കാം.

തിരുബാലസഖ്യത്തിലെ പ്രിയ കുട്ടികളേ, നിങ്ങൾ ചെറുതാണെന്ന് വിചാരിക്കരുത്. നിങ്ങൾ ഈശോയുടേയും നമ്മുടെ സഭയുടെയും ഏറ്റവും പ്രിയപ്പെട്ട മക്കളാണ്. ഒരു പ്രാർത്ഥനകൊണ്ട്, ഒരു ചെറിയ ത്യാഗംകൊണ്ട്, ഒരു പുഞ്ചിരികൊണ്ട്, ചെറിയ സഹായംകൊണ്ട് ലോകം മാറ്റാൻ നിങ്ങൾക്ക് കഴിയും. ''നീ എന്റെ സ്വന്തമാണ്'' എന്ന് ഉണ്ണീശോ നിങ്ങളോരോരുത്തരോടും പറയുന്നുണ്ട്. വർണ്ണങ്ങളുടെ ഡിജിറ്റൽ ലോകം നമ്മുടെ മുന്നിലുണ്ടാകാം, പക്ഷേ അതിനേക്കാൾ ആർദ്രമായ സ്നേഹത്തോടെ

ഈശോയുടെ വിളിയും കരുതലുമുണ്ട്, അവിടുത്തെ തിരുഹൃദയത്തിൽ നമുക്ക് ഇടവുമുണ്ട്. ഈ വർഷത്തെ തിരുബാലസഖ്യദിനത്തിൽ നിങ്ങൾ വിശ്വാസത്തിൽ ഉറച്ചവരാകട്ടെ, മിഷനറി ചൈതന്യത്തിൽ ജ്വലിക്കുന്ന വരാകട്ടെ, ഉണ്ണീശോയുടെ ഹൃദയത്തിനു അനുയോജ്യരാവട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ
ചെയർമാൻ കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ
വൈസ് ചെയർമാൻ കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. കൊച്ചി 682025

NB: 2026 ഫെബ്രുവരി 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

I

രോഗീദിനം

ആഗോളസഭയിൽ *ഫെബ്രുവരി 11-ാം* തീയതി രോഗീദിനമായി ആചരിക്കുകയാണ്. രോഗികളെയും ശാരീരികവും മാനസികവുമായ വൈകല്യങ്ങളനുഭവിക്കുന്നവരെയും അന്നേദിവസം പ്രത്യേകമായി പ്രാർഥനയിൽ അനുസ്മരിക്കേണ്ടതാണ്. രോഗികൾക്കുള്ള പ്രത്യേകനിയോഗപ്രകാരം പള്ളികളിൽ അന്നു പ്രത്യേകസ്തോത്രക്കാഴ്ചയെടുക്കേണ്ടതും അങ്ങനെ ലഭിക്കുന്ന തുക മെഡിക്കൽ എയ്ഡ് ഫണ്ടിലേക്കായി അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ **ഫെബ്രുവരി ഇരുപത്തിയെട്ടിനകം** ഏല്പിക്കേണ്ടതുമാണ്.

II

അതിരൂപതാ ബൈബിൾ കൺവെൻഷൻ

അതിരൂപതയുടെ 27-ാമതു ബൈബിൾ കൺവെൻഷൻ **2026 ഫെബ്രുവരി 18 മുതൽ 22 വരെ** (വൈകുന്നേരം 3:30-9:00) ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ നടത്തപ്പെടുന്നതാണ്. പാലക്കാട് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സേവ്യർ ഖാൻ വട്ടായിലാണു കൺവെൻഷൻ നയിക്കുന്നത്. ഈ കൺവെൻഷനിൽ ചങ്ങനാശ്ശേരി, കുട്ടനാട്-ആലപ്പുഴ, കോട്ടയം, നെടുങ്കുന്നം റീജനുകളിലെ ബഹു. വൈദികരും സമർപ്പിതരും ദൈവജനവും പങ്കെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. പ്രസ്തുതദിവസങ്ങളിൽ ഇടവക ധ്യാനമോ, കുടുംബക്കൂട്ടായ്മകളോ, പൊതുപരിപാടികളോ ക്രമീകരിക്കരുത്.

III

വലിയനോമ്പുകാലത്തെ വിവാഹാഘോഷങ്ങൾ

വലിയനോമ്പിന്റെ ആദ്യതിങ്കളാഴ്ച (വിഭൂതിത്തിങ്കൾ) മുതൽ പീഡാനുഭവശനിയാഴ്ചയുൾപ്പെടെയുള്ള ദിവസങ്ങളിൽ വിവാഹാഘോഷ

ങ്ങൾക്കു മുടക്കമാണെന്ന് ഇടവകജനങ്ങളെ ഓർമിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

IV
നിര്യാതരായ വൈദികർക്കുവേണ്ടിയുള്ള ഓർമക്കുർബാന

നമ്മുടെ അതിരൂപതയിൽനിന്ന് നിത്യതയിൽ പ്രവേശിച്ച വൈദികർക്കുവേണ്ടി ഫെബ്രുവരി 20-ാം തീയതി രാവിലെ 7ന് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ച് പ്രത്യേകമായി പ്രാർത്ഥിക്കുന്നതാണ്. ഓരോ ഇടവകയിൽ നിന്നും നിര്യാതരായ വൈദികരുടെ കുടുംബാംഗങ്ങളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം.

V
കാരിത്താസ് ചങ്ങനാശ്ശേരി

നോമ്പുകാലത്തിന്റെ ചൈതന്യമുൾക്കൊണ്ട് ഇടവകാംഗങ്ങൾ ഒരു ദിവസം ഉപവസിച്ച് ലഭിക്കുന്ന തുക അതിരൂപതയുടെ അടിയന്തര ദുരിതാശ്വാസസഹായപദ്ധതിയായ 'കാരിത്താസ് ചങ്ങനാശ്ശേരി'ക്കു വേണ്ടി സമാഹരിക്കേണ്ടതാണ്.

VI
രണ്ട് ടേം തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ സംബന്ധിച്ചുള്ള നിയമത്തിന്റെ വിശദീകരണം

അതിരൂപതാനിയമാവലിപ്രകാരം 'തുടർച്ചയായി രണ്ടു തവണയിൽ അധികം ഒരേ ആളുകൾ തെരഞ്ഞെടുക്കപ്പെടുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.' രണ്ടുതവണ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് തുടർച്ചയായി രണ്ടു ടേം അഥവാ ആറു വർഷങ്ങൾ എന്നതാണ്. വ്യക്തമായ കാരണമുണ്ടാവുകയും അതിരൂപതാ കച്ചേരിയുടെ അനുവാദം വാങ്ങുകയും ചെയ്തശേഷം ഒരു വർഷത്തിലധികം ആ കാലാവധിയിൽ മാറി നിന്നവരുണ്ടെങ്കിൽ അവരുടെ ടേം പൂർത്തിയായതായി കണക്കാക്കുവാൻ സാധിക്കുകയില്ല.

ഇടവകയിലെ ഓഡിറ്റേഴ്സിന്റെ തെരഞ്ഞെടുപ്പ് സംബന്ധിച്ച്

ഇടവകയുടെ ഓരോ വർഷത്തെയും കണക്ക് ഓഡിറ്റ് ചെയ്യുന്നതിന് രണ്ടിൽ കുറയാതെയും നാലിൽ കൂടാതെയുമുള്ള പ്രതിനിധി യോഗാംഗങ്ങളല്ലാത്ത യോഗ്യരായ വ്യക്തികളെ പൊതുയോഗം തെരഞ്ഞെടുത്ത് അതിരൂപതാ കച്ചേരിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. എത്രപേരെയാണോ ആവശ്യമുള്ളത്, അതിന്റെ ഇരട്ടി വരുന്ന ഒരു പാനൽ ബഹുമാ

നപ്പെട്ട വികാരിയച്ചൻ പൊതുയോഗത്തിന് മുമ്പാകെ വയ്ക്കേണ്ടതാണ്. അതിൽ നിന്നുമാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്. സാധിക്കുന്നിടത്തോളം ഓഡിറ്റിംഗിൽ മുൻപരിചയമുള്ള ഡിഗ്രി വിദ്യാഭ്യാസ യോഗ്യതയെങ്കിലും ഉള്ളവരെ പരിഗണിക്കുവാൻ ശ്രദ്ധിക്കണം.

പ്രതിനിധി യോഗത്തിലെ വോട്ട് അവകാശം സംബന്ധിച്ച്

ഒരു കുടുംബത്തിന് ഒരു വോട്ട് എന്ന നിലയിൽ കുടുംബ തലവനാണ് വോട്ടവകാശം ഉള്ളത്. പള്ളിയോഗനടപടിക്രമം 5.6-ൽ അനുശാസിക്കുന്നവിധം കുടുംബനാഥന്റെ അഭാവത്തിൽ കുടുംബനാഥയ്ക്കോ 21 വയസ്സ് പൂർത്തിയായ കുടുംബത്തിലെ മറ്റൊരാൾക്കോ ഈ അവകാശം ഉണ്ടായിരിക്കും.

യുവജനപ്രതിനിധിയുടെ തെരഞ്ഞെടുപ്പിൽ പള്ളി യോഗ നടപടിക്രമം 8.3.7 പാലിക്കേണ്ടതാണ്

❑

"ഉണർന്നു പ്രശോഭിക്കുക, നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു". *(ഏശയ്യാ 60:1)*

2026 ഫെബ്രുവരി 18 മുതൽ 22 വരെ

റവ. ഫാ. സേവ്യർ ഖാൻ വട്ടായിൽ *നയിക്കുന്ന*

27-ാമതു ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ കൺവെൻഷൻ

ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ
വൈകുന്നേരം 3.30 മുതൽ 9 വരെ

അതിരൂപതാ ബൈബിൾ കൺവെൻഷന്റെ വിജയത്തിനായുള്ള പ്രാർഥന

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രിയേകദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. കർത്താവും ദൈവവുമായ ഈശോയേ, അങ്ങയുടെ ശിഷ്യനായ മാർ തോമാ ശ്ലീഹായിലൂടെ ഭാരതത്തിൽ വിശ്വാസവെളിച്ചം പകരുകയും ഞങ്ങളെ അങ്ങയുടെ സ്വന്തം ജനമായി വിളിച്ചുചേർക്കുകയും ചെയ്ത അങ്ങയുടെ അനന്തസ്നേഹത്തിനു ഞങ്ങൾ നന്ദിപറയുന്നു.

അതിരൂപതാ ബൈബിൾ കൺവെൻഷനിൽ കുടുംബസമേതം പൂർണമായി പങ്കെടുക്കാനുള്ള ആത്മീയ ഉണർവും അനുകൂലസാഹചര്യങ്ങളും നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ.

'സമുദായശക്തീകരണവർഷത്തിൽ', ഏകമനസോടെ തിരുസഭാകൂട്ടായ്മയിൽ വളരാനും ആത്മീയ-സാമൂഹ്യമേഖലകളിൽ മ്ശിഹായ്ക്കു സാക്ഷ്യം വഹിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

കൺവെൻഷൻ നയിക്കുന്ന ബഹുമാനപ്പെട്ട സേവ്യർ ഖാൻ വട്ടായിൽ അച്ചനെയും റ്റീമംഗങ്ങളെയും അവിടുത്തെ പരിശുദ്ധ റൂഹായാൽ നിറയ്ക്കണമേ. സീനായ് മലയിൽ ഇസ്രായേൽ ജനത്തെ ഒരുമിച്ചുകൂട്ടിയ കർത്താവേ, അതിരൂപതാ കൺവെൻഷൻ വചനകൂടാരത്തിലേക്കു ഞങ്ങളെയും ഒരുമിച്ചുചേർക്കണമേ. സകലത്തിന്റെയും നാഥാ എന്നേക്കും,

ആമ്മേൻ.

(പള്ളികളിൽ പരിശുദ്ധ കുർബാനയെത്തുടർന്നും
കുടുംബങ്ങളിൽ സന്ധ്യാപ്രാർഥനയ്ക്കുശേഷവും ചൊല്ലുക)

'സമുദായശക്തീകരണവർഷം 2026'

ചങ്ങനാശ്ശേരി അതിരൂപത

ബൈബിൾ കൺവെൻഷൻ

' ഉണർന്നുപ്രശോഭിക്കുക; നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു" (ഏശയ്യാ 60:1)

2026 ഫെബ്രുവരി 18 ബുധൻ മുതൽ 22 ഞായർ വരെ
ചങ്ങനാശ്ശേരി എസ്.ബി കോളേജ് - മാർ ജോസഫ് പവ്വത്തിൽ നഗറിൽ

വൈകുന്നേരം 3.30 മുതൽ 9 വരെ

ഇൻഫെന്റ് ജീസസ് ഹോസ്പിറ്റലിൽ എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും ഒ.പി. സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. ഒരേ സമയം 100 രോഗികളെ ഇൻപേഷ്യന്റായി പരിചരിക്കാനുള്ള സൗകര്യവും തയ്യാറാക്കിയിട്ടുണ്ട് ആദ്യഘട്ടത്തിൽ ജനറൽ മെഡിസിൻ, പീഡിയാട്രിക് & നിയോനെറ്റോളജി, ഒബ്ട്രിക് & ഗൈനക്, ഇ.എൻ.റ്റി. ജനറൽ & ലാപ്രസ്കോപിക് സർജറി, ഓർത്തോപ്പീഡിക്സ്, സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളായ കാർഡിയോളജി ന്യൂറോളജി, യൂറോളജി, പൾമനോളജി, ന്യൂറോസർജറി, നെഫ്രോളജി, ഗ്യാസ്ട്രോളജി, റുമറ്റോളജി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ വിദഗ്ധ ഡോക്ടറുന്മാരുടെ സേവനം ലഭ്യമാണ്. 24 മണിക്കൂറും അഡ്വാൻസ്ഡ് ആബുലൻസ് സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. എക്കോ, കാർഡിയോളജി ഗ്രാഫി, റ്റി.എം.ടി., എക്സറേ സ്കാനിങ്, ലാബ്, ഫാർമസി സൗകര്യങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ

തയ്യാറാക്കിയിരിക്കുന്നു. 24 മണിക്കൂറും സുസജ്ജമായ രണ്ട് ലാമിനർ ഫ്ളോ ഓപ്പറേഷൻ തീയറ്റർ സൗകര്യങ്ങളുണ്ട്. മെഡിക്കൽ ഐ.സി.യു., നിയോ സർജിക്കൽ ഐ.സി.യു. എന്നിവ മധ്യകേരളത്തിലെ ഏറ്റവും മികച്ചതായിരിക്കും. നവജാത ശിശുക്കളുടെ പരിചരണത്തിനായുള്ള തിയേറ്റർ ഐ.സി.യു., എല്ലാ നേരവും സജ്ജമായ വെൻറിലേറ്റർ സൗകര്യത്തോടുള്ള ഐ.സി.യു. എന്നിവ പ്രവർത്തന സജ്ജമാണ്

Jingle & Mingle ' 25

ആശുപത്രിയിൽ ക്രിസ്തുമസ് ആഘോഷപരിപാടികൾ ഡിസംബർ 22നു സംഘടിപ്പിച്ചു. ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത മുൻ മെത്രാപ്പോലീത്ത ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം മുഖ്യപ്രഭാഷണം നടത്തി. വിവിധ കലാപരിപടികൾ, സ്നേഹവിരുന്ന് എന്നിവയും ഇതിന്റെ ഭാഗമായിരുന്നു.

NABH പുനർമൂല്യനിർണ്ണയം

ആശുപത്രിയിലെ എമർജൻസി വിഭാഗത്തിന്റെ NABH പുനർമൂല്യനിർണ്ണയം (reassessment) വിജയകരമായി പൂർത്തിയാക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തു. ഗുണനിലവാരം, രോഗീസുരക്ഷ, കൃത്യസമയത്തുള്ള അടിയന്തര പരിചരണം എന്നിവയിൽ ചെത്തിപ്പുഴ ആശുപത്രി പുലർത്തുന്ന വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയുടെ പ്രതിഫലനമാണ് ഈ നേട്ടം. ക്വാളിറ്റി ടീമിന്റെ അശ്രാന്തപരിശ്രമവും കൃത്യമായ ഇടപെടലുകളുമാണ് ഇത് സാധ്യമാക്കിയത്. ഓരോ രോഗിക്കും സുരക്ഷിതവും വിശ്വസനീയവും അനുകമ്പ നിറഞ്ഞതുമായ പരിചരണം നൽകുന്നതിനായി സേവനങ്ങളും സംവിധാനങ്ങളും കൂടുതൽ മെച്ചപ്പെടുത്തി.

ലാംപ് ലൈറ്റിങ് സെറിമണി

സെന്റ് തോമസ് കോളേജ് ഓഫ് നഴ്സിങ്ങിൽ 24മത് ബി.എസ്.സി. നേഴ്സിങ് ബാച്ചിന്റെ ലാംപ് ലൈറ്റിങ് സെറിമണി 2026 ജനുവരി 15ന് സാന്തോം ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ ആർച്ചുബിഷപ് മാർ തോമസ് തറയിൽ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഡോ. ജോൺ തെക്കേക്കര അധ്യക്ഷനായിരുന്നു. തുടർന്ന് 65 പുതിയ വിദ്യാർത്ഥികൾ ദീപം തെളിച്ച് പ്രതിജ്ഞ എടുത്തു. STIHAME എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജെയിംസ് പി. കുന്നത്ത് മുഖ്യപ്രഭാഷണം നടത്തി. STIHAME അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് അത്തിക്കളം സ്വാഗതവും കോളേജ് പ്രിൻസിപ്പൽ പ്രൊഫസർ ഡോ. ഷൈല ഐപ്പ് വർഗീസ് ഏവർക്കും നന്ദിയും രേഖപ്പെടുത്തി.

ചുമതലയേറ്റു

ആശുപത്രിയിലെ കൺസൾട്ടന്റ് എമർജൻസി ഫിസിഷ്യനായി Dr. Alina V Roji MBBS MEM ചുമതലയേറ്റു. അനസ്തേഷ്യ വിഭാഗത്തിൽ കൺസൾട്ടന്റായി Dr. Mithul Mathew Thomas MBBS MD ചുമതലയേറ്റു

സെന്റ് തോമസ് നഴ്സിങ് കോളേജിലെ വിദ്യാർത്ഥിനിക്ക് ഒന്നാം സ്ഥാനം

കേരള ആരോഗ്യ സർവകലാശാല 2025 ഡിസംബർ 13ന് കോഴിക്കോട് നടത്തിയ അന്തർസംസ്ഥാന കായിക മത്സരത്തിൽ സെന്റ് തോമസ് കോളേജ് ഓഫ് നേഴ്സിങ് ചെത്തിപ്പുഴയിലെ അഞ്ചാം സെമസ്റ്റർ വിദ്യാർഥിനി റോസി കുര്യൻ ഹൈജംപിൽ ഒന്നാംസ്ഥാനം നേടി

ഫാ. മാർട്ടിൻ മുപ്പതിൽചിറ
ഫാ. ജേക്കബ് അത്തിക്കളം
ഫാ. ജോസ് പുത്തൻചിറ
(അസ്സോസിയേറ്റ് ഡയറക്ടർമാർ)

ഫാ. ജയിംസ് കുന്നത്ത്
(എക്സിക്യൂട്ടീവ് ഡയറക്ടർ)

സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

പുതുവത്സരദിനാഘോഷം

ആലപ്പുഴ സഹൃദയ ആശുപത്രിയിൽ ജനുവരി 1ന് പുതുവത്സര ദിനത്തിൽ സ്റ്റാഫ് വെൽഫെയർ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഹോസ്പിറ്റലിലെ എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും ഉച്ചഭക്ഷണം ആശുപത്രി അങ്കണത്തിൽ ക്രമീകരിച്ചു. കൂടാതെ ആശുപത്രിയിൽ എല്ലാ രോഗികളെയും സഹൃദയ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ തോമസ് മാളിയേക്കൽ, അസി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറയുടെയും സാന്നിധ്യത്തിൽ രോഗികളെ സന്ദർശിച്ച് പുതുവത്സരാശംസകൾ നേരുകയും ചെയ്തു.

നാഷണൽ ബ്ലഡ് ഡോണർ മാസം: സഹൃദയ ആശുപത്രിയിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു

നാഷണൽ ബ്ലഡ് ഡോണർ മാസാചരണത്തിന്റെ ഭാഗമായി ആലപ്പുഴയിലെ സഹൃദയ ആശുപത്രിയിൽ ജനുവരി 7ന് ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. രക്തദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സമൂഹത്തിൽ സുരക്ഷിതമായ രക്തദാനം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള അവബോധം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി ആശുപത്രിയുടെ ചീഫ് മെഡിക്കൽ ഓഫീസർ (CMO) ഡോ. കെ. പി. ഹെഗ്ഡെ ക്ലാസിനെ അഭിസംബോധന ചെയ്തു. സ്വമേധയാ രക്തദാനം ചെയ്യുന്നതിലൂടെ അനേകം ജീവനുകൾ രക്ഷിക്കാനാകുമെന്നും, ആരോഗ്യവാനായ ഓരോ വ്യക്തിയും രക്തദാനത്തിന് മുന്നോട്ടുവരണമെന്നും അദ്ദേഹം പറഞ്ഞു. രക്തദാനവുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകൾ മാറ്റേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി. ക്ലാസിൽ രക്തദാനത്തിന് യോഗ്യതയുള്ളവർ ആരെല്ലാമാണ്, രക്തദാനം ചെയ്യുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ, രക്തദാനത്തിന് ശേഷമുള്ള പരിചരണം, അടിയന്തര സാഹചര്യങ്ങളിൽ രക്തദാനത്തിന്റെ നിർണായക പങ്ക് തുടങ്ങിയ വിഷയങ്ങൾ വിശദമായി അവതരിപ്പിച്ചു. ആശുപത്രിയിലെ ജീവനക്കാരും പൊതുജനങ്ങളും ക്ലാസിൽ പങ്കെടുത്തു. പങ്കെടുത്തവരുടെ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി നൽകി. ആരോഗ്യരംഗത്ത് സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള

ഇത്തരം ബോധവത്കരണ പ്രവർത്തനങ്ങൾ തുടരുമെന്ന് സഹൃദയ ആശുപത്രി അധികൃതർ അറിയിച്ചു.

സെമിനാർ സംഘടിപ്പിച്ചു

നാഷണൽ ഡയറ്റിറ്റിക്സ് ഡേയോട് അനുബന്ധിച്ച് ആലപ്പുഴ സഹൃദയ ആശുപത്രിയിൽ ജനുവരി 10 ന് സ്റ്റാഫുകൾക്കായി സെമിനാർ നടത്തപ്പെട്ടു. ' Good Nutrition Plays A Critical Part Of Health & Development " എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തപ്പെട്ടത്. ആലപ്പുഴ സഹൃദയ ആശുപത്രിയിൽ ഡയറ്ററി വിഭാഗം ശ്രീമതി ഹിമ വിദ്യാധരന്റെ നേതൃത്വത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്. ആരോഗ്യപരമായ ഒരു ജീവിതത്തിനായി ചിട്ടയായ ഭക്ഷണക്രമവും ജീവിതശൈലിയും എല്ലാവരും ശീലമാക്കേണ്ടതാണ് എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ബോധവൽക്കരണ ക്ലാസ് നടത്തപ്പെട്ടത്. വിവിധ തരത്തിലുള്ള ഡെയിലി ഡയറ്റ് പ്ലാൻസ് ഹോസ്പിറ്റലിലെ രോഗികൾക്കും മറ്റ് സ്റ്റാഫ് അംഗങ്ങൾക്കും നൽകുകയും ചെയ്തു.

സഹൃദയാ ആശുപത്രിയിൽ നാഷണൽ ഫാർമസിസ്റ്റ് ദിനം ആഘോഷിച്ചു

സഹൃദയാ ആശുപത്രി, ആലപ്പുഴയിൽ ജനുവരി 12 ന് നാഷണൽ ഫാർമസിസ്റ്റ് ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ആശുപത്രിയിലെ ഫാർമസി വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ആരോഗ്യസംരക്ഷണ രംഗത്ത് ഫാർമസിസ്റ്റുകൾ വഹിക്കുന്ന നിർണായക പങ്കിനെക്കുറിച്ച് ബോധവത്കരണം നടത്തി. പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിച്ച സഹൃദയാ ആശുപത്രി, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ആശുപത്രിയിലെ ഫാർമസിസ്റ്റുകളുടെ സേവനം ഏറെ അഭിനന്ദനാർഹമാണെന്ന് പറഞ്ഞു. രോഗികൾക്ക് സുരക്ഷിതവും കൃത്യവുമായ മരുന്നുകൾ ലഭ്യമാക്കുന്നതിൽ ഫാർമസിസ്റ്റുകൾ കാണിക്കുന്ന ഉത്തരവാദിത്തവും സമർപ്പണവും ആശുപത്രിയുടെ ഗുണനിലവാരം ഉയർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം പ്രസംഗത്തിൽ വ്യക്തമാക്കി. ആരോഗ്യസംരക്ഷണ ശൃംഖലയിലെ അവിഭാജ്യ ഘടകങ്ങളായ ഫാർമസിസ്റ്റുകൾ രോഗികളുടെ ചികിത്സാ പ്രക്രിയയിൽ നിർണായക സ്ഥാനമാണ് വഹിക്കുന്നതെന്നും, അവരുടെ സേവനങ്ങൾക്ക് ആശുപത്രി ഭരണസമിതി നന്ദി രേഖപ്പെടുത്തുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. നാഷണൽ ഫാർമസിസ്റ്റ് ദിനാചരണത്തിന്റെ ഭാഗമായി പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. മരുന്നുകളുടെ ശരിയായ ഉപയോഗം, രോഗി സുരക്ഷ, ഫാർമസിസ്റ്റുകളുടെ സാമൂഹിക ഉത്തരവാദിത്തം എന്നിവ പ്രമേയമാക്കി നടന്ന മത്സരത്തിൽ ജീവനക്കാർ ആവേശപൂർവ്വം പങ്കെടുത്തു. മികച്ച പോസ്റ്ററുകൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. പരിപാടിയുടെ ഭാഗമായി ഫാർമസിസ്റ്റുകളെ ആദരിക്കുകയും, അവരുടെ സേവനങ്ങളെക്കുറിച്ച് ജീവനക്കാരെ ബോധവത്കരിക്കുകയും ചെയ്തു. ഫാർമസി വിഭാഗത്തിലെ ജീവനക്കാരുടെ കൂട്ടായ്മയോടെയാണ് പരിപാടികൾ സമാപിച്ചത്.

ബോധവൽക്കരണ സെമിനാർ നടത്തപ്പെട്ടു

ആലപ്പുഴ സഹൃദയ ആശുപത്രിയിൽ എച്ച് എം പി വി വൈറസ് വർദ്ധിച്ചു

വരുന്നതിനെ തുടർന്ന് ജനുവരി 15ന് സ്റ്റാഫുകൾക്കായി ബോധവൽക്കരണ സെമിനാർ നടത്തപ്പെട്ടു. ''എച്ച് എം പി വി വൈറസ്- ഭയം വേണ്ട കരുതലും ശ്രദ്ധയും മതി'' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ആശുപത്രിയുടെ ജനറൽ മെഡിസിൻ വിഭാഗം ഡോ. ഗോവിന്ദ് ആശുപത്രിയിലെ സ്റ്റാഫുകൾക്കായി സെമിനാർ ക്രമീകരിച്ചിരുന്നത്. നേരിട്ടുള്ള സമ്പർക്കത്തിലൂടെയോ വൈറസ് ഉള്ള വസ്തുക്കൾ സ്പർശിക്കുന്നതിലൂടെയോ രോഗം പകരാം എന്ന അവബോധം നൽകുകയും അതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ ഉടൻതന്നെ ചികിത്സ നേടേണ്ടതും അത്യാവശ്യമാണ് എന്ന് ഡോക്ടർ പറഞ്ഞു. കൂടാതെ ആശുപത്രിയുടെ റിസപ്ഷൻ ഏരിയയിൽ വീഡിയോ പ്രദർശിപ്പിക്കുകയും ചെയ്തു.

സെർവൈക്കൽ കാൻസർ വാരാചരണം: ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു

സെർവൈക്കൽ കാൻസർ വാരാചരണത്തിന്റെ ഭാഗമായി സഹൃദയ ആശുപത്രിയിലെ ജനുവരി 15ന് ഒബ്സ്ട്രെട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ വനിതാ ജീവനക്കാർക്കായി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. വിഭാഗത്തിലെ വിദഗ്ധ ഡോക്ടറായ ഡോ. ആൻസി ക്ലാസിന് നേതൃത്വം നൽകി. സെർവൈക്കൽ കാൻസറിന്റെ കാരണങ്ങൾ, ലക്ഷണങ്ങൾ, പ്രതിരോധ മാർഗങ്ങൾ, സ്ക്രീനിംഗ് പരിശോധനകളുടെ പ്രാധാന്യം, എച്ച്പിവി വാക്സിനേഷൻ എന്നിവയെക്കുറിച്ച് ഡോ. ആൻസി വിശദമായി സംസാരിച്ചു. സ്ത്രീകളിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന കാൻസറുകളിൽ ഒന്നായ സെർവൈക്കൽ കാൻസർ നേരത്തെ കണ്ടെത്തിയാൽ പൂർണ്ണമായി ചികിത്സിക്കാനാകുമെന്നും, അതിനായി സ്ഥിരമായ പരിശോധനകൾ അനിവാര്യമാണെന്നും ഡോക്ടർ വ്യക്തമാക്കി. ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള വനിതാ ജീവനക്കാർ ക്ലാസിൽ പങ്കെടുത്തു. സംശയങ്ങൾ ഉന്നയിക്കാനും അവയ്ക്ക് വിദഗ്ധ മറുപടികൾ ലഭിക്കാനും അവസരം ഒരുക്കിയിരുന്നു. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിൽ അവബോധം വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

ഫാ. ആന്റണി പെരുമ്പള്ളിത്തറ
ഫാ. ചാക്കോ ഇടമുറിയിൽ
(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർമാർ)

ഫാ. തോമസ് മാളിയേക്കൽ
(എക്സിക്യൂട്ടിവ് ഡയറക്ടർ)

❑

പ്രവാസി അപ്പോസ്തലേറ്റ്

പ്രിയ പ്രവാസി സഹോദരങ്ങളേ

പശ്ചാത്താപത്തിന്റെയും പരിത്യാഗത്തിന്റെയും ആത്മസമർപ്പണത്തിന്റെയും അമ്പതു ദിവസങ്ങളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഏവർക്കും പ്രാർഥനാശംസകൾ.

ജനുവരി 11നു ജിസിസി രാജ്യങ്ങളിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളുടെ മീറ്റിങ് നടത്തുകയുണ്ടായി. കുറുമ്പനാടം ദൈവാലയ ഓഡിറ്റോറിയത്തിൽ ജനുവരി 18നു നടത്തിയ സമുദായശക്തീകരണവർഷ ഉദ്ഘാടനത്തിൽ പ്രവാസി അപ്പോസ്തലേറ്റിനെ പ്രതിനിധീകരിച്ച് എക്സിക്യൂട്ടീവംഗങ്ങൾ പങ്കെടുത്തു. പ്രവാസി അപ്പോസ്തലേറ്റിന്റെ വളർച്ചയുടെ ഭാഗമായി, അതിരൂപതയുടെ പ്രവർത്തനങ്ങൾ വേഗത്തിൽ പ്രവാസികളിലേക്ക് എത്തിക്കുന്നതിനായി, പ്രവാസികളുടെ ആവശ്യങ്ങളിൽ അവരെ വേഗത്തിൽ സഹായിക്കുന്നതിനായി, നാം ഉണ്ടാക്കിയ സോഫ്റ്റ്‌വെയർ പ്രവാസികൾക്കായി തുറന്നുകൊടുത്തു. ഈ സോഫ്റ്റ്‌വെയറിൽ ഓൺലൈൻ സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി.

ഫാ. മാത്യു മാറാട്ടുകളം
(അസ്സിസ്റ്റന്റ് ഡയറക്ടർ)

ഫാ. ജോസഫ് പുതുവീട്ടിൽകളം
(ഡയറക്ടർ)

ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ
വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)

❑

കത്തോലിക്കാ കോൺഗ്രസ്
(AKCC)

എക്സലൻഷ്യാ സീസൺ 4 മേഖലാതല ക്വിസ്മത്സരം നടത്തപ്പെട്ടു

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ തുടർച്ചയായി നാലാം തവണയും സംഘടിപ്പിക്കുന്ന അഭി. മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസ്മത്സരം എക്സലൻഷ്യ സീസൺ 4ന്റെ മേഖലാതല മത്സരങ്ങൾ ജനുവരി 17 രാവിലെ 9:30 മുതൽ നാല് മേഖലകളിലായി നടത്തപ്പെട്ടു

മണിമല, നെടുങ്കുന്നം, കുറുമ്പനാടം എന്നീ ഫൊറോനാകൾ ഉൾക്കൊള്ളുന്ന കിഴക്കൻ മേഖല മത്സരം നെടുംങ്കുന്നം സെന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയിലെ മീഡിയാഹാളിൽ നടത്തപ്പെട്ടു. ഫൊറോനാ വികാരി ഫാ. വർഗീസ് കൈതപ്പറമ്പിൽ മത്സരം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി, തുരുത്തി, തൃക്കൊടിത്താനം, ചെങ്ങന്നൂർ ഫോറോനകൾ ഉൾക്കൊള്ളുന്ന മധ്യമേഖല മത്സരങ്ങൾ പാറേൽ സെന്റ് മേരീസ് പള്ളി മിനി പാരിഷ്ഹാളിൽ നടന്നു. കത്തോലിക്കാ കോൺഗ്രസ് ഫൊറോനാ ഡയറക്ടർ ഫാ. ലിബിൻ തുണ്ടുകുളം മത്സരം ഉദ്ഘാടനം ചെയ്തു.

പുളിങ്കുന്ന്, ആലപ്പുഴ, ചമ്പക്കുളം, എടത്വാ, മുഹമ്മ ഫൊറോനകൾ ഉൾക്കൊള്ളുന്ന പടിഞ്ഞാറൻ മേഖല മത്സരങ്ങൾ ചമ്പക്കുളം സെന്റ് മേരീസ് ഹൈസ്കൂളിൽ നടത്തപ്പെട്ടു. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക റെക്ടർ ഫാ. ജയിംസ് പാലക്കൽ മത്സരം ഉദ്ഘാടനം ചെയ്തു.

കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനകൾ ഉൾക്കൊള്ളുന്ന വടക്കൻ മേഖല മത്സരങ്ങൾ കോട്ടയം ലൂർദ്ദ് ഫൊറോനാപ്പള്ളി മിനി ഹാളിൽ നടത്തപ്പെട്ടു. വടക്കൻ മേഖലാ മത്സരങ്ങൾ കോട്ടയം ലൂർദ് ഫൊറോനാപ്പള്ളി അസി. വികാരി ഫാ. സേവ്യർ ഇലവുംമൂട്ടിൽ ഉദ്ഘാടനം ചെയ്തു.

അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്നുള്ള യു.പി., ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിലെ മുൻകൂട്ടി രജിസ്റ്റർ ചെയ്ത 500ൽ പ്പരം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. കത്തോലിക്കാ കോൺഗ്രസ് അതിരൂപത, ഫൊറോനാ ഭാരവാഹികൾ, MGY ഗ്രൂപ്പ് അംഗങ്ങൾ തുടങ്ങിയവർ മത്സരങ്ങൾക്ക് നേതൃത്വം നല്കി.

പ്രസ്തുത മത്സരത്തിൽ വിജയികളായവർക്ക് അതിരൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കും.

നേതൃ സംഗമം

കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഭാരവാഹികളുടെയും വിവിധ കൗൺസിൽ കോ-ഓർഡിനേറ്റേഴ്സിന്റെയും സംയുക്ത നേതൃസംഗമം ഒക്ടോബർ 30 വ്യാഴാഴ്ച വൈകുന്നേരം 4.30ന് സന്ദേശംനിലയം ഹാളിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറെവീട്ടിലിന്റെ അധ്യക്ഷതയിൽ ചേർന്ന നേതൃസംഗമം അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ

മാനാട്ട് ഉദ്ഘാടനം ചെയ്തു. സംഘടനയുടെ തുടർന്നുള്ള പരിപാടികളായ എക്സലഷ്യാ സീസൺ 4, മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസ് മത്സരം, ജനപ്രതിനിധി സംഗമം, ഗ്രേസ് ഫുൾ ജേർണി എന്നീ പരിപാടികളുടെ നടത്തിപ്പിനാവശ്യമായ തീരുമാനങ്ങൾ യോഗം കൈക്കൊണ്ടു. പുതിയ യൂണിറ്റുകളുടെ രൂപീകരണം, യൂണിറ്റ് ശക്തീകരണം തുടങ്ങിയ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചചെയ്തു.

പുതിയ യൂണിറ്റുകൾ

സമുദായശക്തീകരണവർഷത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകൾ ആരംഭിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഡിസംബർ 21 ഞായറാഴ്ച രാവിലത്തെ പരിശുദ്ധ കുർബാനയ്ക്കു ശേഷം മണിമല ഫൊറോനയിലെ കോട്ടാങ്കൽ, ചുങ്കപ്പാറ എന്നീ ഇടവകകളിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകൾക്ക് തുടക്കംകുറിച്ചു. യൂണിറ്റ് രൂപീകരണത്തിന് അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ, വൈസ് പ്രസിഡന്റ് ജോർജ്കുട്ടി മുക്കത്ത് എന്നിവർ നേതൃത്വം നല്കി.

പ്രതികരണം

ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്: സർക്കാർ ഒളിച്ചു കളി അവസാനിപ്പിക്കണം – കത്തോലിക്കാ കോൺഗ്രസ്

വിവിധ ക്രൈസ്തവ സമൂഹങ്ങളുടെ ദീർഘകാലമായ ആവശ്യങ്ങളെ മുൻനിറുത്തി ക്രൈസ്തവ പിന്നാക്കാവസ്ഥയെപറ്റി പഠിക്കാൻ ഒന്നാം പിണറായി സർക്കാർ പിന്നീട് വരുന്ന തെരഞ്ഞെടുപ്പിന് മുൻപ് നിയോഗിച്ച ജസ്റ്റിസ് ബെഞ്ചമിൻ കോശി കമ്മീഷൻ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ട് രണ്ടരവർഷങ്ങൾ പൂർത്തീകരിച്ചു. വിവിധ സഭകളും സമുദായസംഘടനകളും കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടണം എന്ന ആവശ്യം ഉന്നയിച്ച് പലതവണ സർക്കാരിനെ സമീപിച്ചിരുന്നു. ഈ ആവശ്യം അനുഭാവപൂർവം പരിഗണിക്കാം എന്നാണ് ആ സമയങ്ങളിൽ ഒക്കെ ബന്ധപ്പെട്ടവർക്ക് സർക്കാർ നൽകിയ ഉറപ്പ്.

എന്നാൽ ഇപ്പോൾ പുറത്തുവരുന്ന വാർത്തകൾ ശരിയെങ്കിൽ സർക്കാർ റിപ്പോർട്ട് പുറത്തുവിട്ട് ചർച്ചകൾ നടത്തിയില്ല എന്നു മാത്രമല്ല. റിപ്പോർട്ടിലെ ബഹുഭൂരിപക്ഷം നിർദ്ദേശങ്ങളും നടപ്പിലാക്കി എന്ന ഒരു പ്രചരണം മാത്രമാണ് നടത്തിയിട്ടുള്ളത്. ഇതു പൂർണ്ണമായും ക്രൈസ്തവ സമൂഹത്തെ കബളിപ്പിക്കലാണ്. ബോധപൂർവമായി തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു. കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിത്തരുന്നത് ആരുടെയും ഔദാര്യമല്ല. മറിച്ച് അത് ന്യൂനപക്ഷവിഭാഗമായ ക്രൈസ്തവസമൂഹത്തിന്റെ പിന്നാക്കാവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടിയുള്ള അവകാശങ്ങളുടെ ഭാഗമാണ്. സർക്കാർ പറയുന്നതുപോലെ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ട് എങ്കിൽ ആയത് പൊതുസമൂഹത്തിന്റെ മുൻപിൽ പരസ്യമാക്കുന്നതിന് എന്താണ് ബുദ്ധിമുട്ട്. നടപ്പിലാക്കി എന്നുപറയുന്ന നിർദ്ദേശങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ തന്നെ ക്രൈസ്തവസമൂഹത്തിന്റെ ഇപ്പോഴത്തെ സംശയത്തിൽനിന്ന് മാറിനിൽക്കാൻ സർക്കാരിന് സാധിക്കുകയും ചെയ്യും.

എന്നാൽ ഇതുവരെയും നടപ്പിലാക്കാത്ത ശുപാർശകൾ നടപ്പിലാക്കി എന്ന ബോധപൂർവമായ പ്രചരണമാണ് സർക്കാർ ഉദ്ദേശിക്കുന്നത് എങ്കിൽ സമുദായത്തിന്റെ ഭാഗത്തുനിന്ന് ആസന്നമായ തെരഞ്ഞെടുപ്പിൽ ബോധപൂർവമായ ഇടപെടൽ ഉണ്ടാവും എന്ന് കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപതാസമിതി അറിയിച്ചു.

പ്രസ്തുത വിഷയത്തിലുള്ള പ്രതികരണം ജനുവരി 8 ലെ പത്രമാധ്യമങ്ങളിലൂടെ പൊതു സമൂഹത്തെ അറിയിക്കുകയും ചെയ്തു.

സമുദായശക്തീകരണവർഷ അതിരൂപതാതല ഉദ്ഘാടനം

സീറോമലബാർസഭയിൽ സമുദായശക്തീകരണവർഷമായി പ്രഖ്യാപിച്ച 2026 അതിരൂപതാതല പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജനുവരി 18 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ നടത്തപ്പെട്ടു. കത്തോലിക്കാ കോൺഗ്രസിന്റെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള ഭാരവാഹികൾ ഈ മീറ്റിങ്ങിൽ പങ്കാളികളായി. പ്രസ്തുത പരിപാടിക്ക് അതിരൂപതാഭാരവാഹികൾ നേതൃത്വംനൽകി അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ജനറൽ കോ-ഓർഡിനേറ്ററായും പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ ജനറൽ കൺവീനറായുമുള്ള വിവിധ കമ്മിറ്റികളാണ് പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചത്.

ഫാ. സാവിയോ മാനാട്ട്
(ഡയറക്ടർ)

ബിജു സെബാസ്റ്റ്യൻ
(പ്രസിഡന്റ്)

ബിനു ഡൊമിനിക്
(ജനറൽ സെക്രട്ടറി)

❑

കേരള ലേബർ മൂവുമെന്റ്
(KLM)

"അഹ്ദൂഥാ' 26"

എല്ലാ സംഘത്തിന്റെയും ഭാരവാഹികളെ വിളിച്ചുകൂട്ടി കെ.എൽ.എം.ന്റെ പ്രവർത്തനങ്ങളെക്കുറിച്ചും തുടർപദ്ധതികളെക്കുറിച്ചും പങ്കുവയ്ക്കുന്ന ഈ വർഷത്തെ സംഘഭാരവാഹികളുടെ മീറ്റിങ് ''അഹ്ദൂഥാ'26'' ഫെബ്രുവരി ഒന്നിന് ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ നടത്തപ്പെടുന്നു.

പുതിയ സംഘങ്ങൾ

അതിരമ്പുഴ കോട്ടയ്ക്കുപ്പുറം യൂണിറ്റിൽ ഡിസംബർ 31ന് സെന്റ് മാത്യൂസ് എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. തോമസ് തെക്കുംമുറിയിൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അസ്സി. വികാരി ഫാ. മാത്യു കാവനാട്ട്, അതിരൂപതാ ജോയിന്റ് സെക്രട്ടറി ഷാജി കോര, അതിരമ്പുഴ ഫൊറോനാ കോഡിനേറ്റർ ജോൺ സെബാസ്റ്റ്യൻ, യൂണിറ്റ് കോഡിനേറ്റർ റ്റി. റ്റി. മത്തായി എന്നിവർ പങ്കെടുത്തു.

ജനുവരി 22നു തൃക്കൊടിത്താനം നാലുകോടി യൂണിറ്റിൽ സെന്റ് കാർലോ ആക്കിറ്റസ് എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. സക്കറിയാസ് കരുവേലിൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു.

അസിസ്റ്റന്റ് വികാരി ഫാ. ടോണി കൊച്ചുപുരയ്ക്കൽ, അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., അതിരൂപതാ ജോയിന്റ് സെക്രട്ടറി ഷാജി കോര, യൂണിറ്റ് ട്രഷറർ ജയിംസ് മാത്യു എന്നിവർ പങ്കെടുത്തു.

ആദരാഞ്ജലികൾ

നാലുകോടി മദർതെരേസ സംഘാംഗം വർഗീസ് കെ. വി. കുളങ്ങര, പാറമ്പുഴ ബെത്‌ലഹേം സംഘാംഗം സ്കറിയ കെ. ജെ. കൊട്ടാരത്തുമാലി, തൃക്കൊടിത്താനം സെന്റ് ജോസഫ് സംഘാംഗം റ്റി. എം. മാത്യു തുണ്ടിയിൽ, ചെത്തിപ്പുഴ വിമലഹൃദയ സംഘാംഗം ജിൻസി ആന്റണി തോപ്പിൽ, മുണ്ടത്താനം സെന്റ് ആന്റണീസ് സംഘാംഗം കെ. വി. തോമസ് കടപ്ലാക്കുഴി എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർഥനയും നേരുന്നു.

മരണാനന്തരസഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരന്റെ നോമിനിക്കു മരണാനന്തര സഹായമായ 1,30,000 രൂപ ജനുവരി 05 നു കൈമാറി.

	പേര്	സംഘം
191	ജോസഫ് സേവ്യർ	ഇത്തിത്താനം സെന്റ് മേരീസ്

സെബാസ്റ്റ്യൻ പി. ജെ.
(ജനറൽ സെക്രട്ടറി)

ഫാ. ജോസഫ് ചമ്പക്കുളത്തിൽ
(ഡയറക്ടർ)

❑

ആത്മതാകേന്ദ്രം

(ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

കുട്ടികളുടെ മാനസികാരോഗ്യം, ലഹരി/മൊബൈൽ ദുരുപയോഗ വിമുക്തി–'ചിറക്' പദ്ധതി–ചികിത്സാ ചങ്ങനാശ്ശേരിയിൽ

ബഹു. അച്ചാ/സിസ്റ്റർ/സർ/മാഡം,

കുട്ടികളും കൗമാരക്കാരും ഇന്ന് നേരിടുന്ന വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം, സ്ക്രീൻ അഡിക്ഷൻ തുടങ്ങിയ വെല്ലുവിളികൾക്കെതിരെ ആത്മതായുടെയും (ATMATA Kedram), ചാസിന്റെയും (CHASS) ആഭിമുഖ്യത്തിൽ പള്ളികളും സ്കൂളുകളും കേന്ദ്രീകരിച്ച് 'ചിറക്' എന്ന പുതിയ പദ്ധതി ആരംഭിക്കുകയാണ്.

നാളെയുടെ വാഗ്ദാനങ്ങളായ നമ്മുടെ കുട്ടികളുടെയും, വിദ്യാർത്ഥികളുടെയും ജീവിത നിപുണത വർദ്ധിപ്പിച്ചു മാനസികാവസ്ഥയിലും ശരീരിക ഉന്നമനത്തിനു മായി പ്രവർത്തിക്കുന്ന അങ്ങയുടെ ഇടവക/സ്ഥാപനവുമായി സഹകരിച്ച് പ്രവർത്തിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. 2021 മുതൽ പ്രവർത്തിച്ചുവരുന്ന സമൃദ്ധ സെന്ററിന്റെ (Samrudha Care Centre) സഹായത്തോടെ ഞങ്ങൾ നൽകുന്ന പ്രധാന സേവനങ്ങൾ താഴെ പറയുന്നവയാണ്:

ഇൻപേഷ്യന്റ് (കിടത്തി) ചികിത്സ: ലഹരി, മൊബൈൽ/ഗെയിമിംഗ് അഡിക്ഷൻ എന്നിവ നേരിടുന്ന കുട്ടികൾക്കായി 30 മുതൽ 45 ദിവസം വരെയുള്ള മികച്ച ഇൻപേഷ്യന്റ് (കിടത്തി ചികിത്സാ) സേവനം.

- ***വിദഗ്ധ ടീം (MDT):*** സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, സൈക്കോതെറാപ്പിസ്റ്റ്, യോഗ തെറാപ്പിസ്റ്റ് എന്നിവരടങ്ങുന്ന മൾട്ടി–ഡിസിപ്ലിനറി ടീമിന്റെ പരിചരണം.
- ***കൗൺസലിംഗ്:*** കുട്ടികൾക്കുള്ള ചൈൽഡ് കൗൺസലിംഗിനൊപ്പം മാതാപിതാക്കൾക്കായി ഫാമിലി കൗൺസലിംഗ് സേവനങ്ങളും നൽകുന്നു.
- ***തുടർചികിത്സ:*** ചികിത്സയ്ക്ക് ശേഷം കുട്ടികൾ പഴയ അവസ്ഥയിലേക്ക് തിരിച്ചുപോകാതിരിക്കാൻ കൃത്യമായ ഫോളോ–അപ്പ് പിന്തുണ ഉറപ്പാക്കുന്നു.
- ***പള്ളികൾക്കും സ്കൂളുകൾക്കുമായി ഞങ്ങൾ നൽകുന്ന ഇതര സഹായങ്ങൾ:*** സ്കൂൾ/ഇടവക അന്തരീക്ഷത്തിൽ കുട്ടികളുടെ പെരുമാറ്റ വൈകല്യങ്ങൾ നേരത്തെ കണ്ടെത്താനും അവ പരിഹരിക്കാനും ഞങ്ങൾ നിങ്ങളെ സഹായിക്കുന്നു:
- വിദ്യാർത്ഥികൾക്കായി പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ.
- അഡിക്ഷൻ ലക്ഷണങ്ങൾ നേരത്തെ തിരിച്ചറിയാനുള്ള ശാസ്ത്രിയ പരിശീലനം.
- കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള കൗൺസലിംഗ് & ഗൈഡൻസ്.
- ആവശ്യമുള്ള കുട്ടികൾക്ക് മുൻഗണനാക്രമത്തിൽ ഇതര ചികിത്സാ സൗകര്യങ്ങൾ (Referral Services).

വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യവും മെച്ചപ്പെട്ട ഭാവി ലക്ഷ്യമിട്ടും, അങ്ങയുടെ ഇടവക /സ്ഥാപനവുമായി ചേർന്ന് പ്രവർത്തിക്കാൻ ഞങ്ങൾ സന്നദ്ധരാണ്.

ഈ പദ്ധതിയെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യുന്നതിനായി നേരിട്ട് കാണാൻ അവസരം ലഭിക്കും

ഫാ. ജോസഫ് ചോരേട്ട്ചാമക്കാല
ഡയറക്ടർ, ആത്മതാകേന്ദ്രം & സമൃദ്ധ കെയർ സെന്റർ ഫോർ ചിൽഡ്രൻ
അന്വേഷണങ്ങൾക്കായി വിളിക്കേണ്ട നമ്പർ –
ഫോൺ: +91 73569 22548, 9496722548, 9895869762
ഇമെയിൽ: samrudhacarecentre@gmail.com

സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട എ ചൈൽഡ് പദ്ധതിയുടെ സമ്മേളനവും സഹായവിതരണവും 2025 നവംബർ 15നും, 2026 ജനുവരി 17നും പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിൽ വച്ചും, 2025 നവംബർ 29നും, 2026 ജനുവരി 31നും ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ചും ബഹു. ഡയറക്ടറച്ചന്റ നേതൃത്വത്തിൽ നടത്തപ്പെട്ടു. സമ്മേളനത്തിൽ ഉച്ചഭക്ഷണവും ധനസഹായവും നൽകി. സണ്ണി മാത്യു, ട്രീസാ മാത്യു എന്നിവർ നേതൃത്വം നല്കി.

ഹോമിയോചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത, സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന ദിവസങ്ങളിലും സ്ഥലങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടർമാരുടെയും കൗൺസിലർമാരുടെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

സമയം: രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ

ചൊവ്വ	(ആലപ്പുഴ)	തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
വ്യാഴം		അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി
	(കോട്ടയം)	(ചാവറ വീട്, താഴത്തെ നിലയിൽ)
വെള്ളി		ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കണം

ഫാ. ജോസഫ് ചോരേട്ട്ചാമക്കാല
(ഡയറക്ടർ)

❑

ദളിത് കത്തോലിക്കാ മഹാജനസഭ
(DCMS)

തെരഞ്ഞെടുപ്പുകൾ

ഡി.സി.എം.എസ്. യൂണിറ്റുതലത്തിലുള്ള തെരഞ്ഞെടുപ്പുകൾ ജനുവരി 25ന് അവസാനിക്കും. തുടർന്ന് ഫെബ്രുവരി ഒന്നു മുതൽ ഫൊറോനാ-രൂപതാ-സംസ്ഥാനതല തെരഞ്ഞെടുപ്പുകൾ നടത്തപ്പെടുന്നതാണ്.

സമുദായശക്തീകരണ വർഷം: അതിരൂപതാതല ഉദ്ഘാടനം

ജനുവരി 18ന് കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിലെ ആർച്ചുബിഷപ് മാർ ജോസഫ് പവ്വത്തിൽ നഗറിൽ നടത്തപ്പെട്ട സമുദായ ശക്തീകരണവർഷാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനത്തിൽ ഡി.സി. എം.എസ്. അതിരൂപതാ-ഫൊറോനാ കമ്മിറ്റിയംഗങ്ങളും കുറുമ്പനാടം യൂണിറ്റ് ഭാരവാഹികളും പങ്കെടുത്തു.

ഈശോയിൽ സ്നേഹപൂർവം,

ഡോ. സിജോ ജേക്കബ്
(പ്രസിഡന്റ്)

ഫാ. ജോസഫ് കുഴിയടിയിൽ
(ഡയറക്ടർ)

മാത്യു ജോസഫ്
(സെക്രട്ടറി)

❑

"സമാധാനം-സൗഭാഗ്യം"

സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

ഫ്രാൻസിസ്കൻ ജൂബിലിവർഷം 2026

പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ ഫ്രാൻസിസ്കൻ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. വി. ഫ്രാൻസിസ് അസീസി മരണത്തിലൂടെ കടന്നുപോയതിന്റെ 800-ാം വർഷത്തിൽ, ഫ്രാൻസിസ്കൻ ആദ്ധ്യാത്മികത കൂടുതൽ ആഴത്തിൽ പഠിക്കുവാനും ചൈതന്യത്തിൽ വളരുവാനുമുള്ള ഒരു ആഹ്വാനമാണ് ജൂബിലിവർഷം.

ഫ്രാൻസിസ്കൻ ആദ്ധ്യാത്മിക്ത പഠനക്ലാസ്സുകൾ ഫെബ്രുവരി-മാർച്ചുമാസങ്ങളിൽ എടത്വാ, കുട്ടനാട്, കുറുമ്പനാടം, വാഴപ്പള്ളി മേഖലകളിൽ ക്രമീകരിക്കുന്നതാണ്.

പുതിയ ഭ്രാതൃത്വങ്ങൾ

1. പുളിങ്കുന്ന്

പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ ഫ്രാൻസിസ്കൻ അൽമായ സഭയുടെ പുതിയ ഭ്രാതൃത്വം നിലവിൽ വന്നു. ഇടവകവികാരി ഫാ. ടോം പുത്തൻകളം SFOയ്ക്കു നൽകിയ പ്രോത്സാഹനങ്ങൾ നന്ദിയോടെ ഓർക്കുന്നു. മാസത്തിലെ മൂന്നാം ഞായറാഴ്ച ആദ്യത്തെ കുർബാനയ്ക്കുശേഷം അംഗങ്ങൾ SFOയുടെ പ്രാർഥനയ്ക്കായി ഒരുമിച്ചു കൂടുന്നു

2. മുട്ടാർ

മുട്ടാർ സെന്റ് തോമസ് ഇടവകയിൽ ഫ്രാൻസിസ്കൻ അൽമായ സഭയുടെ പുതിയ ഭ്രാതൃത്വം നിലവിൽവന്നു. ഇടവകവികാരി ഫാ. ജോസഫ് കട്ടപ്പുറം പ്രോത്സാഹനങ്ങൾക്ക് നന്ദിപറഞ്ഞു. അംഗങ്ങൾ, മാസത്തിലെ രണ്ടാം ഞായറാഴ്ചത്തെ വി. കുർബാനയ്ക്കുശേഷം ടഎഛ യുടെ പ്രാർഥനയ്ക്കായി ഒരുമിച്ച് കൂടുന്നു.

3. വടവാതൂർ

വടവാതൂർ സെന്റ് തോമസ് ഇടവകയിൽ ഫ്രാൻസിസ്കൻ അൽമായ സഭയുടെ പുതിയ ഭ്രാതൃത്വം രൂപീകരിക്കപ്പെട്ടു. ഇടവക വികാരി ഫാ. ടോം കുന്നുംപുറം പ്രോത്സാഹനങ്ങൾക്ക് നന്ദിപറഞ്ഞു. ഫാ. ജോസഫ് ആറുപറയിൽ നൽകുന്ന ഫലപ്രദമായ ക്രമീകരണങ്ങൾക്ക് നന്ദി പറഞ്ഞു.

കുറുമ്പനാടം റീജൺ സംഗമം

കുറുമ്പനാടം റീജൺ സംഗമം 2026 ഫെബ്രുവരി 28ന് ആഘോഷമായി നടത്താൻ തീരുമാനിച്ചു. സഭാംഗങ്ങളുടെ ആത്മബന്ധങ്ങളും ആത്മീയവളർച്ചയും വർദ്ധിക്കുന്നതിന് റീജൺ സംഗമം ഇടയാക്കും. ജൂബിലിവർഷത്തിന്റെ വിജയത്തിനുവേണ്ടി പ്രാർഥിക്കുകയും ഫ്രാൻസിസ്കൻ ചൈതന്യത്തിൽ ജീവിക്കുകയും ചെയ്യണമെന്ന് ഓർമിച്ചുകൊണ്ട് എല്ലാവർക്കും സമാധാനവും സൗഭാഗ്യവും നേരുന്നു.

വി. സി. അലക്സ്
വലിയപറമ്പിൽ
(പ്രസിഡന്റ്)

ഫാ. അലക്സ് വാച്ചാപറമ്പിൽ
ഒ.എഫ്.എം. കപ്പൂച്ചിൻ
(സ്പിരിചവൽ അസ്സിസ്റ്റന്റ്)

❑

വിൻസെൻഷ്യൻ വേദി
(SSVP)

ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനിൽക്കുന്നു (1 യോഹ. 1:17).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നിശബ്ദതയെ സ്നേഹിക്കാനും സ്വയം വിലയിരുത്താനും പോരായ്മകൾ പരിഹരിക്കാനും ദൈവത്തിലേക്കു മടങ്ങാനും ആഹ്വാനം ചെയ്യുന്ന നോമ്പു കാലത്തേക്കു നാം പ്രവേശിക്കുകയാണല്ലോ. 'നിശബ്ദത ഏകാന്തതയിലേക്കും പ്രാർഥനയിലേക്കുമുള്ള ക്ഷണമാണ്. നിശബ്ദതയാണ് ലോകത്തിനിപ്പോൾ ആവശ്യമായിട്ടുള്ളത്. ഒറ്റക്കിരുന്ന് കർത്താവിനെ കേൾക്കാനും ഹൃദയത്തിന്റെ നിശബ്ദതയിൽ കർത്താവിനോടു സംസാരിക്കാനും നമുക്കു സാധിക്കണം. കാരണം, നിശബ്ദത ആത്മാവിന്റെ ഭാഷയാണ് (ആർച്ചുബിഷപ് സോക്രട്ടീസ്, മനില). തിരക്കേറിയ ജീവിതസാഹചര്യങ്ങളിൽ, ലോകത്തിന്റെ വ്യഗ്രതകളിൽ ആധ്യാത്മിക ജീവിതത്തിൽ ശോഷണം സംഭവിക്കുന്ന സാഹചര്യങ്ങളിലൂടെയാണ് ലോകം കടന്നുപോകുന്നത്. നമ്മോടൊപ്പം നാമുമായി ബന്ധപ്പെടുന്ന വരെയും കർത്താവിന്റേതാക്കുക എന്നത് വിൻസെൻഷ്യൻ പ്രവർത്തകരുടെ കടമയാണ്. സഭാപരമായ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും കാര്യത്തിൽ വളരുന്ന തലമുറയ്ക്കു മാതൃകയാകാനും നമുക്കു സാധിക്കണം. ഈശോ പിതാവിനോടു ചാരി നില്ക്കുന്നതുപോലെ കർത്താവിനോടു ചേർന്നു നില്ക്കാൻ നമുക്കു സാധിക്കുക എന്നതു വളരെ പ്രധാനപ്പെട്ടതാണ്. 'പൂർണ്ണമായും നിന്റേതാണ്' എന്നു വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ പറയുന്നതുപോലെ പൂർണ്ണമായും ക്രിസ്തുവിന്റേതാവുമ്പോഴാണ് നമുക്കു ശിക്ഷാവിധി ഇല്ലാതാവുന്നത്. 'ഭൂമിയിൽ മിശിഹായ്ക്ക് അനുരൂപരായിക്കൊണ്ട് സ്വർഗ്ഗത്തിൽ അവിടുത്തെ മഹത്വത്തിൽ പങ്കാളികളാകാൻ അനുഗ്രഹിക്കണേ' എന്നു ലത്തീൻ ക്രമത്തിലുള്ള പരിശുദ്ധ കുർബാനയിൽ ഒരു പ്രാർത്ഥനയുണ്ട്. ഈശോയോട് ഐക്യപ്പെട്ട് പാപരഹിതമായ ജീവിതം നയിക്കാൻ സാധിക്കുമ്പോഴാണ് നോമ്പാചരണം അർത്ഥവത്താകുന്നത്.

ശരിയായ ഒരുക്കത്തോടും നല്ല തീരുമാനങ്ങളോടും കൂടിയാവണം നോമ്പിലേക്കു പ്രവേശിക്കേണ്ടത്. പ്രാർഥന, ഉപവാസം, പരിത്യാഗം, ആശയടക്കം തുടങ്ങിയ ആത്മീയ പ്രവൃത്തികൾ കൂടുതലായി നാം അനുഷ്ഠിക്കുന്ന കാലമാണല്ലോ നോമ്പിന്റേത്. നമ്മെ ഒരോരുത്തരെയും അമൂല്യരായി കരുതുന്ന ദൈവത്തിന്റെ സാന്നിധ്യത്തിൽ കൂടുതൽ സമയം ചെലവഴിക്കാനും വചനത്തോടു കൂടുതൽ ആഭിമുഖ്യം പുലർത്താനും നമുക്കു സാധിക്കണം. പരിശുദ്ധ കുർബാനയിലുള്ള അനുദിന പങ്കാളിത്തത്തോടൊപ്പം നമ്മുടെ ഉപവാസത്തിലും പരിത്യാഗ പ്രവൃത്തികളിലും സ്നേഹം കലർത്തുവാനും അതു പാവങ്ങൾക്കായി പങ്കുവയ്ക്കാനും സാധിക്കണം. കൊടുക്കുക എന്നതാണല്ലോ സ്നേഹത്തിന്റെ

ഏറ്റവും വലിയ തെളിവ്. നമ്മുടെ സുഖസൗകര്യങ്ങളിൽ കുറവുവരുത്തി മറ്റുള്ളവരുടെ ക്ഷേമത്തിൽ കൂടുതലായ താത്പര്യം കാണിക്കുമ്പോഴാണ് നമ്മുടെ ഉപവാസം ത്യാഗപൂർണ്ണമാവുന്നത്. നമ്മെ കൂടുതൽ എളിമപ്പെടുത്താനും തെറ്റുകൾ തിരുത്തി ദൈവത്തിലേക്കു മടങ്ങാനും നോമ്പുകാലം നമ്മോട് ആഹ്വാനം ചെയ്യുന്നു. നമ്മുടെ കഴിവുകളിലും നേട്ടങ്ങളിലുമുള്ള അഹങ്കാരമാണ് പലപ്പോഴും ഇതിനു വിഘാതമാകുന്നത്. വചനം നമ്മെ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു 'ഇന്നു രാജാവ്, നാളെ ജഡം, മരിച്ചുകഴിഞ്ഞാൽ പുഴുവിനും, കൃമിക്കും വന്യമൃഗങ്ങൾക്കും അവകാശം' (പ്രഭാ. 10:10–11). പുണ്യശ്ലോകനായ ബനഡിക്ട് പതിനാറാമൻ പാപ്പാ ഇപ്രകാരം പറയുന്നുണ്ട്: 'ദൈവത്തെ സ്നേഹിക്കുന്ന, ദൈവത്തെ ആരാധിക്കുന്ന മനുഷ്യനു തെറ്റുപറ്റാം. വെള്ളത്തിലേക്കു ചാഞ്ഞുനിൽക്കുന്ന മരം വെള്ളത്തിലേക്കു വീഴുന്നതുപോലെ അവൻ വീഴുന്നത് കൃപയുടെ മടിത്തട്ടിലേക്കാണ്.' കൃപ സമൃദ്ധമായി ലഭിക്കാൻ ഉണർവോടെ നമുക്കു പ്രാർഥിക്കാം. അനുതപിച്ചു മടങ്ങിവന്ന ധൂർത്തപുത്രനു പുത്രസ്ഥാനം ഉൾപ്പെടെ സകലതും ലഭിക്കുന്നു. മടങ്ങിവരാൻ ആഗ്രഹിക്കുന്നവരെ ചേർത്തുപിടിക്കാൻ മനസ്സുള്ളവനാണ് ദൈവം. അനുതപിച്ചു ദൈവത്തിലേക്കു മടങ്ങാനും മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കാനും നമുക്കു പരിശ്രമിക്കാം.

ലൂർദ്ദ് മാതാവിന്റെ തിരുനാൾദിനമായ ഫെബ്രുവരി 11 രോഗീദിനമായി ആഗോള കത്തോലിക്കാസഭ ആചരിക്കുകയാണല്ലോ. ഈ വർഷം രോഗീദിനം ആചരിക്കാത്ത ഇടവകകളിൽ ബഹു. വികാരിയച്ചന്മാരുമായി ആലോചിച്ച് ഈ ദിനം ആചരിക്കുന്നതിനും അതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുവാനും ശ്രമിക്കുമല്ലോ.

VOCC യുടെ മൂന്നാംബാച്ച് ജനുവരി 26ന് ആരംഭിച്ചിട്ടുണ്ട്. ഇനിയും പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് സ്വാഗതം. നമ്മിൽനിന്നും വേർപിരിഞ്ഞ തുരുത്തി കോൺഫറൻസ് അംഗം ബ്രദർ ജോസി മണിയങ്കേരി, കുമരകം കോൺഫറൻസ് മുൻ പ്രസിഡന്റ് ബ്രദർ എബ്രഹാം കട്ടക്കയം, കുടമാളൂർ കോൺഫറൻസ് മുൻ പ്രസിഡന്റുമാരായിരുന്ന ബ്രദർ ജോസഫ് പ്ലാക്കിയിൽ, ബ്രദർ കുരുവിള പുത്തൻകടുപ്പിൽ എന്നിവരുടെ സ്തുത്യർഹമായ സേവനങ്ങളെ നന്ദിപൂർവം അനുസ്മരിക്കുകയും ആത്മശാന്തിക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവം,

തോമസ് റ്റി. മൂലയിൽ
സെൻട്രൽ കൗൺസിൽ പ്രസിഡന്റ്
❑

കരിസ്മാറ്റിക് നവീകരണം

''രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിരവധി ഫലങ്ങളിൽ ഒന്നാണ് കത്തോലിക്കാ കരിസ്മാറ്റിക് പ്രസ്ഥാനം. ഒരു പുതിയ പെന്തക്കുസ്തായിൽ എന്നപോലെ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് സംവേദനക്ഷമതയുള്ള ഗ്രൂപ്പുകളുടെയും പ്രസ്ഥാനങ്ങളുടെയും ഉത്ഭവത്തിനും അസാധാരണമായ വളർച്ചയ്ക്കും ഇത് കാരണമായി.''

Pope John Paul II, Address to Charismatic Renewal Leaders, 1998

സർവീസ് ടീം മീറ്റിങ്

ജനുവരി മാസത്തെ സർവീസ് ടീം മീറ്റിങ് പാസ്റ്ററൽ സെന്റർ ഓഫീസിൽ ജനുവരി 10ന് ആനിമേറ്റർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നടന്നു. കരിസ്മാറ്റിക് നവീകരണത്തിന്റെയും ക്രിസ്തുജയന്തിയുടെയും ജൂബിലിയുമായി ബന്ധപ്പെട്ടു തുടർന്നുവരുന്ന വിവിധ പരിപാടികളുടെ പുരോഗതി വിലയിരുത്തുകയുണ്ടായി.

ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി

ലോഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സോണൽ സർവീസ് ടീം യോഗം ഒക്ടോബർ 28നു ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ കൂടുകയുണ്ടായി. ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കൽ വചനസന്ദേശം നൽകി. പുതിയ ദമ്പതീ സെൽ ഗ്രൂപ്പുകൾ തുടങ്ങേണ്ട ആവശ്യത്തെക്കുറിച്ച് അച്ചൻ ഓർമിപ്പിച്ചു. അടുത്ത മീറ്റിങ് പാസ്റ്ററൽ സെന്റർ ഓഫീസിൽ വച്ചുതന്നെ നടത്താമെന്ന് തീരുമാനിച്ചു.

ജൂബിലി/വചന സന്ദേശ പ്രയാണവും നൈറ്റ് വിജിലും

ആദ്യ കരിസ്മാറ്റിക് ധ്യാനം ആലുവയിൽ 1976ൽ ആണ് സംഘടിപ്പിക്കപ്പെട്ടത്. കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ സുവർണ ജൂബിലി 2026 ൽ ആഘോഷിക്കുകയാണ്. ജൂബിലിസന്ദേശവുമായി പാറശാല മുതൽ കാസർകോട് വരെയുള്ള 24 സോണുകളിലും എത്തിക്കാനായി ജൂബിലി സന്ദേശയാത്ര ഫെബ്രുവരി ഒന്നിന് തുടങ്ങും. ഫെബ്രുവരി അഞ്ചിനാണ് ജൂബിലി സന്ദേശ പ്രയാണം ചങ്ങനാശ്ശേരി സോണിൽ എത്തുക. ചങ്ങനാശ്ശേരി സോണിലെ സെന്റ് ജോൺസ് കത്തീഡ്രൽ (തിരുവല്ല), സെന്റ് പോൾസ് (വേഴപ്ര, കുട്ടനാട്), സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് (നെടുംകുന്നം), സെന്റ് ജോർജ് (തോട്ടക്കാട്, കുറുമ്പനാടം), സെന്റ് സെബാസ്റ്റ്യൻസ് (കൊടിനാട്ടുംകുന്ന്, കുന്നന്താനം), സെന്റ് മേരീസ് മെത്രാപ്പോലീത്തൻ (ചങ്ങനാശേരി) എന്നീ ഇടവകകളിലൂടെ പ്രയാണം കടന്നുപോകുന്നതാണ്. അന്നേ ദിവസം ചെത്തിപ്പുഴ കാർമൽ ധ്യാന കേന്ദ്രത്തിൽ നടക്കുന്ന ജാഗരണ പ്രാർത്ഥനയ്ക്കുശേഷം അടുത്ത ദിവസം പ്രഭാതത്തിൽ കോട്ടയം സോണിലേക്ക് കടന്നുപോകും.

സമ്പൂർണ്ണ ബൈബിൾ പാരായണ യജ്ഞം

കാരിസ് നവീകരണ ശുശ്രൂഷകളുടെ ജൂബിലി 2026ന് ഒരുക്കമായി ചങ്ങനാശേരി സോണൽ/ അതിരൂപതാതലത്തിൽ സമ്പൂർണ്ണ ബൈബിൾ പാരായണ

യജ്ഞം സംഘടിപ്പിച്ചു. ജനുവരി മാസം അഞ്ചാം തീയതി ഉച്ചകഴിഞ്ഞ് രണ്ടു മുതൽ നാലു വരെ ഉള്ള രണ്ടു മണിക്കൂർ സമയം കൊണ്ട് 100 പേർ ഉൾക്കൊള്ളുന്ന ഒരു സമൂഹം സമ്പൂർണ്ണമായി തിരുവചനം വായിക്കുകയായിരുന്നു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻപള്ളിയുടെ കബറിട ദൈവാലയത്തിലാണ് പ്രസ്തുത വചനവായനാ യജ്ഞം ക്രമീകരിക്കപ്പെട്ടത്. അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ജൂബിലി തിരിതെളിച്ചു വചനവായനയ്ക്ക് ആരംഭം കുറിച്ചു, കരിസ്മാറ്റിക് ഡയറക്ടർ ഫാ. മാത്യു താന്നിയത്ത് നേതൃത്വം നല്കി.

മധ്യസ്ഥ പ്രാർത്ഥന

ഫെബ്രുവരി മാസത്തിൽ നടക്കുന്ന ചങ്ങനാശേരി ബൈബിൾ കൺവൻഷനുവേണ്ടിയുള്ള മാദ്ധ്യസ്ഥ്യപ്രാർഥന അതിരൂപതയിൽ നിന്നും നിർദ്ദേശിച്ചതനുസരിച്ചു കരിസ്മാറ്റിക് ശുശ്രൂഷയുടെ നേതൃത്വത്തിൽ ഓൺലൈനായി ദിവസംതോറും നടന്നുവരുന്നു.

സ്നേഹപൂർവം,

മഞ്ജു മാത്തൂർ
(കോഡിനേറ്റർ)

ഫാ. മാത്യു താന്നിയത്ത്
(ആനിമേറ്റർ)

❑

മാർ തോമസ് തറയിൽ

ഡിസംബർ

29 ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ ബഹു. മ്ശംശാന പൂന്നിച്ചിറ തോമസിന്റെ പട്ടം നൽകൽ ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. എടത്വാ കോയിമുക്കിൽ ഭവനം ആശീർവദിക്കുകയും ചെത്തിപ്പുഴ തിരുഹൃദയ ഇടവകാംഗം വലിയപറമ്പിൽ ബഹു. മാർട്ടിൻ അച്ചന്റെ മാതാവ് ശ്രീമതി ക്ലാരമ്മ ചെറിയാന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. തിരുവനന്തപുരം ലോക്ഭവനിൽ ഇന്ത്യയുടെ വൈസ് പ്രസിഡന്റ് ശ്രീ. സി. പി. രാധാകൃഷ്ണൻ ഒരുക്കിയ ക്രിസ്തുമസ് സംഗമത്തിൽ സംബന്ധിച്ചു.

30 പാറേൽ സെന്റ് മേരീസ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. പാറേൽ എം.എൽ.എഫ്. ജനറലേറ്റിൽ എം.എൽ.എഫ്. സിനാക്സിസ് യോഗത്തിൽ സന്ദേശം നൽകി. ഇത്തിത്താനം ആശാഭവനിൽ റോട്ടറി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട തയ്യൽ മിഷൻ വിതരണ പരിപാടിയിൽ അധ്യക്ഷത വഹിച്ചു. ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയത്തിൽ ബഹു. മ്ശംശാന കുളങ്ങോട്ടിൽ ജോസഫിന്റെ പട്ടം നൽകൽ ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. മങ്കൊമ്പ് സെന്റ് പയസ് പള്ളിയിൽ ഇടവകദിനസന്ദേശം നൽകി.

31 കരുവാറ്റ സെന്റ് ജോസഫ് പള്ളിയിൽ മ്ശംശാന പൂന്നൂർ പുത്തൻപറമ്പിൽ ബഹു. ജോർജിന്റെ പട്ടം നൽകൽ ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. ചങ്ങനാശ്ശേരി എസ്.ബി. സ്കൂളിൽ ദിശ സ്റ്റുഡൻസ് മീറ്റിൽ കുട്ടികളുമായി സംവദിക്കുകയും വെട്ടിത്തുരുത്തിൽ വിവാഹജൂബിലി ആഘോഷത്തിൽ സന്ദേശം നൽകുകയും ചെയ്തു. റോമിലെ സേദസ് സപ്പിയേൻസേ കോളേജിലെ പരിശീലകരായ ഫാ. എദ്വാർദോയെയും ഫാ. ജയിംസ് മൗറയെയും അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു.

ജനുവരി

01 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻപള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. നെടുങ്കുന്നം ജോൺ ദ ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ ബഹു. മ്ശംശാന തുണ്ടിയിൽ ജോണിന്റെ പട്ടം നൽകൽ ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. ജില്ലാ കളക്ടർ ശ്രീ. ചേതൻകുമാർ മീണയെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. പബ്ലിക് അഫേഴ്സ് കമ്മീഷൻ കോഡിനേറ്റേഴ്സിന്റെ ഓൺലൈൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

02 മായം സെന്റ് മേരീസ് പള്ളിയിൽ ബഹു. മ്ശംശാന മഠത്തിശ്ശേരി ജോസഫിന്റെ പട്ടം നൽകൽ ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. പട്ടം സെന്റ് മേരീസ് സ്കൂളിൽ അഭി. ബസേലിയോസ് മാർ ക്ലീമ്മീസ് കാതോലിക്കാ ബാവയുടെ നാമഹതുക തിരുനാൾ യോഗത്തിൽ ആശംസ കളറിയിച്ചു.

03 കൊല്ലം-ആയൂർ ക്രിസ്തുരാജ ഫൊറോനാപ്പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. കൊല്ലം രൂപതാംഗം ബഹു. ക്രിസ്റ്റി അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിൽ പരി. കുർബാന മധ്യ സന്ദേശം നൽകി. വേഴപ്ര സെന്റ് പോൾസ് ദൈവാലയം കൂദാശ ചെയ്തു. ആലപ്പുഴ കൈതവനയിലെ കുട്ടനാട് ഫെസ്റ്റിൽ വി. ചാവറ കുര്യാക്കോസ് അനുസ്മരണവും ളായിക്കാട് സെന്റ് ജോസഫ് പള്ളിയിൽ പെരുംതുരുത്തി എക്യുമെനിക്കൽ കൺവെൻഷനും ഉദ്ഘാടനം ചെയ്തു.

04 പുത്തിരിക്കണ്ടം മൈതാനത്തിൽ തിരുവനന്തപുരം ലൂർദ് ഫൊറോന യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട നസ്രാണി സംഗമത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും നസ്രാണിസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. അമ്പൂരി സെന്റ് ജോർജ് ഫൊറോന പള്ളിയിൽ ഫൊറോനതല നസ്രാണി സംഗമം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

05 അതിരമ്പുഴ സെന്റ് മേരീസ് പള്ളിയിൽ ദനഹാത്തിരുന്നാളിനോടനു ബന്ധിച്ച് ആഘോഷമായ റംശയ്ക്ക് കാർമികത്വം വഹിക്കുകയും ഫൊറോനാതല സമുദായ ശക്തീകരണ വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

06 മാമ്പുഴക്കരി ലൂർദ് മാതാ പള്ളിയിൽ ദനഹാത്തിരുന്നാളിൽ പരി. കുർ ബാനയർപ്പിച്ച് സന്ദേശം നൽകി.

06-10 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സിനഡ് സമ്മേ ളനത്തിൽ സംബന്ധിച്ചു.

09 വത്തിക്കാനിലെ ഡിക്കാസ്റ്ററി ഫോർ കൾച്ചർ ആൻഡ് എജ്യൂക്കേഷന്റെ സെക്രട്ടറി ആർച്ചുബിഷപ് കാർലോ മരിയ പോൾവാനിയെയും ഒഫീഷ്യൽ ഫാ. അരോഗ്യ പുദോതായെയും വടവാതൂർ സെന്റ് തോമസ് അപ്പോസ്തോ ലിക് സെമിനാരിയിലും ചങ്ങനാശ്ശേരി എസ്.ബി. കോളേജിലും അസംപ് ഷൻ കോളേജിലും കാനാ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലും സ്വീകരിച്ചു.

11 രാജഗിരി ക്രിസ്തു രാജ പള്ളിയിൽ അജപാലന സന്ദർശനം നടത്തി. ബഹു. തോമസ് ഫെലിക്സ് സി.എം.ഐ. അച്ചന്റെ മൂന്നാം ചരമവാർഷിക സമ്മേളനവും കൊല്ലം ആയൂർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ ഫൊറോനാതല നസ്രാണി സംഗമവും ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

12 വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ബിരുദദാനസമ്മേളനം ഉദ്ഘാടനം ചെയ്യുകയും അതിരൂപതാകേന്ദ്രത്തിൽ ആർച്ചുബിഷപ് ജോസഫ് പവ്വത്തിൽ ഫൗണ്ടേഷൻ യോഗത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. കൂത്രപ്പള്ളി സെന്റ് മേരീസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

13 വെട്ടിമുകൾ സെന്റ് മേരീസ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. എസ്.ബി. കോളേജിൽ ഇന്റർനാഷണൽ സെമിനാർ ഉദ്ഘാടനം ചെയ്ത് പ്രഭാഷണം നടത്തി. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ഇടവകാംഗം കണ്ടംങ്കരി ബഹു. സേവ്യർ അച്ചന്റെ സഹോദരി ശ്രീമതി അൽഫോൻസ തോമസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിന്റെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ചങ്ങനാശ്ശേരി ഫാത്തിമാപുരം എസ്.എച്ച്. സ്കൂളിന്റെ വാർഷികാഘോഷവും അതിരൂപതാകേന്ദ്രത്തിൽ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി കൗൺസിലേഴ്സിന്റെ സ്വീകരണയോഗവും ഉദ്ഘാടനം ചെയ്തു.

14 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ അഭി. മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ നൂറ്റിയമ്പത്തിമൂന്നാം ജന്മദിനത്തിൽ പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. സി.എം.സി. പാവനാശ്രമം മഠത്തിന്റെ സുവർണ്ണ ജൂബിലി യോഗത്തിൽ ആശംസകൾ അറിയിച്ചു. അതിരമ്പുഴ, കോട്ടയ്ക്കപ്പുറം വിൻസെന്റ് ഡി പോൾ സൊസൈറ്റികളുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച ഭവനങ്ങളുടെ ആശീർവാദവും താക്കോൽദാനവും നിർവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ മിഷൻ-സന്യസ്ത നവ വൈദികരെ സ്വീകരിച്ചു.

15 ചങ്ങനാശ്ശേരി എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിൽ വാർഷികാഘോഷവും യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെത്തിപ്പുഴ നേഴ്സിങ് കോളേജിൽ ആദ്യവർഷ വിദ്യാർഥികളുടെ തിരിതെളിക്കൽ ചടങ്ങ് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. കുറുമ്പനാടം അസംപ്ഷൻ പള്ളിയിൽ വജ്രജൂബിലി ആഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും മാവേലിക്കര കല്ലിന്മേൽ കൺവെൻഷനിൽ വചനസന്ദേശം നൽകുകയും ചെയ്തു.

16 അതിരൂപതാകേന്ദ്രത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വില്ലൂന്നി ജോസഫൈൻ കോൺവെന്റിൽ കോൺഗ്രിഗേഷൻ പദവി പ്രഖ്യാപന ചടങ്ങിൽ കാർമ്മികത്വം വഹിക്കുകയും താഴത്തങ്ങാടി തിരുഹൃദയ പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു സിമിത്തേരി ആശീർവദിക്കുകയും ചെയ്തു.

17 ചെത്തിപ്പുഴ കാർമൽ മൗണ്ട് ധ്യാനകേന്ദ്രത്തിൽ സി.എം.സി. സുപ്പീരിയേഴ്സിന്റെ സംഗമത്തിൽ സന്ദേശം നൽകി. കാഞ്ഞിരപ്പള്ളി ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിന്റെ റൂബി ജൂബിലി ആഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ വിവാഹ വാഗ്ദാനകർമ്മത്തിന് കാർമ്മികത്വം വഹിക്കുകയും ചെയ്തു. മാന്നാനം കെ.ഇ. സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

18 അമ്പലപ്പുഴ സെന്റ് മേരീസ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ഓഡിറ്റോറിയത്തിൽ അതിരൂപതാതല സമുദായ ശക്തീകരണവർഷ ഉദ്ഘാടനവും കരുമാടി സെന്റ് ജോസഫ് പള്ളിയിൽ ജൂബിലിവർഷ സമാപനവും എടത്വ ഫൊറോനാ തല സമുദായ ശക്തീകരണ വർഷ ഉദ്ഘാടനവും നിർവഹിച്ചു.

19 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ക്ലാസ് നയിക്കുകയും ചെയ്തു

20 തെള്ളകം എഫ്.എം.എസ്.എച്ച്. കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. മുടിയൂർക്കര തിരുഹൃദയ ഇടവകാംഗം ബഹു. പാറയ്ക്കൽ ജേക്കബ് അച്ചന്റെ പ്രിയ പിതാവ് ശ്രീ. പി.ജെ. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. കാഞ്ഞിരപ്പള്ളി പൊടിമറ്റത്ത് ഇൻഫാം വീർ കിസാൻ ഭൂമിപുത്ര അവാർഡ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി കുട്ടിക്കാനം മരിയൻ കോളേജിൽ അഭി. പിതാക്കന്മാരുടെ മേഖലാതല ധ്യാനത്തിൽ സംബന്ധിച്ചു.

21 പീരുമേട് പോത്തുപാറയിൽ ഇന്റർ ഡിപ്പാർട്ടുമെന്റ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

23 തുരുത്തി കാനാ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ബിരുദദാന ചടങ്ങിൽ അധ്യക്ഷത വഹിക്കുകയും അതിരൂപതാകേന്ദ്രത്തിൽ പഞ്ചായത്ത് - മുൻസിപ്പാലിറ്റി തെരഞ്ഞെടുപ്പുകളിൽ വിജയിച്ച ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളെ ആദരിക്കുകയും ചെയ്തു. പടഹാരം സെന്റ് ജോസഫ് പള്ളിയുടെ പുനർകൂദാശ കർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

24 ഫാത്തിമാപുരം സ്നേഹനിവാസിൽ പുതിയ ബാസ്ക്കറ്റ്ബോൾ കോർട്ട് ആശീർവദിക്കുകയും ചങ്ങനാശ്ശേരി എം.എൽ.എഫ്. കോൺവെന്റിൽ നിത്യവ്രത, സുവർണ-രജത ജൂബിലി ആഘോഷങ്ങളിൽ പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ചങ്ങനാശ്ശേരി എസ്.ബി. സ്കൂളിൽ കോർപ്പറേറ്റ് മാനേജ്മെന്റ് രക്ഷകർത്താക്കളുടെ യോഗം ഉദ്ഘാടനം ചെയ്തു. നാലുകോടി സെന്റ് തോമസ് പള്ളിയിൽ വിവാഹം ആശീർവദിക്കുകയും പുല്ലാട് പള്ളിയിൽ മാരാമൺ സെന്റർ കൺവെൻഷനിൽ വചനസന്ദേശം നൽകുകയും ചെയ്തു.

25 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ചെത്തിപ്പുഴ എസ്.ഡി. കോൺവെന്റിൽ ബഹു. സിസ്റ്റേഴ്സിന്റെ പരിശീലനപരിപാടിയിൽ സംവദിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ കുടുംബ ദിനാഘോഷം ഉദ്ഘാടനം ചെയ്തു. ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം ആശീർവദിച്ചു. കൊടിനാട്ടുകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ തിരുനാളിൽ പരി. കുർബാന മധ്യേയും മുട്ടാർ സെന്റ് ജോർജ് ദൈവാലയത്തിൽ വാർഷിക ധ്യാന മധ്യേയും വചനസന്ദേശം നൽകി.

26 ചങ്ങനാശേരി എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ മിഷൻ ലീഗ് അതിരൂപതാ കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്തു. പുളിങ്കുന്നിൽ കല്യാൺ രൂപത മുൻ മെത്രാൻ അഭി. മാർ തോമസ് ഇലവനാൽ പിതാവിന്റെയും ഇലവനാൽ ബഹു. സക്കറിയാസ് എം.സി.ബി.എസ്. അച്ചന്റെയും പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തിൽ ആശംസകൾ അറിയിച്ചു. ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ യുവദീപ്തി ആനിമേറ്റേഴ്സ് യോഗത്തിൽ സംവദിക്കുകയും എസ്.ബി. കോളേജിൽ പൂർവവിദ്യാർത്ഥിസംഗമത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതയിലെ ചെറുവള്ളി ഇടവകാംഗവും സി.എം.ഐ. സഭയുടെ തിരുവനന്തപുരം പ്രൊവിൻഷ്യലുമായ ഇളന്തോട്ടം ബഹു. ആന്റണി അച്ചന്റെ മാതാവ് ശ്രീമതി മേരിക്കുട്ടി ആന്റണിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

27 അതിരമ്പുഴ സെന്റ് മേരീസ് പള്ളിയിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കൂത്രപ്പള്ളി ഇടവകാംഗം കുഴിപ്പിൽ ബഹു. തോമസ് അച്ചന്റെ മാതാവ് ശ്രീമതി അച്ചാമ്മ സേവ്യറിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മത്തിന് കാർമ്മികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

28 ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ ബിരുദദാന യോഗം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. അതിരൂപതാംഗമായ ഷെവലിയർ ജെ. ഫിലിപ്പിന് ഷെവലിയർ സ്ഥാനചിഹ്നങ്ങൾ കൈമാറി.

29 പാലാരിവട്ടം പി.ഒ.സി.യിൽ സി.ബി.സി.ഐ. പരിസ്ഥിതി കമ്മീഷൻ സെമിനാറിലും ബൈബിൾ കമ്മീഷൻ ഡയറക്ടേഴ്സ് സംഗമത്തിലും സംബന്ധിച്ചു.

❑

ഡിസംബർ 2025

25 പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാപ്പള്ളിയിൽ പിറവിത്തിരുന്നാൾ കർമ്മങ്ങൾക്കു കാർമികത്വംവഹിച്ചു. മണിമല ഇൻഫെന്റ് ജീസസ്സ് ആശുപത്രി ആശീർവദിച്ചു.

26 ഫിൽഗിരി സെന്റ് ജോസഫ് പള്ളിയിൽ മ്ശംശാന അരഞ്ഞാണിയിൽ തോമസ് വി. സി.ക്കു പൗരോഹിത്യപട്ടം നൽകി.

27 പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിനു കാർമികത്വംവഹിച്ചു.

29 തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളിയിൽ മ്ശംശാന പുത്തൻപറമ്പിൽ ജോണിന് പൗരോഹിത്യപട്ടം നൽകി.

ജനുവരി 2026

01 ചങ്ങനാശേരി മിഷനറീസ് ഓഫ് ലിറ്റിൽ ഫ്ളവർ ജനറലൈറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം സെന്റ് മേരിസ് പള്ളിയിൽ പെരുമാലിൽ ജോസഫ്, പീടികതുണ്ടിയിൽ തെരേസാ എന്നിവരുടെ വിവാഹ വാഗ്ദാനത്തിനു കാർമികത്വംവഹിച്ചു.

02 കൂത്രപ്പള്ളി സെന്റ് മേരീസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. കിടങ്ങറ മാർ ഗ്രിഗോറിയോസ് ഇടവകാംഗം തുരുത്തുമാലിൽ ത്രേസ്യാമ്മ ഉമ്മന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

03 പാലമറ്റം ബേത് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗം ചെറുകര ആനിയമ്മ മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ആര്യാട് ലീറ്റിൽ ഫ്ളവർ പള്ളിയിൽ മ്ശംശാന നീളപ്പറമ്പിൽ മാർട്ടിന് പൗരോഹിത്യപട്ടം നൽകി. വേഴപ്ര സെന്റ് പോൾസ് പള്ളി കൂദാശയോടനുബന്ധിച്ചു കൽക്കുരിശും കൊടിമരവും വെഞ്ചരിച്ചു.

04 പുത്തരിക്കണ്ടം മൈതാനിയിലെ മാർ ജോസഫ് പൗവ്വത്തിൽ നഗറിലും അമ്പുരി സെന്റ് ജോർജ് ഫൊറോന പള്ളിയിലും നടത്തപ്പെട്ട നസ്രാണി സംഗമങ്ങളിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

05 മണിമല ഹോളി മാഗി ഫൊറോന പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

കുടമാളൂർ മർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ പറപ്പള്ളി തോമസ് - പാലമോൾ കോണാത്തുവിളയിൽ മെർലിൻ എന്നിവരുടെ വിവാഹം ആശീർവദിച്ചു.

മാമ്പുഴക്കരി ലൂർദ്ദ് മാതാ പള്ളിയിൽ ആഘോഷമായ റംശാ പ്രാർത്ഥന യിലും പിണ്ടികുത്തി തിരുനാൾ കർമ്മങ്ങളിലും കാർമികത്വംവഹിച്ചു.

06 നാലുകോടി സെന്റ് തോമസ് പള്ളിയിൽ ദനഹാ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

06–10 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ മെത്രാൻ സിനഡിൽ പങ്കെടുത്തു.

08 കരുമാടി സെന്റ് ജോസഫ് പള്ളിയിൽ മ്ശംശാന മേടയിൽ അബ്രാഹമിന് പൗരോഹിത്യപട്ടം നൽകി.

11 തിരുമല ഹോളി ഫാമിലി പള്ളി തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ആയൂർ ക്രിസ്തുരാജ ഫൊറോന പള്ളിയിൽ കൊല്ലം-ആയൂർ ഫൊറോന നസ്രാണി സംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

12 കുമരകം സെന്റ് ജോൺസ് വടക്കുംകര ഇടവകാംഗം കട്ടക്കയം സി. എ. അബ്രാഹമിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

13 സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗം പഴയചിറ തെക്കത്ത് അൽഫോൻസ തോമസിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

14 അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ഇലഞ്ഞിക്കൽ സെബാസ്റ്റ്യൻ-കളത്തിൽ എലിസബത്ത് എന്നിവരുടെ വിവാഹം ആശീർവദിച്ചു. പുന്നത്തുറ കുന്നക്കാട്ടുത്തറ വീട്ടിൽ സി. മാഗി കുന്നക്കാട്ടുത്തറ എസ്. എച്ചിന്റെ വ്രതവാഗ്ദാന സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

15 ചെമ്പുംപുറം, നർബോനപുരം സെന്റ് സെബാസ്റ്റ്യൻസ് പള്ളി ഇടവകദിനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; ഇടവകദിനാഘോഷം ഉദ്ഘാടനം നിർവഹിച്ചു.

16 പൊടിപ്പാറ തിരുക്കുടുംബ പള്ളി തിരുനാളിനു കൊടിയേറ്റി; പരിശുദ്ധ കുർബാനയർപ്പിച്ചു.

17 തുരുത്തി മർത്ത് മറിയം ഫൊറോന പള്ളിയിൽ കളത്തിൽ സെബാസ്റ്റ്യൻ, കുന്നത്ത് ക്ലാര എന്നിവരുടെ വിവാഹവാഗ്ദാനത്തിനു കാർമികത്വംവഹിച്ചു. നെടുങ്കുന്നം അമ്പിപ്പറമ്പിൽ ജോൺ ജോസഫിന്റെ ഭവനത്തിൽ നടത്തപ്പെട്ട മാർ തോമാ വിദ്യാനികേതനന്റെ ആദ്യ ബാച്ചുകളുടെ കൂട്ടായ്മയിൽ പങ്കെടുത്തു.

18 മുട്ടാർ സെന്റ് തോമസ് പള്ളിയിൽ വി. അന്തോണീസിന്റെ തിരുനാളിനു കൊടിയേറ്റി; പരിശുദ്ധ കുർബാനയർപ്പിച്ചു. ഇടവക സമുദായ ശക്തീക

രണവർഷ ഉദ്ഘാടനം നിർവഹിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി ഓഡിറ്റോറിയത്തിൽ ചങ്ങനാശേരി അതിരൂപത സീറോ മലബാർ സമുദായ ശക്തീകരണവർഷ ഉദ്ഘാടനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ മാർ തോമാ യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട 'ശൈനോ' എക്യുമെനിക്കൽ പ്രാർത്ഥനായോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി.

19 പാലമറ്റം ബേത്-തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ തിരുഹൃദയ പള്ളിയിൽ മാരേറ്റ് സിസിലി, കരിങ്ങട ജോസഫ് എന്നിവരുടെ വിവാഹവാഗ്ദാനത്തിനു കാർമികത്വംവഹിച്ചു.

20 നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ്സ് ഹയർസെക്കണ്ടറി സ്കൂളിന്റെ 77 ാമത് വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയും സേവനത്തിൽനിന്ന് വിരമിക്കുന്നവരെ ആദരിക്കുകയും ചെയ്തു. പുന്നത്തുറ-വെള്ളാപ്പള്ളി സെന്റ് ജോസഫ്സ് എൽ. പി. സ്കൂളിന്റെ സെന്റിനറി വർഷ ഉദ്ഘാടനം നിർവഹിക്കുകയും സേവനത്തിൽ നിന്ന് വിരമിക്കുന്നവരെ ആദരിക്കുകയും ചെയ്തു.

21 ചമ്പക്കുളം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ 121-ാം വാർഷികം ഉദ്ഘാടനം ചെയ്യുകയും സേവനത്തിൽ നിന്ന് വിരമിക്കുന്നവരെ ആദരിക്കുകയും ചെയ്തു. ഇടയ്ക്കാട്ട് സെന്റ് ജോർജ് ക്നാനായ ഫൊറോന പള്ളിയിൽ ധന്യൻ മാർ മാത്യു മാക്കീൽ പിതാവിന്റെ 112-ാം ചർമവാർഷികത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. കൂത്രപ്പള്ളി റീത്താ ഭവനിൽ സി. ലിനറ്റ് കൊച്ചുപള്ളത്തുശ്ശേരി എസ്. എ. ബി. എസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി.

22 കോട്ടയം ഗാന്ധിനഗർ ദൈവപരിപാലന ഭവന്റെ രജതജൂബിലിയോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

23 ചെറിയവെള്ളിനെല്ലൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

24 ഇത്തിത്താനം സെന്റ് ജോസഫ് ഇടവകയിൽ ഭവനത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. കൂവപ്പള്ളി സെന്റ് ജോസഫ് പള്ളിയിൽ പുല്ലാട്ട് തോമസ്- പാറപ്പുറത്ത് ആൻമേരി എന്നിവരുടെ വിവാഹം ആശീർവദിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലിത്തൻ പള്ളിയിൽ വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

25 അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാന

യർപ്പിച്ചു. നവീകരിച്ച ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിന്റെ ആശീർവാദകർമത്തിൽ പങ്കുചേർന്നു. കുടമാളൂർ അൽഫോൺസാ അഭയ ഭവനിൽ രജതജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

26 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി നവമി ഹാളിൽ ചങ്ങനാശേരി അതിരൂപത ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട യൂദിത്ത്-നവോമി ഫോറം വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. പുളികുന്ന് കാഞ്ചിക്കൽ ഭവനത്തിൽ കല്യാൺ രൂപത മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ തോമസ് ഇലവനാൽ പിതാവിന്റെയും സഹോദരൻ ഫാ. സഖറിയാസ് ഇലവനാൽ അച്ചന്റെയും പൗരോഹിത്യസ്വീകരണസുവർണ്ണജൂബിലി ആഘോഷത്തിൽ ആശംസപ്രസംഗം നടത്തി. ചൂങ്കപ്പാറ ചെറുപുഷ്പം പള്ളിയിൽ 17-ാമത് ഐക്യക്രിസ്തിയ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

❑

Mar Thomas Tharayil
Metropolitan of Changanacherry

ENGAGEMENTS | FEBRUARY 2026

01	06:30 am	Holy *Qurbana* @ Thirumala
	07:00 pm	Forane Priests' Conference @ Trivandrum
02	06:30 am	Holy *Qurbana*: New Priests Get- Together @ Archbishop House
03	11:00 am	Silver Jubilee: Mar Mathew Arackal @ Cathedral, Kanjirapally
03 - 10		CBCI Meeting @ Bangalore
11	07:15 am	Message : ASMI Synaxis @ Cheeranchira
	08:30 am	*Curia*
	02:30 pm	Jubilee : Special School @ Chunkappara
	04:30 pm	Syriac Holy *Qurbana* @ Mammood
12	07:00 am-04:00pm	Regents' Get- Together @ Peerumedu
	06:00 pm	Parish Day @ Kottayam
13	06:15 am	Holy *Qurbana* @ Pacha
	08:30 am	*Curia*
	02:30 am	Visitors
	05:00 pm	Teachers Guild *Prethinidhi Sammelanam* @ Kunnamthanam
14	10:00 am	Teachers Guild State Meeting @ Kavukattu Hall, SB College
	02:00 pm	Corporate Teacher's Get-Together @ Kavukattu Hall, SB College
	02:30 pm	Vestition: Savina Congregation @ Thrickodithanam
15	10:00 am	Centenary @ Ayiroor
	02:30 pm	Nasrani Family Fraternity Meet @ Archbishop House
	07:00 pm	Parish Day Celebration @ Thuruthy
16		Engaged
17		New Priests' Get- Together @ Peerumedu
18-22		Archeparchial Bible Convention @ SB College
18	08:30 am	*Curia*
	11:00 am	Farewell Meeting @ SB College

19	02:00 pm	Message @ Potta Convention
20	07:00 am	Requiem *Qurbana*: Departed Archeparchial Priests @ Cathedral
	08:30 am	*Curia*
	11:00 am	Berchmans Award Distribution @ SB College
	12:00 pm	Message: Senior Citizens' Get- Together @ SB College
	02:30 pm	Visitors
21	10:00 am	Sunday School Teachers' Get- Together @ SB College
	02:30 pm	Archbishop Powathil Foundation Inauguration @ Media Village
22	04:30 pm	Holy *Qurbana* @ Bible Convention
23		Engaged
24	02:30 pm	Management Board Meeting @ SB College
25	08:30 am	*Curia*
	11:00 am	Priests' Ongoing Formation: 1979-2001 Batch @ Kunnamthanam
	02:30 pm	Visitors
	06:45 pm	Class @ Niranam Seminary
26	11:00 am	Farewell Meeting @ Assumption College
26 – 28		Bahrain Visit

FR. SECRETARY- 8078088468

❑

ENGAGEMENTS | FEBRUARY 2026

Mar Joseph Perumthottam
Metropolitan Emeritus of Changanacherry

01	02:30 pm	KLM Community Empowerment Year Inauguration @ Sacred Heart Church, Chethipuzha
	04:30 pm	*Thirunal* Holy *Qurbana* @ St Mary's Church, Vadakkekara
02	10:00 am	Benedictory Address: Inauguration of the Chair of the Peshitta Bible Studies @ St Thomas Apostolic Seminary, Vadavathoor
04	06:00 pm	Interactive Session: New Priest's Course @ Pastoral Centre, Changanacherry
06	05:00 pm	*Thirunal* Holy *Qurbana* @ St Sebastian's Church, Chanjody
07	05:00 am	*Thirunal* Holy *Qurbana* @ St Joseph's Church, Laikadu
08	04:00 pm	Centenary Conclusion Meeting @ Lourdes Matha Church, Ayroor
09	10:30 am	Requiem Holy *Qurbana* @ Little Flower Church, Madappally
11	04:00 pm	Ramsa, *Kurishadi* Blessing @ St Mary's Church, Mundupalam
12	06:30 am	*Thirunal* Holy *Qurbana* @ Lourdes Matha Church, Pacha-Chekkidikkad
	04:00 pm	Holy *Qurbana*: Parish Day @ Lourdes Forane Church, Kottayam
13	06:30 am	Holy *Qurbana* @ Beth Thoma Dayara, Palamattom
13-14		Class @ Mar Thoma Sleeha Dayara, Nallathanny
15	05:00 pm	*Thirunal* Holy *Qurbana,* Presbytery Blessing @Assumption Church, Eravinalloor
21	02:00 pm	Inauguration of Archbishop Joseph Powathil Foundation @ Media Village, Changanacherry
	04:00 pm	Holy *Qurbana*: Bible Convention @ St Berchmans College, Changanacherry
20	06:30 am	Holy *Qurbana* @ Beth Thoma Dayara, Palamattom
27	06:30 am	Holy *Qurbana* @ Beth Thoma Dayara, Palamattom

FR. SECRETARY- 9447507393

❑

നവവൈദികർക്ക് അതിരൂപതാകുടുംബത്തിന്റെ പ്രാർഥനാശംസകൾ

ഫാ. നമ്പിയത്ത് ആന്റണി

ഫാ. പ്ലാക്കാലിൽ ജോസഫ്

ഫാ. പടമറ്റം ജേക്കബ്

ഫാ. പുത്തൻപറമ്പിൽ ജോൺ

ഫാ. പുന്നിച്ചിറ തോമസ്

ഫാ. കുളങ്ങോട്ടിൽ ജോസഫ്

ഫാ. കഴുന്നുകണ്ടത്തിൽ ജോസഫ്

ഫാ. തുണ്ടിയിൽ ജോൺ

ഫാ. കൊടിയന്തറ വർഗീസ്

ഫാ. മഠത്തിശ്ശേരി ജോസഫ്

ഫാ. അഴീപ്പറമ്പിൽ ചെറിയാൻ

ഫാ. പുന്നൂർപുത്തൻപറമ്പിൽ ജോർജ്

ഫാ. നീളപ്പറമ്പിൽ മാർട്ടിൻ

ഫാ. തെങ്ങംപള്ളിൽ തോമസ്

ഫാ. തേവർകാട് തോമസ്

VEDAPRACHARA MADHYASTAN VOL.98 No.08 2026 February
Date of Publication: 31-01-2026
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment Posted at Changanacherry sorting on the last day of every month

Rs 25/-

Estd. 1928 Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.
sjopresschry@gmail.com www.archdiocesechanganacherry.org